അശോകവനികാങ്കം

(ആട്ടപ്രകാരം)

കേരള സർവകലാശാല
പ്രസിദ്ധീകരണവിഭാഗത്തിൽനിന്നും
പുനഃപ്രസാധനം ചെയ്യുന്നത്

തിരുവനന്തപുരം.

1968 മാർച്ച്

KERALA UNIVERSITY

MALAYALAM SERIES No. 95

AŚŌKA VANIKĀṄKAM

ĀṬṬAPRAKĀRAM

Edited by

Śūranāṭṭu Kunjan Pillai, M. A.

HONORARY DIRECTOR, MANUSCRIPTS LIBRARY,

TRIVANDRUM

1957 / 1132

Price Rs. 1.25

ഭാഷാഗ്രന്ഥാവലി-അങ്കം 95

അശോകവനികാങ്കം

(ആട്ടപ്രകാരം)

പ്രസാധകൻ

ശൂരനാട്ടു കുഞ്ഞൻ പിള്ള എം. ഏ.
ആണററി ഡയറക്ററർ

ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം

 വില രൂ. 1 പൈ. 25]

ഒന്നാം പതിപ്പ് 1964
രണ്ടാം പതിപ്പ് 1968

അശോകവനികാങ്കം

അവതാരിക

കൂത്ത്, കൂടിയാട്ടം തുടങ്ങിയ വിശിഷ്ടങ്ങളായ അഭിനയ കലകളെ പോഷിപ്പിച്ച പഴയകാലത്തിന്റെ ഒരു മികച്ച നേട്ടമാണ് ആട്ടപ്രകാരം എന്ന സാഹിത്യവിഭാഗം. സംസ്കൃത നാടകങ്ങളും മററും ധാരാളമായി രംഗപ്രദൎശനം ചെയ്തിരുന്ന ആ കാലങ്ങളിൽ അഭിനയം വലിയ ഒരു വിദ്യയായി വളൎന്നിരുന്നു. അതിനാൽ അഭിനയിക്കുന്ന രീതികളെപ്പററി ശരിയായ ശിക്ഷണം കൊടുക്കേണ്ടതു് ആവശ്യമായി വന്നു. അന്നത്തെ അഭിനയത്തിന്റെ സ്വഭാവവും ഇത്തരം ശിക്ഷണം അപരിഹാൎയ്യമെന്നു് വരുത്തിയിരുന്നു. നാടകങ്ങൾ പരിമിതമായ സമയത്തിനുള്ളിൽ പ്രദർശിപ്പിച്ചു് വിരമിക്കുകയല്ലായിരുന്നു അന്നത്തെ രീതി. എത്രകണ്ടു് നീട്ടി വ്യാഖ്യാനിക്കയും അഭിനയിക്കയും ചെയ്യാമോ അത്രകണ്ടു് അഭിനയം മെച്ചമാകും എന്നായിരുന്നു അന്നത്തെ ആശയഗതി. സുഭദ്രാധനഞ്ജയം നാടകത്തിന്റെ ഒന്നാം അങ്കം പതിനൊന്നു ദിവസംകൊണ്ടാണു് ആടിത്തീക്കുന്നതു് എന്നു പറയുമ്പോൾ ഈ അംശം വ്യക്തമാകുമല്ലോ. അഭിനയിക്കുന്ന നാടകത്തിലുള്ള ഓരോ പദ്യവും ഓരോ വാക്യവും രംഗത്തിൽ വ്യാഖാനിച്ചു ഫലിപ്പിക്കാൻ ധാരാളം സമയം വേണ്ടിയിരുന്നു. എന്നാൽ അഭിനയ സമ്പ്രദായത്തിന്റെ രസികതകൊണ്ടു് അത്തരത്തിലുള്ള ദീൎഘമായ അഭിനയം ഒട്ടും അരോചകമായി ഭവിച്ചില്ല; നേരേമറിച്ചു് അതു് രംഗവാസികളെ വേണ്ടവിധം രസിപ്പിക്കാൻ പ്രയോജനപ്പെടുകയും ചെയ്തു.

മേൽപ്പുറത്തതിൽനിന്ന് അഭിനയത്തിൽ പതിപ്പിച്ചിരുന്ന ശ്രദ്ധ എത്രയെന്ന് വ്യക്തമാകുമല്ലോ. നാട്യവിദ്യയുടെ രഹസ്യങ്ങളെല്ലാം വേണ്ടപോലെ ധരിച്ച കലാകുശലന്മാരായിരുന്നു അന്ന് നാടകം അഭിനയിച്ചിരുന്നത്. എങ്കിലും ഓരോ നാടകവും അഭിനയിക്കുന്നതു് ഇന്ന തരത്തിൽ വേണമെന്ന് വിശദമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ ധാരാളമായും അക്കാലത്ത് ഉണ്ടാക്കിയിരുന്നു. ഇതിൽനിന്നും ഒരു കാര്യം മനസ്സിലാക്കാം. നടൻ സമർത്ഥനായിരുന്നാലും അഭിനയം അയാളുടെ മനോധർമ്മത്തിനു മാത്രം വിട്ടുകൊടുക്കാവുന്നതല്ല എന്ന് അന്ന് നിർബ്ബന്ധമുണ്ടായിരുന്നു. നാടകത്തിലെ ഒരോ പദ്യവും ഓരോ ഗദ്യഭാഗവും ഉച്ചരിക്കേണ്ടതു് എങ്ങനെയെന്നും വ്യാഖ്യാനിക്കേണ്ടതു് ഏതുവിധമാണെന്നും ഏതെല്ലാം ആംഗ്യങ്ങളും താളമേളങ്ങളും അഭിനയത്തിൻെറ വിജയത്തിനുവേണ്ടി പ്രയോഗിക്കണമെന്നും സംശയത്തിനു തീരെ വകയില്ലാത്തവിധത്തിൽ എഴുതിവയ്ക്കണമെന്ന് അന്നത്തെ നാട്യവിദ്യവിശാരദന്മാർ നിർബ്ബന്ധിച്ചു. അത്തരം ഒരു നിർബ്ബന്ധം ഇല്ലായിരുന്നെങ്കിൽ ഇന്നു നമുക്കു കിട്ടുന്നതുപോലെ അനേകം ആട്ടപ്രകാരഗ്രന്ഥങ്ങൾ എങ്ങനെ ഉണ്ടാകുമായിരുന്നു?

ആട്ടപ്രകാരം എന്നാൽ ആടാനുള്ള പ്രകാരമെന്നാണ് അർത്ഥം. ഇത്തരം ഗ്രന്ഥങ്ങൾ ഏതു കാലത്താണ് ആദ്യമായി ഉണ്ടായതു് എന്ന് ഖണ്ഡിച്ചുപറയാൻ നിവൃത്തിയില്ല. എങ്കിലും കുലശേഖരവർമ്മ എന്ന രാജാവും അദ്ദേഹത്തിൻെറ സദസ്യനായ തോലനും കൂടിയാണ് കൂടിയാട്ടത്തിന് പരിഷ്കാരങ്ങൾ വരുത്തിയതെന്ന് കരുതിവരുന്നു (കേ. സാ. ച. ഉള്ളൂർ– Vol. I. P. 136). തോലൻ തന്നെ ആട്ടപ്രകാരവും ക്രമദീപികയും ഉണ്ടാക്കിയെന്നും ആട്ടപ്രകാരത്തിൽ ഓരോ കഥാപാത്രവും മുദ്രകൾ കാണിച്ച് ആടേണ്ടുന്ന രീതിയാണ് കാണിച്ചിട്ടുള്ളതെന്നും

പ്രസ്താവിച്ചുകാണുന്നു. ക്രമദീപികയിൽ ഓരോ നാടകത്തിനും സന്ദർഭാനുസാരം ചേർക്കേണ്ട അവതാരിക, നടന്മാർ അഭിനയാവസരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിദൂഷകന്റെ ചടങ്ങുകൾ ഇവയെല്ലാം പ്രതിപാദിച്ചിരിക്കുന്നു. ഓരോ കഥാപാത്രവും ധരിക്കേണ്ട വേഷം, ഓരോ കഥാപാത്രവും രംഗപ്രവേശനം ചെയ്യുമ്പോൾ വേണ്ട താളമേളങ്ങൾ, ശ്ലോകങ്ങൾ, ചൊല്ലേണ്ട രാഗം ഇവയെപ്പററിയെല്ലാം നിർദ്ദേശങ്ങൾ ഇത്തരം ഗ്രന്ഥങ്ങളിൽ ഉണ്ടു് (കേ. സാ. ച. Vol. I. P. 138, കേ. ഭാ, സാ. ച. Vol. I. P. 61.)

പല നാടകങ്ങളുടെയും ആട്ടപ്രകാരങ്ങൾ താളിയോലഗ്രന്ഥരൂപത്തിൽ ഇരിക്കുന്നുണ്ടു്. ഇവ പല കാലങ്ങളിൽ ഉണ്ടായവയായിരിക്കണം. എങ്കിലും ഇവയുടെ കർത്താക്കന്മാരെപ്പററി ഒരു വിവരവും കിട്ടുന്നില്ല. മന്ത്രാങ്കം, മത്തവിലാസം, ശൂർപ്പണഖാങ്കം, അഷ്ടപദി, സംവരണം തുടങ്ങിയുള്ള ആട്ടപ്രകാരങ്ങളെപ്പററിയെല്ലാം ഇവിടെ സൂചിപ്പിക്കാവുന്നതാണു്.

കേരളീയമായ നടനവിദ്യയുടെ ചരിത്രത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഇത്തരം ആട്ടപ്രകാരങ്ങൾ സാഹിത്യചരിത്രവിദ്യാർത്ഥികൾക്കു് വിശേഷിച്ചും കൗതുകകരമായിക്കുമല്ലോ. ആ അഭിപ്രായത്തിലാണു് ഈ അശോകവനികാങ്കം ആട്ടപ്രകാരം ഇപ്പോൾ പ്രകാശിപ്പിക്കുന്നതു്. ഇത്തരം കൃതികളിൽ ഇതാണു് പൂർണ്ണരൂപത്തിൽ ആദ്യമായി വെളിച്ചം കാണുന്നതു് എന്നു തോന്നുന്നു. അതുകൊണ്ടു് ഈ പ്രസാധനത്തിന്റെ പ്രാധാന്യം വ്യക്തമാണല്ലോ.

അശോകവനികാങ്കം എന്ന പേരിൽനിന്നു് ഇതു് ഒരു നാടകത്തിന്റെ ഒരു അങ്കത്തെപ്പററിയാണു് എന്നു് സ്പഷ്ടമാണല്ലോ. കേരളീയനായ ശക്തിഭദ്രമഹാകവിയുടെ പ്രസിദ്ധ നാടകകൃതിയായ ആശ്ചര്യച്ചൂഡാമണിയിലെ അഞ്ചാമത്തേ അങ്കമാണു്

അശോകവനികാങ്കം. ആ അങ്കം അഭിനയിക്കേണ്ടതു് എങ്ങനെ യെന്നുള്ള വിശദമായ നിർദ്ദേശങ്ങളാണ് ഈ ആട്ടപ്രകാരത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. പതിമൂന്നു ദിവസംകൊണ്ടാണ് ഈ അങ്കത്തിന്റെ അഭിനയം പൂർത്തിയാക്കേണ്ടതെന്നു് ഈ ആട്ട പ്രകാരത്തിൽനിന്നു കാണാവുന്നതാണ്.

എത്ര തന്മയത്വത്തോടെയാണു് അഭിനയം സാധിക്കേണ്ട തെന്നു് ഇതിലെ നിർദ്ദേശങ്ങൾ വെളിപ്പെടുത്തും. കഥ നടക്കു ന്നതായി തോന്നത്തക്കവണ്ണം രംഗത്തിൽ അഭിനയംകൊണ്ടും വാക്കുകൾകൊണ്ടും പ്രദർശനം നടത്തുകയാണ് ഈ നിർദ്ദേശങ്ങളുടെ സാഫല്യം. അഭിനയവിദ്യയ്ക്കു് കേരളം ഈ വഴിക്കു് എന്തൊരു വലിയ സംഭാവനയാണ് നില്കിയിട്ടുള്ളതു് !

മഹാകവി ഉള്ളൂർ പ്രാചീനഭാഷാഗദ്യകൃതികളെ പരിഗണി ച്ചിട്ടുള്ള കൂട്ടത്തിലാണ് അശോകവനികാങ്കത്തെപ്പററിയും പറ യുന്നതു്. പിൽക്കാലത്തെ ആട്ടപ്രകാരങ്ങൾക്കു് ഉദാഹരണമായിട്ടു് അശോകവനികാങ്കത്തെ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഈ ആട്ട പ്രകാരത്തിനു് അത്രവളരെ പഴക്കം അദ്ദേഹം കല്പിക്കുന്നില്ല എന്നു വേണം കരുതാൻ. എന്നാൽ ഏതു കാലത്താണ് ഈ കൃതി രചിച്ചതെന്നു അറിയാൻ നിവൃത്തിയില്ല. '1027-ാമാണ്ടു് വൃശ്ചിക മാസം 27-ാംനു എഴുതിത്തീന്ന പുസ്തകം' എന്നു ഗ്രന്ഥാവസാന ത്തിൽ കാണുന്നുണ്ടു്. ആ തീയതി ഈ ആട്ടപ്രകാരം നിർമ്മിച്ച കാലത്തെയാണോ പകത്തിയ കാലത്തേയാണോ സൂചിപ്പിക്കുന്നതു് എന്നു് വ്യക്തമായറിയാൻ നിവൃത്തിയില്ല. എങ്കിലും ഇതിന്റെ ഭാഷാരീതികൊണ്ടു് രണ്ടുമൂന്നു ശതവർഷത്തെ പഴക്കമുള്ളതായി കരുതാവുന്നതാണ്. അശോകവനികാങ്കത്തിലെ ഒരു ഭാഗം ഉദ്ധരി ച്ചിട്ടു് പ്രസ്തുത ഗദ്യത്തിനു് കൊല്ലം ഒമ്പതാം ശതകത്തിലധികം പഴക്കം ഉണ്ടെന്നു തോന്നുന്നില്ല എന്നാണ് മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ളതു് [കേ. സാ. ച. Vol. I. P. 275]

5589, L. 1207 എന്നീ രണ്ടു ഗ്രന്ഥമാതൃകകളെ ആസ്പദമാക്കിയാണ് ഈ പ്രസാധനം നടത്തിയിട്ടുള്ളത്. 5589-ാം നമ്പർ ഗ്രന്ഥത്തിൻെറ ഉടമസ്ഥൻ പെരുമനത്ത് കൊച്ചാമ്പിള്ളി മഠത്തിൽ രാമൻ നമ്പ്യാതിരി അവർകളും, L. 1207-ാം നമ്പർ ഗ്രന്ഥത്തിൻെറ ഉടമസ്ഥൻ പെരുമ്പിള്ളിശ്ശേരിയിൽ കിരാങ്ങാട്ടുമനയ്ക്കലെ നാരായണൻ നമ്പൂതിരിപ്പാട്ട് അവർകളുമാണ്.

ഈ ഗ്രന്ഥത്തിൻെറ പ്രസാധനവിഷയത്തിൽ ക്യൂറേറ്റർ ശ്രീ. കെ. എസ്സ്. മഹാദേവശാസ്ത്രികൾ, സീനിയർ പണ്ഡിതർ ശ്രീ. എം. മാധവൻ പിള്ള, പണ്ഡിതർ ശ്രീ. വി. ചന്ദ്രശേഖരൻ പിള്ള, പണ്ഡിതർ ശ്രീ. എൻ. ശ്രീധരൻ നായർ എന്നിവർ എന്നെ സഹായിച്ചിട്ടുണ്ട്.

തിരുവനന്തപുരം
30-3-1957

ശൂരനാട്ടു കുഞ്ഞൻപിള്ള
ആണറ റി ഡയറക്ടർ

അശോകവനികാങ്കം

(ഒരു ആട്ടപ്രകാരം)

[5589-ാം നമ്പർ ഗ്രന്ഥമാണ് ഈ പ്രസിദ്ധീകരണത്തിനു് ആലംബം. 'ആശ്ചര്യ ചൂഡാമണി'യിൽ നിന്നും ഉദ്ധരണികളും L 1207-ലെ പാഠ ഭേദങ്ങളും കുറിപ്പുകളായി ചേർത്തിരിക്കുന്നു.]

(ഒന്നാം ദിവസം)

അശോകവനികാങ്കം പുറപ്പാടിന്നു അഷ്ടമംഗല്യവും വെച്ചു മിഴാവ് ഒച്ചപ്പെടുത്തി[1] ഗോഷ്ഠി കൊട്ടി അരങ്ങു തളിച്ചു[2] യവനിക പിടിച്ചു മറയിൽ മുതൽ നടയാടി മുടിച്ചു് കളിയം വെച്ചു തിരിഞ്ഞാൽ വിളക്കത്തു താണു നിന്നു വഷ്വരന്റെ തലയിൽ കയ്യ് രണ്ടും വെച്ചു് മുഡ്ഡന്റെ സഹായിയിൽ യവനിക നീക്കിയാൽ ഗ്വ ഗ്വാ എന്നു ചൊല്ലുതും ചെയ്തു കുറഞ്ഞൊന്നു നിന്നു ഒരം കൊണ്ടു വിലക്കി–

---

1. "നടന്മാർ അണിയറയിൽ അണിഞ്ഞു കഴിഞ്ഞാൽ അവർ എല്ലാവരും കൂടി അവരുടെ കുലദൈവങ്ങളെയും നാട്യശാസ്ത്രകർത്താക്കന്മാരായ ആചാര്യന്മാരെയും പല ചടങ്ങുകളോടും കൂടി വന്ദിക്കുന്നു... ...ഈ ഇടയ്ക്കു നമ്പ്യാർ മിഴാവ് ഒച്ചപ്പെടുത്തുകയായി. അതിന്നു ശേഷം 'ഗോഷ്ഠികൊട്ടുക' എന്നൊരു ചടങ്ങാണ്. ഇതിന്നു നമ്പ്യാർ കൊട്ടുകയും നങ്യാർ അരങ്ങത്തു മുണ്ടിലിരുന്നു പാടുകയും, അവരുടെ സാങ്കേതികഭാഷയിൽ 'അക്കിത്ത' ചൊല്ലുകയുമാണ് ക്രിയ. ഇതിന്നു താളം, കാലം എന്നിതൊക്കെ നിശ്ചിതമാണ്. ഈ 'അക്കിത്ത' ഗണപതിയെയും സരസ്വതിയെയും ശിവനെയും സ്തുതിച്ചുള്ള വന്ദനമാകുന്നു... ... ...

ഈ ക്രിയ കഴിഞ്ഞാൽ നമ്പ്യാർ തററുടുത്തു വന്നു മൃദംഗപദത്തിങ്കൽ മിഴാവിന്റെ മുമ്പിൽ നിന്നു ശ്ലോകവും കഥാസാരവും (കഥയുടെ തമിഴ്) ചൊല്ലി 'അരങ്ങു തളിക്കുക' എന്ന ചടങ്ങു നടത്തും. ചൊല്ലുന്ന ശ്ലോകം അഭിനയിക്കാൻ പോകുന്ന അങ്കത്തിന്റെ സംക്ഷിപ്തകഥയെ സൂചിപ്പിക്കുന്നതും അങ്കത്തിലെ നായകനെക്കുറിച്ചു വന്ദനവും ആയിരിക്കണം...നായകൻ രാവണാദികളാണെങ്കിൽ, അരങ്ങുതളിക്കുള്ള ശ്ലോകം അവരുടെ വന്ദനയാവുക വയ്യ". ('കൂത്തും കൂടിയാട്ടവും', അമ്മാമൻ തമ്പുരാൻ, പുറം. 62) ടി അങ്കത്തിലെ നായകൻ രാവണനായതുകൊണ്ടു വന്ദനശ്ലോകമില്ല.

കന്ദർപ്പാതുരചേതസം നിജഗുണശ്ലാഘാപരം നിർദ്ദയം
നിന്ദന്തീ നിരപത്രപം ജളമതിം നക്തഞ്ചരാണാം പതിം
ധ്യായന്തീ ജഗതാം പതിം ജനദൃശാമാനന്ദമിന്ദീവര–
ശ്യാമം രാമമശേഷലോകജനനീ ദേവീ ശിവയാസ്തു വഃ

('ഇതു് അശോകവനികാങ്കത്തിൽ അരങ്ങുതളിപ്പാനുള്ള ശ്ലോകം' എന്നു ഗ്രന്ഥാവസാനത്തിൽ കാണുന്നു.)

2

'ചിന്താമന്തരചിന്തനീയ'[1] എന്ന ശ്ലോകം പാടിപ്പു. 'ചിന്താമന്തഃ' എന്നുള്ളതിന്നു ദൃഷ്ടി കൊണ്ടു വിചാരിക്കണം. 'ധത്തേ സൃജത്യായതാൻ നിശ്വാസാൻ' എന്നുള്ളതിന്നു ദീഘശ്വാസം കളയണം. 'അഥ ദൂയതേ' എന്നതിന്നു ദുഃഖം നടിക്കണം. 'പരിമൃശത്യാപീനദീഘാൻ ഭുജാൻ' എന്നുള്ളതിന്നു വിജൃംഭണം കാട്ടണം. 'ഭ്രുയ: കമ്പയതേ ശിരാംസി' എന്നതിന്നു ശിരസ്സു എളക്കണം. 'ഹസതി' എന്നതിന്നു ചിരിക്കണം. 'ന്യസ്ത പ്രമോദാങ്കുര'ഃ എന്നതിന്നു സന്തോഷം നടിക്കണം. ശേഷത്തിന്നു ദുഃഖം ഭാവിച്ചുകൊള്ളണം.

പിന്നെ വഷവരനെ നീക്കി ജനകരാജപുത്രിയായിരിക്കുന്ന സീതേടെ കേശാദിപാദമാടി കാമശരം കൊണ്ടു മുറുകുമ്പോൾ ചന്ദ്രരശ്മിയും മന്ദവായുവും എടകലൎന്നു തട്ടുന്ന പ്രകാരം കാട്ടി സങ്കടത്തോടു കൂടെ ചന്ദ്രനെ നോക്കി വിചാരിപ്പു—
'ഇവൻ ചന്ദ്രനല്ല പിന്നെ ആരാണ്, ആദിത്യനാണ്.' എന്നു കാട്ടി കോപിച്ചു തുടയുമ്മൽ അടിച്ചു പ്രാവേശികം കാട്ടു.

അതു കഴിഞ്ഞാൽ വെലക്കി 'വഷവര'[2] മയാ ചിരം. എന്ന

---

1. "ചിന്താമന്തരചിന്തനീയവിഭവാം ധത്തേ സൃജത്യായതാൻ /
നിശ്ശ്വാസാനഥ ദൂയതേ പരിമൃശത്യാപീനദീർഘാൻ ഭുജാൻ
ഭ്രുയഃ കമ്പയതേ ശിരാംസി ഹസതി ന്യസ്തപ്രമോദാങ്കുരോ
വൈദേഹീ വിമുഖീതി ദീപ്തമദനസ്താപേന ലങ്കേശ്വരഃ.

("അശോകവനികാങ്കത്തിൽ പ്രവേശിക്കുന്ന രാവണന്റെ സ്ഥായിഭാവം അഭിനയിക്കുവാനുള്ള ആലംബമാണ്, 'ചിന്താമന്തഃ' എന്ന പദ്യം. നങ്ങിയാരാണ് അതു ചൊല്ലുവാൻ. ഇത്തരം ശ്ലോകങ്ങൾക്ക് 'ആളാമ' ശ്ലോകമെന്നാണ് ചാക്യാന്മാരുടെ ഭാഷ. അതു ഏതിലുള്ളതാണെന്ന് മനസ്സിലായിട്ടില്ല........." എന്ന പദ്യത്തിന്റെ പൂർണ്ണരൂപം എഴതി അയച്ച ശ്രീ. കെ. പി. നാരായണപ്പിഷാരടി അറിയിക്കുന്നു.)

2. പ്രകൃതത്തിൽ ആദ്യമായി പ്രവേശിക്കുന്ന നടൻ നായകനായ രാവണനാണ്. കൂടിയാട്ടത്തിനു നിശ്ചയിച്ചിരിക്കുന്ന അങ്കത്തിൽ നായകൻ ആദ്യം പറയുന്ന ഭാഗം (പദ്യമായാലും ഗദ്യമായാലും) ചൊല്ലി അഭിനയിക്കണം.

"തതഃ പ്രവിശതി കാമയഥാനാവസ്ഥഃ സപരിവാരോ രാവണഃ"

ഇങ്ങനെയാണ് രാവണൻ ആ അങ്കത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നതു്. രാവണൻ വഷവരനോടു പറയുന്നു:—

"വഷവര, മയാ ചിരാന്നിർവാസിതസ്യ ദിവാകരസ്യ ലങ്കായാം കഃ പ്രസംഗഃ? ത്രുണ്ണമാഹ്വയതാമമാത്യശ്ചിത്രയോധി" !

ഇവിടെ കൂടിയാടുന്നതിനു നിശ്ചയിച്ചിരിക്കുന്നതു് 'ആശ്ചര്യചൂഡാമണി'യിലെ അഞ്ചാമങ്കമാണ്.

ഗ്രന്ഥം 'ലങ്കായാം കഃ പ്രസംഗഃ' എന്നെടത്തോളം വീരതക്കനിൽ ചൊല്ലി പിന്നെ അതിൻെറ കയ്യ് ഒരിക്കൽ കാട്ടിക്കഴിഞ്ഞാൽ അന്വയം—

'വഷവര, ദിവാകരസ്യ ലങ്കായാം കഃ പ്രസംഗഃ' – അല്ലേ വഷവരൻ, ആദിത്യൻ ലങ്കയിങ്കൽ വരുവാൻ സംഗതി ഇല്ല.

'അതു എന്തു, ആദിത്യൻ എങ്ങനെ ഉള്ളു' എന്നു കാട്ടി വെലക്കി—

'മയാ ചിരം നിവ്വാസിതസ്യ' — എൻെറ ഉദ്യാനവൃക്ഷങ്ങളെ ശോഷിപ്പിക്ക ഹേതുവായിട്ട വളരെക്കാലമായി ഇവിടെ നിന്നു ആട്ടിക്കളഞ്ഞിട്ട്—

അതു എങ്ങനെ—ഞാൻ സുഖമായിട്ട് ഇരിക്കുന്ന കാലത്തു് ഒരു ദിവസം പ്രഭാതസമയത്തിങ്കൽ എണീററു കുളിയും ദേവകാൎയ്യവും ഭക്ഷണവും കഴിച്ചു ആസ്ഥാനമണ്ഡപത്തിങ്കൽ ചെന്നു സിംഹാസനാരൂഢനായി കിരീടകടകാദ്യാഭരണഭൂഷിതനായി ഛത്രചാമര പരിവൃതനായി നാലു പുറവും രാക്ഷസർ വന്ദിപ്പതും ചെയ്തു ഇരിക്കുന്ന സമയത്തിങ്കൽ വിചാരിച്ചു—ഇന്നു് എന്തൊരു ക്രീഡ വേണ്ടു, വിചാരിച്ചു ഉദ്യാനത്തിങ്കൽ ചെന്നു ക്രീഡിക്ക തന്നെ.

അമാത്യന്മാരോടും കൂടെ പുറപ്പെട്ട ഉദ്യാനത്തിങ്കൽ ചെന്നു് അകത്തു കടന്നു വഴിപോലെ ചുഴലവും നോക്കിയ സമയത്തിങ്കൽ കണ്ടു വൃക്ഷങ്ങൾ ആസകലം ശോഷിച്ചു വശായിരിക്കുന്നതു.

കഷ്ടം! അല്ലേ ഉദ്യാനപാലകന്മാര, ഈ വൃക്ഷങ്ങൾ ഏററവും ശോഷിച്ചു വശമായല്ലോ. കഷ്ടം! നിങ്ങൾ വഴിപോലെ രക്ഷിക്കാറില്ലേ്യ?

പിന്നെ ഉദ്യാനപാലന്മാരുടെ സ്ഥായിയിൽ നിന്നു് — 'അല്ലേ സ്വാമിൻ, ഞങ്ങൾ എല്ലായ്പ്പോഴും വഴിപോലെ രക്ഷിക്കുന്നു. തടങ്ങളിൽ നിന്നു വെള്ളം ഒരിക്കൽ പോലും വേറിടാറില്ല. അങ്ങുന്നു വഴിപോലെ കണ്ടാലും.'

പിന്നെ രാവണനായിട്ടു—വഴിപോലെ നോക്കി, 'ഈ വൃക്ഷങ്ങൾ ശോഷിപ്പാൻ സംഗതി എന്താണ?' വിചാരിച്ചു മേൽപ്പെട്ടു നോക്കിയ സമയത്തിങ്കൽ കണ്ടു ആദിത്യനെ.

'ഇവനാണ്' വൃക്ഷങ്ങളെ ശോഷിപ്പിച്ചതു, എന്നാൽ കണ്ടോളു, ഇവനെ നിഗ്രഹിക്ക തന്നെ' എന്നു കാട്ടി വാളുമായിട്ടു ആദിത്യൻെറ നേരെ ഓടിച്ചെല്ലും. ആ സമയത്തിങ്കൽ, 'കണ്ടു ആദിത്യൻ ഭയപ്പെട്ടു പോന്നുവന്നു കാക്കൽ വീഴുന്നതു'' എന്നുകാട്ടി, പിന്നെ ആദിത്യനായിട്ട് — നെലത്തോട്ടു പറെറത്താണു[1]— 'അല്ലേ സ്വാമിൻ, രക്ഷിക്കണേ, (രക്ഷിക്കണേ') എന്നു[2] പറഞ്ഞു കാല്പ പിടിച്ചു.

ആ സമയത്തിങ്കൽ രാവണൻെറ സ്ഥായിയായിട്ടു-കോപഭാവത്തോടുകൂടെ ആദിത്യനെ നോക്കി—'അല്ലേ, ആദിത്യൻ, നീയ് ഇന്നു തുടങ്ങി ഇവിടെ വരികയും ഇല്ല, ലങ്കയ്ക്കു നേരേ ഉദിക്കയും ഇല്ല; എന്നിവണ്ണം എൻെറ കാല്പ തൊട്ടു പറ'.

പിന്നെ ആദിത്യനായിട്ടു — 'അല്ലേ, സ്വാമിൻ, ഞാൻ ഇന്നു തുടങ്ങി ഇവിടെ വരികയും ഇല്ല, ലങ്കയ്ക്കു നേരെ ഉദിക്കയും ഇല്ല. അങ്ങേ പാദങ്ങളാണാ[3] സത്യം' എന്നിവണ്ണം പറഞ്ഞു.

പിന്നെ രാവണനായിട്ടു — ആദിത്യനെ പുറങ്കാല്പകൊണ്ടു തട്ടിക്കളെയുന്ന ഭാവം കാട്ടു.

ഈവണ്ണം വളരെക്കാലമായി ഇവിടെ നിന്നു ആട്ടിക്കളഞ്ഞിട്ട്; ഈവണ്ണമിരിക്കുന്ന ആദിത്യൻ ഇവിടെ വരുവാൻ സംഗതി ഇല്ല.

പിന്നെ[4] തക്കൻ മൂർച്ഛിച്ച രാഗത്തിൽ 'വഷിവര' എന്നു തുടങ്ങി, 'പ്രസംഗഃ', എന്നൊടത്തോളം. 'എന്നാൽ കണ്ടോളു, ഇവനെ നിഗ്രഹിക്കതന്നെ.' വാളുമായിട്ട് ആദിത്യൻെറ നേരേ ഓടിച്ചെല്ലും. പിന്നെ വിചാരിച്ച്— 'ഇവനെ നിഗ്രഹിപ്പാൻ വഴിപോലെ വിചാരിച്ചിട്ടു വേണം' എന്നു കാട്ടി വെലക്കി—

---

1. പററി.
2. ' എന്നു പറഞ്ഞു കാല്പപിടിച്ചു ' എന്നഭാഗം ഇല്ല.
3. പാദത്താണ
4. 'പിന്നെ ... എന്നൊടത്തോളം' ഈ ഭാഗം ഇല്ല.

'തക്കൻ, മുഡ്ഡൻ, വീരതക്കൻ' ഇവയെല്ലാം രാഗങ്ങളാണ്.

'ശുണ്ഠമാഹ്വയതാമമാത്യശ്ചിത്രയോധി'[1]-- അല്ലേ വർഷവരൻ, നിയ്യ് ചിത്രയോധിയാകുന്ന അമാത്യനെ വേഗം കൂട്ടിക്കൊണ്ടു വന്നാലും.

'ശുണ്ഠമാഹ്വയതാമമാത്യശ്ചിത്രയോധി' എന്ന് ഒരിയ്ക്കൽ കൂടെ ചൊല്ലു.

പിന്നെ വർഷവരൻെറ ഗ്രന്ഥവും ശ്ലോകവും മൂടി ചൊല്ലി ക്കഴിഞ്ഞാൽ—

'വർഷവര കിം വിളംബസേ'[2]— അല്ലേ വർഷവരൻ' നിയ്യ് പോകാതെ താമസിച്ചു നില്ക്കുന്നതു് എന്താണ്" എന്നു കാട്ടി ഒരിക്കൽ കൂടെ ചൊല്ലിയാൽ—

പിന്നെ വർഷവരൻ— 'യദാജ്ഞാപയതിദേവ':[3] എന്ന വർഷവരൻെറ ഗ്രന്ഥം കേട്ടാടി 'വർഷവരൻ പോയി' എന്നു കാട്ടിക്കഴിയോളം തക്കൻെറ സ്ഥായിയിൽ.

---

1. വർഷവര:- (ആത്മഗതം) അഹോ ന ഖലു സ്വാമിനോ മഹാൻ മദനോന്മാദ:

    യദേഷ ദോഷാതനമീക്ഷണാനാ—
    മാനന്ദമാന്ദോളിതസാഗരോർമിം
    ന വേദ ശീതാംശുമപി സ്പൃശന്തം
    തുഷാരനിഷ്യന്ദസുഖൈർമയൂഖൈഃ

    (അങ്കം 5. ശ്ലോ : 2)

2. രാവണ:—കിം വിളംബസേ 1

    (5-ാം അങ്കം. 2-ാം ശ്ലോകം കഴിഞ്ഞു്)

3. വർഷവര:— യദാജ്ഞാപയതി ദേവഃ 1 (ആത്മഗതം)നഖലുവ്യാധേരീദൃശസ്യ ഭിഷജോ മന്ത്രിണഃ 1 (നിഷ്ക്രാന്ത:) (5-ാം അങ്കം രണ്ടാം ശ്ലോകംകഴിഞ്ഞു്)

പിന്നെ മുഡ്ഡൻ അനുസരിച്ച്[1]–ചന്ദ്രനെ പലപ്രകാരത്തിൽ സൂക്ഷിച്ചുനോക്കി കളങ്കം കണ്ടു ചന്ദ്രനെന്നറിഞ്ഞു ലജ്ജാഭാവം നടിച്ച് വെലക്കി, 'ന ഭാനുരേഷ:,[2] മയാ, എന്നടത്തോളം[3] ശ്രീ കാമരത്തിൽ, പിന്നെ ശേഷത്തിൻെറ കൈ കാട്ടി, ശ്ലോകത്തിൻെറ[4] കൈ കാട്ടി—'ന ഭാനുരേഷ:,[5] മയാ' എന്നു ഒരിക്കൽക്കൂടി ചൊല്ലി, ചെറിയക്കം വലിയക്കം തുടങ്ങി ക്രിയ മുഴുവൻ[6] ആടി കൂത്തു കഴിപ്പൂ.

(രണ്ടാം ദിവസം)

പിറെറന്നാൾ പുറപ്പെട്ട് മിഴാവണക്കൽ[7] ആഭിവാദ്യം ചെയ്തു മൂന്നാന്തളത്തിൽ പുറപ്പെട്ടു വിളക്കത്തു താണു നിന്ന് സഭാനിരീക്ഷണം ചെയ്തു പീഠത്തിന്മേലിരുന്ന് അഭിവാദ്യവും സഭാനിരീക്ഷണവും കഴിച്ച് കമലപരിവർദ്ധനം ചെയ്തു തൊഴുത് അനുക്രമമാടു —

---

1. 'മുഡ്ഡൻ അനുസരിച്ച്' ഈ ഭാഗം ഇല്ല.

2. രാവണ: (വിചാരയൻ നിരൂപ്യ) ന ഭാനുരേഷ: മയാ ദത്താഭയശ്ചന്ദ്രമാ: (അങ്കം 5. രണ്ടാം ശ്ലോകം കഴിഞ്ഞു്)

3. 'എന്നു ചൊല്ലി അതിൻെറ അർത്ഥമാടി' പിന്നെ ഒരിക്കൽ ചൊല്ലി ശേഷത്തിൻെറ അർത്ഥം കാട്ടി ശ്ലോകത്തിൻെറ കൈ കാട്ടി—

4. ആതപത്യവിദ്രുഷാമമൃതാംശു—
മംശുമന്തമപി രശ്മിസഹസ്രേ!
രാഗിണാം ഭവതി ലക്ഷണമിന്ദോ—
രിന്ദ്രനീലശകലച്ഛവിലക്ഷ്മ.

5 'ന ഭാനുരേഷ:' എന്ന ഭാഗമില്ല. (അങ്കം 3. ശ്ലോ:)

6. "നടൻെറ ഈ അഭിനയത്തിനുശേഷം മംഗളക്രിയയായി ഓരോ വേഷത്തിന്നും അല്ലാല്ലഭേദഗതികളോടു കൂടി കുറെ സാധാരണക്രിയകളും ചില പ്രത്യേക ക്രിയകളും ഉണ്ട്. ക്രിയകൾ അസംഖ്യമാണ്. എല്ലാംഈശ്വരവന്ദനപരവുമാണ്. ഇതിൽ നമ്പ്യാർ കൊട്ടും, നങ്ങ്യാർപാട്ടും (ഈ പാട്ടിന്നു് ഈ മംഗളക്രിയയുടെ 'അക്കിത്ത' എന്നാണു പറയുക). ചാക്യാർ നൃത്തം ചെയ്യും, ഇന്ദ്രാദിദിക്പാലകന്മാരെ വന്ദിച്ച്, ഒടുക്കത്തെ ദിക്പാലകനായ ശിവനെപ്പിടിച്ച് അവസാനം വിഷ്ണുവിങ്കൽ നിർത്തുകയാണ് ഈ അക്കിത്തയുടെ സാധാരണരീതി". ('കൂത്തും കൂടിയാട്ടവും— പുറം 74) 7. മിഴാവിണക്കൽ

എങ്കിലോ പണ്ടു പുലസ്ത്യവംശസംഭൃതനായിരിക്കുന്ന രാവണൻ ചന്ദ്രനെ കണ്ടു് ആദിത്യൻ എന്നിവണ്ണം വിചാരിച്ചു നിന്ന പ്രകാരം എങ്ങനെ; അതിനുമുന്നമേ രാവണൻ സീതേ കാമാ- നായിക്കൊണ്ടു പുറപ്പെട്ട പ്രകാരമെങ്ങനെ; അതിനു മുന്നമേ രാവണൻ സീതേ അശോകവനികോദ്യാനത്തിങ്കൽ ശിംശപാവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുത്തിയ പ്രകാരമെങ്ങനെ; അതിന്നുമുന്നമേ രാവണൻ സീതേ അപഹരിച്ചു തേരിൽ കയററി കൊണ്ടു പോകുന്ന വഴി തടുത്ത ജടായുന്റെ ചെറകു് വെട്ടി ഇട്ടു സമുദ്രം കടന്നു ലങ്കയിങ്കൽ വന്ന പ്രകാരമെങ്ങനെ; അതിന്നു മുന്നമേ രാവണൻ മായാരാമന്റെ ശ്രുപത്തെ ധരിച്ചു് സീതേ തേരിൽ കരേററി കൊണ്ടു പുറപ്പെട്ടവാറു[1] എങ്ങനെ; അതിന്നുമുന്നമേ രാവണൻ ലങ്കയിങ്കൽ നിന്നു സൂതനോടും ശൂർപ്പണഖയോടും കൂടെ തേരിൽ കയറി പുറപ്പെട്ടപ്രകാരം എങ്ങനെ; ഒക്കെയും ഇങ്ങനെ എന്നു കാട്ടിക്കഴിച്ചു കമലപരിവർദ്ധനം ഇട്ടു തൊഴുതു് സംക്ഷേപമാട്ട.

എങ്കിലോ പണ്ടു പുലസ്ത്യവംശസംഭൃതനായിരിക്കുന്ന രാവണൻ ലങ്കയിങ്കൽ സൈ്വരമാകുംവണ്ണം അധിവസിക്കുന്ന കാലത്തു് ഒരു ദിവസം രാക്ഷസപ്പടയോടും കൂടെ നാഗയുദ്ധത്തിന്നായിക്കൊണ്ടു

സീതയെ. സീതയെ. സീതയെ. സീതയെ.

1. "അതിന്നു മുന്നമേ രാവണൻ സൂതനോടും ശൂർപ്പണഖയോടും കൂടെ രാമതപോവനത്തിൽ ചെന്ന പ്രകാരമെങ്ങനെ" ഈ ഭാഗം കൂടുതലായിട്ടുണ്ടു്.

യുദ്ധത്തിനായി

നോട്ട്:– ഈ ഗ്രന്ഥത്തിൽ "എങ്കിലോ പണ്ടു പുലസ്ത്യവംശസംഭൃതനായിരിക്കുന്ന രാവണൻ" എന്നു തുടങ്ങി–"രാമന്റെ കഴുത്തിൽ പിടിച്ചു തിരുമ്മി നിഗ്രഹിച്ചു്" എന്നു വരെയുള്ള ഭാഗം അല്പമായ വ്യത്യാസത്തോടുകൂടി ഉള്ളൂരിന്റെ കേ. സാ. ച. ഒന്നാംവാല്യം 274-275എന്നീ പേജുകളിലായി ഉദ്ധരിച്ചു കാണുന്നു.

പുറപ്പെട്ടു പാതാളത്തിങ്കൽ ചെന്നു നാഗത്തോന്നാഗമായിട്ടു യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ ശൂൎപ്പണഖേടെ ഭൎത്താവായിരിക്കുന്ന വിദ്യുജ്ജിഹ്വനെ അറിയാതെ വെട്ടി നിഗ്രഹിക്ക ഹേതുവായിട്ട് ദുഃഖിതയായി പുരോഭാഗത്തിങ്കൽ പതിതയായിരിക്കുന്ന ശൂൎപ്പണഖേടെ വാക്കുകളെ കേൾക്ക ഹേതുവായിട്ട്—

'അല്ലേ ശൂൎപ്പണഖേ, നിണക്കു ത്രൈലോക്യത്തിങ്കൽ ഏതൊരു പുരുഷനെ ആണ് ആഗ്രഹം അവനെ ഭൎത്താവായി വരിച്ചു കൊണ്ടാലും' എന്നീവണ്ണം പറഞ്ഞു് അവൾക്കു സഹായാൎത്ഥമായിട്ടു ഖരദൂഷണത്രിശിരസ്സുകളെയും പതിന്നാലായിരം രാക്ഷസരെയും അവളോടു കൂടെ നിയോഗിച്ച് സുഖമായിട്ടിരിക്കുന്ന കാലത്തു് കൎണ്ണനാസികാച്ഛേദനം ചെയ്കു ഹേതുവായിട്ട് വാവിട്ടലറുതും ചെയ്തു പുരോഭാഗത്തിങ്കൽ പതിതയായിരിക്കുന്ന ശൂൎപ്പണഖ പറഞ്ഞു് അവളുടെ വിരൂപകരണത്തെയും ഖരാദികളുടെ നിധനത്തെയും സീതേടെ സൗന്ദൎയ്യാതിശയത്തേയും കേട്ടതിൻെറ ശേഷം രാവണൻ സീതേടെ സൗന്ദൎയ്യാതിശയത്തെ കേട്ട് കാമപരവശനായി മാരീചാശ്രമത്തെ പ്രാപിച്ചു മാരീചനെ പൊന്മാനാക്കി നിയോഗിച്ച് ലങ്കയിങ്കൽ വന്നു് ഇരുന്നു.' എന്നു കാട്ടി സംക്ഷേപം കഴിച്ച്—

പിന്നെ ഉത്തരീയം കൈത്തണ്ടേന്മേലിട്ടു സീതേടെ പദ്മോപാംഗമാടി കാമശരം കൊണ്ടു മുറുകി സീതേ ആഗ്രഹം ഭാവിച്ച് വിചാരിച്ച്--

എന്നാൽ സീതേ കൊണ്ടുവരാനായിക്കൊണ്ടു പോക തന്നെ എന്നുകാട്ടി, പിന്നെ വഴിപോലെ കളിച്ചു തോൎത്തി ഈറൻ വിഴുത്തു

കട്ടമ്മ പിരിച്ചിട്ട്, കാലും മുഖവും കഴകി, ആചമനാദികളെക്കൊണ്ടു ദേഹശ്ശുദ്ധി വരുത്തി, ദേവകാൎയ്യവും ഭക്ഷണവും കഴിച്ച്, ആസ്ഥാന മണ്ഡപത്തിങ്കൽ ചെന്നു് സിംഹാസനാരൂഢനായി, തല വിടൎത്തു മേൽപ്പട്ടേയ്ക്കു തൎത്തുകെട്ടി കിരീടാദ്യാഭരണങ്ങളെക്കൊണ്ടു് അലങ്കരിച്ച് വെററിലയും അടയ്ക്കയും മേടിച്ചു തിന്നു കോളാമ്പിയിൽ തുപ്പി, കണ്ണാടി മേടിച്ചു നോക്കി സീതേ അനുരാഗം ഭാവിച്ച്—'എന്നാൽ സീതേ കൊണ്ടുവരാനായിക്കൊണ്ടു പോക തന്നെ' എന്നു കാട്ടി—

'അല്ലേ സൂതൻ, വേഗം തേരു കൊണ്ടുവന്നാലും' എന്നു കാട്ടി, പീഠത്തിന്മേൽ നിന്നു എഴുനീററു പീഠംനീക്കി ഇട്ടു ഉത്തരീയം അരയിൽ കെട്ടി പോയി നഖവും കെട്ടി ചാടി അരയും തലയും മുറുക്കി, ചന്ദ്രഹാസം തൊട്ടു തലയിൽ വച്ചു മേൽപ്പട്ടക്കു എറിഞ്ഞു പിടിച്ചു വിളക്കത്തു ചാടിനിന്നു്—'അല്ലേ, ശൂൎപ്പണഖേ, നിന്റു തേരിൽ കയറിയാലും' എന്നു കാട്ടി വലത്തോട്ടേയ്ക്കു തിരിഞ്ഞു നിന്നു് എടത്തോട്ടു നോക്കി—'എന്താണു ശൂൎപ്പണഖ തേരിൽ കയറിക്കഴിഞ്ഞു' എന്നു കാട്ടി, താനായിട്ടു തേരിൽക്കയറി, തേർപ്പെരു-മാററത്തിൽ നടന്നു തിരിഞ്ഞു്, വെളക്കത്തു താണുനിന്നു സീതേടെ പഞ്ചാംഗമാടി കാമശരം കൊള്ളുമ്പോൾ, സമീപത്തിങ്കൽ നില്ക്കുന്ന ശൂൎപ്പണഖയെ കണ്ട ഭാവം നടിച്ചു ലജ്ജാഭാവം നടിച്ചു-'ഇവളു് എന്റെ ചാപല്യങ്ങൾ ആസകലം കാണുതും ചെയ്തു സമീപത്തിങ്കൽ നില്ക്കുന്നു. വഷളു്. മററാരാനും കണ്ടിട്ടുണ്ടോവാൻ, എന്നു കാട്ടി, ചുഴലവും നോക്കി, കണ്ടു ദേവകളു് പരിഹസിക്കുന്നതു്.

'അല്ലേ ദേവകളു്, ക്ഷമിക്കിൻ' എന്നു കാട്ടി, അല്ലേ സൂതൻ വേഗം തേരു തെളിച്ചാലും' എന്നു കാട്ടി തേർപെരുമാററത്തിൽ നടന്നു തിരിഞ്ഞു് വിളക്കത്തു താണു നിന്നു സീതേടെ പഞ്ചാംഗമാടി

കാമശരം കൊള്ളുമ്പോൾ സമീപത്തിങ്കൽ നില്ക്കുന്ന ശൂൎപ്പണഖയെ കണ്ടു ലജ്ജാഭാവം തുടങ്ങി, ഒക്കെയും കാട്ടി. കണ്ടു ദേവകളു് പരിഹസിക്കുന്നതു്—

'അല്ലേ ദേവകളു്, ഞാൻ ഇതിൻെറ പ്രതിക്രിയ കാട്ടിത്തരുന്നുണ്ടു്' എന്നു കാട്ടി— 'അല്ലേ സൂതൻ, വേഗം തേരു തെളിച്ചാലും', എന്നു കാട്ടി, പിന്നെയും തേർപെരുമാററത്തിൽ നടന്നുതിരിഞ്ഞു വിളക്കത്തു താണുനിന്നു് സീതേടെ പഞ്ചാംഗം ആടി മുമ്പിലത്തേപ്പോലെ ഒക്കെയും കാട്ടി, ദേവകൾ പരിഹസിക്കുന്നതു കണ്ടിട്ടു്--

'അല്ലേ ദേവകൾ, ഞാൻ സീതേ പിടിച്ചുവലിച്ചു ലങ്കയിങ്കൽ കൊണ്ടുവന്നു വച്ചിട്ടു് ഇതിൻെറ പ്രതിക്രിയ കാട്ടിത്തരുന്നുണ്ടു്', എന്നു കാട്ടി, പിന്നെ എടത്തോട്ടുസ്സായിട്ടു്—'അല്ലേ സൂതൻ' വേഗം കുതിരകളെ തെളിച്ചാലും. അതു് എന്തു്—എൻെറ ഉടപ്പിറന്നവളായിരുന്ന ഇവളു് കൎണ്ണനാസികാച്ഛേദം ചെയ്ക ഹേതുവായിട്ടു് വളരെ സങ്കടമുണ്ടു്. അതിനെ കളഞ്ഞോട്ടെ.

'എൻെറ സഹജ' എന്നീവണ്ണം പറവാൻ സംഗതി എന്താണു്? കുംഭകൎണ്ണൻെറ സോദരിയായിരിക്കുന്ന ശൂൎപ്പണഖ എന്നും വിഭീഷണൻെറ സോദരിയായിരിക്കുന്ന ശൂൎപ്പണഖ എന്നും ആരും പറയാറുമില്ല. എല്ലാ ജനങ്ങളും രാവണൻെറ സോദരിയായിരിക്കുന്ന ശൂൎപ്പണഖ എന്നിവണ്ണമല്ലോ പറയുന്നതു്. അതുഹേതുവായിട്ടാണു് എൻെറ സോദരി എന്നീവണ്ണം പറഞ്ഞതു്. ഇവളു് എങ്ങിനെയുള്ളു:—ഞാൻ പൊണ്ണത്തടിയൻ ജീവിച്ചിരിക്കുന്ന സമയത്തിങ്കൽ ഒരു മാനുഷൻപൊക്കൽനിന്നു ഈവണ്ണം ഇരിക്കുന്ന ആപത്തിനെ അനുഭവിച്ചിരിപ്പൊരുത്തിയാണു്. കഷ്ടം! ഇന്നു് ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രനാണു് ഈവണ്ണം ചെയ്തതു് എങ്കിൽ വല്ലതുമാട്ടെ. പിന്നെ ദേവകളിൽ ഒരുത്തനാണു് ഈവണ്ണം ചെയ്തതു് എങ്കിലും വല്ലതുമാട്ടെ. അതു് ഒക്കയും അവിടെ ഇരിക്കട്ടെ. ഭൂമീങ്കൽ

ഏകച്ഛത്രാധിപതിയായിരിക്കുന്ന ഒരു രാജാവാണ് ഈവണ്ണം ചെയ്തതു് എങ്കിലും വല്ലതുമാട്ടെ. ഇവരു് ആരും അല്ല. വനപ്രദേശത്തിങ്കൽ ഇരുന്നു കാററും മഴയും ഹിമവും വെയിലും സഹിച്ചു കക്ഷപക്ഷാദികളും നീട്ടി ത്രിഷവണസ്നാനവും ചെയ്തു ഫലമൂലങ്ങള് ഭക്ഷിച്ചു ഇരിപ്പൊരു മാനുഷനാണ് ഈവണ്ണം ചെയ്തതു്. കഷ്ടം! ഇവളെ നിഗ്രഹിച്ചു എങ്കിൽ സങ്കടമില്ല. ഞാൻ എല്ലാപ്പോഴും കണ്ടോട്ടെ എന്നീവണ്ണം നിശ്ചയിച്ചിട്ടാണ് ഈവണ്ണം ചെയ്തതു്. എന്നാൽ ഞാൻ ഇപ്പോൾത്തന്നെ ചെന്നു് ആ രാമനെ നിഗ്രഹിച്ചു സീതേ അപഹരിച്ചുകൊണ്ടു പോരുന്നുണ്ടു്, അതു് എങ്ങനെ— ഞാൻ അരയും തലയും മുറുക്കി ചന്ദ്രഹാസം എട്ടുപ്പിളും ചെയ്തു രാമൻെറ സമീപത്തിങ്കൽ ചെന്നു രാമനെ യുദ്ധത്തിനായിക്കൊണ്ടു തട്ടി വിളിക്കും. ആ സമയത്തിങ്കൽ രാമൻ[1] അരയും തലയും മുറുക്കി വില്ലും കുലച്ചു ആവനാഴികയും കെട്ടി എൻെറ നേരെ യുദ്ധത്തിന്നായിക്കൊണ്ടു വരുന്നതു. കണ്ടിട്ടു് അസാരനായിരിക്കുന്ന മനുഷ്യനെ നിഗ്രഹിപ്പാൻ ആയുധം എന്തിനാണ്, എന്നു കാട്ടി വാളു വെച്ചു് രാമൻെറ സമീപത്തിങ്കൽ ചെന്നു കഴുത്തിൽ പിടിച്ചു തിരുമി കൊന്നുകളഞ്ഞിട്ടു്, സീതേടെ സമീപത്തിങ്കൽ ചെന്നു പിന്നെ താണു നിന്നു് മുഢ്ഢൻെറ സ്ഥായിയിൽ:—

'അല്ലേ സുന്ദരിയായുള്ളോവെ സീതേ, നിയ്യ് അസാരനായിരിക്കുന്ന രാമനെ വിചാരിച്ചു ദുഃഖിക്കേണ്ട. എന്നോടു കൂടെ ലങ്കയിങ്കൽ വന്നു സുഖമായിട്ടിരുന്നാലും. എന്നോടു കൂടെ ഇരിക്കുന്ന സമയത്തിങ്കൽ വളരെ സുഖങ്ങളെ അനുഭവിക്കാം നിൻെറ മനസ്സിൽ എന്താണ് ആഗ്രഹം അതിനെ ആസകലം സാധിപ്പിക്കുന്നുണ്ടു ഞാൻ.'

---

1. സമയത്തിങ്കൽ കണ്ടു രാമൻ

പിന്നെ മുഡ്ഢന്റെ സ്ഥായി വേണ്ടാ. സീതേടെ നേരെ സൂക്ഷിച്ചുനോക്കി 'എന്താണ്' വളരെ പറഞ്ഞിട്ടും ഏതും ഒരു ഏളക്കം ഇല്ല; എന്നാൽ കണ്ടോളൂ. സീതേടെ തലമുടി ചുററിപ്പിടിച്ചു വലിച്ചിഴച്ചുകൊണ്ടു പോരുന്നുണ്ട് ഈവണ്ണം ചെയ്യുന്നുണ്ട്[1] ആ സമയത്തിങ്കൽ ഇവളുടെ മനസ്സിലെ ദുഃഖം പോകും. അതു ഹേതുവായിട്ടു കുതിരകളെ തെളിച്ചാലും. പതുക്കെ തെളിച്ചാൽ പോരാ; വേഗം തെളിക്കണം.'

അതു് എന്തു്[2] —മുമ്പിൽ ഈ അവസ്ഥ എല്ലാ ജനങ്ങളും ഈവണ്ണം കേൾക്കണം.

'എടോ, രാവണൻ സീതേ അപഹരിച്ചുകൊണ്ടുപോയി. എടോ ഇതിനു[3] സംഗതി എന്താണ്?—ശൂർപ്പണഖേടെ കർണ്ണ-നാസികാച്ഛേദനം ചെയ്ത കാരണം' ഈവണ്ണം എല്ലാ ജനങ്ങളും കേൾക്കണം.

ശൂർപ്പണഖേടെ കർണ്ണനാസികാച്ഛേദനം ചെയ്ത ഹേതുവായിട്ട് രാവണൻ സീതേ അപഹരിച്ചു. എന്നീവണ്ണം ആരും പറയരുതു്. രാവണൻ സീതേ പിടിച്ചു വലിച്ചു കൊണ്ടുപോയി എന്നീവണ്ണം മുമ്പിൽ കേൾക്കണം. അതുഹേതുവായിട്ടു വേഗം കുതിരകളെ തെളിച്ചാലും; എന്നു കാട്ടി വിലക്കി ശ്ലോകംപാടിപ്പു. 'മയിജീവതി'[4].

പിന്നെ ശൂർപ്പണഖേടെ ഗ്രന്ഥം കേട്ടാട്ടു. എന്താണു ശൂർപ്പണഖ പറഞ്ഞതു.? —പിന്നെ ശൂർപ്പണഖേടെ ഭാവമായിട്ട് ആട്ടു:-

---

1. ചെയ്യുന്ന സമയത്തിങ്കൽ
2. എന്തു എല്ലാ ജനങ്ങളും ഈവണ്ണം കേൾക്കണം
3. അതിന്നു.
4. മയി ജീവതി മാനുഷാദവാപ്പാ
   വിപദം മേ സഹജാ ശുചം ജഹാതു
   അപമൃദ്യ പതിം ഹരാമി സീതാം
   തുരഗാൻ സൂത ജവേന ചോദയ ത്വം.
   അങ്കം 3 : ശ്ലോ: 16

അല്ലേ[1] ആര്യ്യൻ, അങ്ങുന്നു കോപിക്കരുതേ കോപിക്കരുതേ. അങ്ങേ കോപത്തിന്നു ആ മാനുഷൻ വിഷയനായിട്ടു ഭവിക്കയില്ല. അങ്ങുന്നു് അസാരനല്ല. ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രൻെറ പരാക്രമത്തെ നിന്ദിച്ചിരിപ്പോരുത്തനാണു്. ഈവണ്ണമിരിക്കുന്ന അങ്ങു് യാതൊരു ഉപായംകൊണ്ടു് അവൾ പ്രാണങ്ങളെ കളയാതെകണ്ടിരിക്കും, അപ്രകാരം പിടിച്ചു വലിച്ചുകൊണ്ടു പോരണം. ആ സീത രാമൻെറ പ്രാണങ്ങളാണു്, നിശ്ചയം.

എന്നീവണ്ണമോ പറഞ്ഞതു്, എന്നു രാവണൻെറ ഭാവമായിട്ടു് പിന്നെ വിചാരിച്ചു്, ശൂർപ്പണഖേടെ അഭിപ്രായം ഉണ്ടായി എന്നു നടിച്ചു് — ഇവളു[2] പറഞ്ഞതു ശിക്ഷ! അതു് എന്തു്:—ഞാൻ കോപിച്ചു് അരയും തലയും മുറുക്കി ചന്ദ്രഹാസം എടുപ്പതും ചെയ്തു രാമൻെറ സമീപത്തിങ്കൽ ചെന്നു് രാമനെ യുദ്ധത്തിനായിക്കൊണ്ടു തട്ടിവിളിക്കുന്ന സമയത്തിങ്കൽ രാമൻ അരയും തലയും മുറുക്കി വില്ലും കുലച്ചു് ആവനാഴികയും കെട്ടിയിട്ടു് എൻെറനേരെ യുദ്ധത്തിനായിക്കൊണ്ടു് വന്നു് അന്യോന്യം യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ അസാരനായിരിക്കുന്ന മനുഷ്യനെ നിഗ്രഹിപ്പാൻ ആയുധം എന്തി

1. ശൂർപ്പണഖാ :—ആര്യ്യ മാ മാ സംരംഭക്രമേണ! കദർത്ഥിതമഹേന്ദ്രവിക്രമസ്യാര്യ്യസ്യ കഥം സമാനുഷോ വിഷയോ ഭവേത്. യഥോദ്ദേശേന സാ ജീവിതം ന പരിത്യജതി തഥാ സീതാം ഹസ്തേ കരിഷ്യാമഃ നനു സാ തസ്യ പ്രാണാഃ

(മൂന്നാമങ്കം, 16-ാം ശ്ലോകം കഴിഞ്ഞു്)

2. യുക്തമഭിഹിതമനയാ ! (ആ: വ്യ: പുറം—96)

നാണ് എന്നു കാട്ടി വാളുവച്ച്[1] രാമൻെറ കഴുത്തിൽ പിടിച്ച് തിരുമ്മി നിഗ്രഹിച്ച് സീതേ പിടിച്ചു വലിച്ചു കൊണ്ടുപോരുന്ന സമയത്തിങ്കൽ, സീത എന്നീവണ്ണം പ്രസിദ്ധയായിരിക്കുന്നവള് പ്രാണങ്ങളെ കളക ഇല്ല എന്നോ, അതല്ല കളയും നിശ്ചയം. അത് എങ്ങനെ—സീത വനപ്രദേശത്തിങ്കൽ രാമനോട്ടുകൂടെ ഇരിക്കുന്ന സമയത്തിങ്കൽ.

പിന്നെ സീതതടെ ഭാവമായിട്ട് ആട്ടു. നായികാഭാവത്തിൽ;[2] കണ്ടു രാവണൻ പോന്നു വരുന്നത്. ഭർത്താവിനെ യുദ്ധത്തിനായിട്ടു[3] തട്ടിവിളിച്ചു. ആ സമയത്തിങ്കൽ ഭർത്താവു കോപിച്ച് അരയും തലയും മുറുക്കി വില്ലും കുലച്ച് ആവനാഴികയും കെട്ടിമുറുക്കി നേരേചെന്ന് അന്യോന്യം യുദ്ധം തുടങ്ങി. 'ഈശ്വര, എൻെറ ഭർത്താവിന് ഏതും ഒരു നാശം വരരുതേ. ദുഷ്ടനായിരിക്കുന്ന രാവണൻ നശിക്കണേ.' ഈവണ്ണം പ്രാർത്ഥിപ്പതും ചെയ്യിരിക്കുന്ന സമയത്തിങ്കൽ കണ്ടു രാവണൻ ഭർത്താവിനെ നിഗ്രഹിച്ചു. പിന്നെ ദുഃഖിച്ചു കണ്ണുപൊത്തി കരയുതും ചെയ്യ് ഇരിക്കുന്ന സമയത്തിങ്കൽ കണ്ടു രാവണൻ സമീപത്തിങ്കൽ വന്ന് ഓരോരോ വാക്കുകളെ പറയുന്നത്. കേട്ടിട്ട് സഹിച്ചുകൂടാഞ്ഞിട്ട് കൈകളെക്കൊണ്ട് ചെവി പൊത്തി നില്ക്കുന്ന സമയത്തിങ്കൽ 'കണ്ടു, രാവണൻ തലമുടി ചുററിപ്പിടിച്ചു വലിച്ചിഴക്കുന്നതു്;' എന്നു കാട്ടി, പിന്നെ സീതയായിട്ട് രാവണൻ തലമുടി പിടിച്ച് വലിച്ചിഴയ്ക്കുമ്പൊഴത്തെ നടപ്പു കാട്ടു. കൂടെക്കൂടെ നിലവിളിക്കയും,[4] പിന്നെ രാവണനായിട്ട് വലിച്ചിഴയ്ക്കുന്ന ഭാവം കാട്ടു.

---

1. വാളും വച്ച്
2. ഭാവത്തിങ്കൽ
3. യുദ്ധത്തിനായിക്കൊണ്ടു
4. കൂടെക്കൂടെ നിലവിളിക്കയും, എന്നില്ല.

ഈവണ്ണം രണ്ടു പരിവൃത്തി കാട്ടി, പിന്നെ സീതയായിട്ട്, വിചാരിച്ച്-കഷ്ടം! ദുഷ്ടനായിരിക്കുന്ന രാവണൻ എന്റെ ഭർത്താവിനെ നിഗ്രഹിച്ചു. ഞാൻ രാവണന്റെ കയ്യിലും വശായി. അതു ഹേതുവായിട്ട് ഇനി ക്ഷണനേരംപോലും ജീവനോട്ടുകൂടെ ഇരിപ്പാൻ ആഗ്രഹിക്കുന്നില്ല; ഈവണ്ണം നിശ്ചയിച്ച് സീത മരിച്ചു എന്നു കാട്ടി ഈവണ്ണം സീത പ്രാണങ്ങളെ കളയും നിശ്ചയം—സീത എങ്ങനെ ഉള്ള—ഞാനുമായിട്ട് കുറഞ്ഞൊന്നുപോലും പരിചയമില്ലാത്തവളാണ്. ഈവണ്ണമിരിക്കുന്ന സീത പ്രാണങ്ങളെ കളയും നിശ്ചയം. അതു ഹേതുവായിട്ട് ഇവള് പറഞ്ഞതു് പരമാർത്ഥം തന്നെ. അത്രതന്നെയുമല്ല; അസാരനായിരിക്കുന്ന മനുഷ്യനെ നിഗ്രഹിപ്പാൻ എന്റെ കൈകൾ ആയുധത്തെ സ്പർശിക്കുമോ അതില്ല. എന്റെ കൈകൾ എങ്ങനെ ഉള്ള—സ്വർഗ്ഗത്തിങ്കൽ ചെന്നു് ഇന്ദ്രാദിദേവകളെ ആസകലം ജയിക്ക ഹേതുവായിട്ട് എല്ലാ ജനങ്ങളും, 'എടോ രാവണനെപ്പോലെ പരാക്രമം ഉണ്ടായിട്ട് ആരും ഇല്ല. ഈവണ്ണം സ്തുതിപ്പാൻ പാത്രങ്ങളാക്കി ചെയ്തിരിപ്പോന്നവയാണ്. അതു് എങ്ങനെ എന്നു കാട്ടി യുദ്ധവിസ്താരമാടി ഈവണ്ണമിരിക്കുന്ന കൈകള് ആയുധത്തെ സ്പർശിക്കയില്ല', എന്നു കാട്ടി ആയുധത്തെ സ്പർശിക്കയില്ലാത്ത പ്രകാരം കാട്ടി, 'ഈവണ്ണം ആയുധത്തെ സ്പർശിക്കയില്ല' എന്നു കാട്ടി തിരിഞ്ഞു ചവിട്ടി ശ്ലോകം പാടിപ്പു. 'യുധി സരഭസം'[1].

പിന്നെ കേട്ടു വിലക്കി ശ്ലോകം പാടിച്ച് പിന്നെയും കേട്ട്—എന്താണ് സൂതൻ പറഞ്ഞതു്. സൂതന്റെ സ്ഥായിയിൽ

---

1. യുധി സരഭസം ഹത്വാ രാമം ബലാന്മയി ഗൃഹ്ണതി
സ്വയമനുചിതാ ഭർത്തുഃ ശോകാദസൂന്ന കിമുജ്ഝതി
അപിച മനുജം ഹന്തും രാമം സ്പൃശന്തി കിമായുധം
ത്രിദശവിജയശ്ലാഘാപാത്രീകൃതാ മമ ബാഹവഃ.

(ആ: ചൂ: അങ്കം 3—ശ്ലോ: 17)

നിന്നു്—അല്ലേ ആയുഷ്മൻ, ഇപ്പോൾ ഓരോരോ ദുന്നിമിത്തങ്ങൾ വളരെ കാഴ്മാനുണ്ട്. *അങ്ങേ[1] കുതിരകളുടെ ശരീരങ്ങൾ വിറ[2]ക്കുന്നു. പിന്നെ കണ്ണുകളിൽ നിന്നു് കണ്ണുനീരു് ഒലിക്കുന്നു. മനസ്സുകൾക്കു് ഒറപ്പില്ല. പിന്നെ ആകാശത്തിൽക്കൂടെപ്പോകുന്ന സമയത്തിങ്കൽ കാലുകൾ എടറുന്നു. അതിനു് ഏതും ഒരു സംഗതി ഇല്ല. അങ്ങേ കുതിരകൾ അസാരങ്ങളല്ല. ആദിത്യൻെറ കുതിര[3]കളെപ്പോലും അതിശയിച്ചിരുപ്പോന്നവയാണു്. എങ്കിലും ഈവണ്ണം ദുന്നിമിത്തങ്ങൾ വളരെ കാഴ്മാനുണ്ട്.

എന്നിവണ്ണമോ പറഞ്ഞുതു് എന്നു് രാവണൻെറ ഭാവമായിട്ട്[4]-അല്ലേ സൂതൻ നാം രാമൻെറ പണ്ണുശാലയിങ്കലേക്കാണു് പോകുന്നതു്; ശ്രീപരമേശ്വരൻെറ വാസഭൂമിയായിരിക്കുന്ന കൈലാ[5]സത്തിങ്കലേയ്ക്കല്ല. കൈലാസത്തിങ്കലേക്കു പോകുന്ന സമയത്തിങ്കൽ ദുന്നിമിത്തങ്ങൾ ഉണ്ടായാൽ വഴിപോലെ വിചാരിക്കണം. അസാര

ഇതിനു മൂലം താഴെ ചേത്തിരിക്കുന്ന ആ: ച്യ: മൂന്നാമങ്കം 18-ാം -ശ്ലോകമാണു്.

1. *തനുഭിസ്സുപേഥുഭിരശ്രുവർഷിഭിർ-

   നയനൈർമനോഭിരനവസ്ഥിതൈരമീ

   അതിശായിനോഽപി ഹരിതാം സ്ഖലന്തി തേ

   രഥവാജിനോ നഭസി ഹേതുനാ വിനാ

2. വിറക്കിണു 3. കുതിരകളെ അതിശയിച്ചിരുപ്പോന്നവയാണു്.

4. രാവണഃ—സൂത യാതവ്യാ രാമപണ്ണശാല ന കൈലാസഃ

   (ആ: ച്യ: അങ്കം 3. 18-ാം ശ്ലോകം കഴിഞ്ഞു്)

5. കൈലാസപർവ്വതത്തിങ്കലേയ്ക്കല്ല.

നായിരിക്കുന്ന രാമന്റെ പർണ്ണശാലയിങ്കലേക്കു പോകുന്ന സമയത്തിങ്കൽ ദുന്നിമിത്തങ്ങൾ ഉണ്ടായാൽ ഏതും ഇല്ല. അതു ഹേതുവായിട്ട് വേഗം കുതിരകളെ തെളിച്ചാലും എന്നു കാട്ടിക്കഴിഞ്ഞാൽ വെലക്കി ശ്ലോകം പാടിക്കു; 'തോയോദ്ഗാരി കദംബകം'.[1] ശ്ലോകം പാടിക്കുമ്പോൾ പീഠത്തിന്നു പ്രദക്ഷിണമായിട്ട് വട്ടത്തിൽ നടന്ന് ശ്ലോകാവസാനത്തിങ്കൽ പീഠത്തിന്മേൽ കരേറിക്കൊള്ളൂ. പിന്നെ ശൂർപ്പണഖേടെ ഗ്രന്ഥം കേട്ടാട്ടെ. എന്താണ് ശൂർപ്പണഖ പറഞ്ഞത്.

പിന്നെ ശൂർപ്പണഖേടെ ഭാവത്തിൽ — അല്ലേ ആര്യൻ,[2] സൂതൻ പറഞ്ഞതു് പരമാത്ഥം തന്നെ. നാം രാമതപോവനത്തിൽ വന്നുകഴിഞ്ഞു.

എന്നീവണ്ണമോ പറഞ്ഞതു് എന്നു് രാവണന്റെ ഭാവമായിട്ട്, —അല്ലേ ശൂർപ്പണഖേ,[3] നിന്റെ കർണ്ണനാസികാച്ഛേദത്തിന്നു ഹേതുഭൂതനായിരിക്കുന്ന രാമന്റെ പ്രാണസമയായിരിക്കുന്നവള്

---

1. തോയോദ്ഗാരി കദംബകം ജലമുചാമായാമമാപദ്യതേ
ഘണ്ടാഃ സ്തംഭിതശൃങ്ഗലാശ്ചപലതാമുജ്ഝന്തി മൂകൈർമുഖൈഃ
കർണ്ണാന്തേ ജപതീവ ചാമരമിദം സംസ്തംഭിതം വായുനാ
തൂർണ്ണം തവാമുപസർപ്പതീവ പുരതോ യാതവ്യമിച്ഛാവശാത്.
(ആ: ചൂ: അങ്കം 3. ശ്ലോ: 19.) ഇതിന്റെ വിവരണം കാണുന്നില്ല

2. ശൂർപ്പണഖാ:—

സത്യമേവ സൂതോ മന്ത്രയതേ. ആര്യ ആഗതാസ്സ്മോ രാമതപോവനം
(ആ: ചൂ: അങ്കം 3. 19–ാം ശ്ലോകം കഴിഞ്ഞ്)

3. രാവണ:— ക്വ ച തേ വ്യസനമൂലസ്യ രാമസ്യ പ്രാണസമാ
(ആ: ചൂ : അ: 3 . 19 –ാം ശ്ലോകത്തിനു ശേഷം)

എവിടത്തു്. എന്താണു് ശൂൎപ്പണഖ പറഞ്ഞതു്. അവ്വണ്ണമെല്ലാമിരി[1] ക്കുന്ന സീത ഇതാ ഇരിക്കുന്നു ; എന്നീവണ്ണമോ പറഞ്ഞതു്. എന്നാൽ സീതേ വഴിപോലെ കാഴ്ങ്കതന്നെ;[2] എന്നുകാട്ടി രണ്ടു കൈകളെക്കൊണ്ടും കണ്ണു തുടച്ചു പീള കളഞ്ഞു കണ്ണാടി മേടിച്ചു വഴിപോലെ നോക്കി 'സീത എവിടെ' എന്നുകാട്ടി, ചുഴലവും നോക്കി കീഴ്ഭാഗത്തായിട്ടു് 'ശോഭിച്ചു കണ്ടു'[3] എന്നുകാട്ടി സൂക്ഷിച്ചുനോക്കി സീതേടെ കേശാദിപാദം സ്തനത്തിങ്കലോളം ആടി കയ്യു് എടുക്കാതെകണ്ടു് ധക്കുക്കം ധക്കുക്കം എന്നു രണ്ടുഴം ചവിട്ടി അത്ഭുതരസത്തോടു കൂടെ 'ആശ്ചൎയ്യം' എന്നുകാട്ടി ത്രൈലോക്യസുന്ദരിയായി[4] സീത എന്നീവണ്ണം പ്രസിദ്ധയായിരിക്കുന്നവളു് ഇവളു് തന്നെ. ആശ്ചൎയ്യം ആശ്ചൎയ്യം! ഇവളു് സ്വൎഗ്ഗസ്ത്രീയാണു് എങ്കിൽ ഇന്ദ്രൻെറ ആയിരം കണ്ണുകളും സഫലങ്ങളായി ഭവിച്ചു. പിന്നെ നാഗസ്ത്രീയാണു് എങ്കിൽ രസാതലം ചന്ദ്രനോടു ശൂന്യം അല്ല. അതു് എന്തു് —ഇവളുടെ മുഖമാകുന്ന ചന്ദ്രൻ ഉണ്ടല്ലോ. പിന്നെ രാക്ഷസസ്ത്രീയാണു് എങ്കിൽ മററുള്ള ജാതികളെ ആസകലം ജയിച്ചിരുപ്പോരുത്തിയാണു്. പിന്നെ സിദ്ധസ്ത്രീയാണു് എങ്കിൽ സിദ്ധന്മാരു് ത്രൈലോക്യത്തിങ്കൽ പ്രസിദ്ധന്മാരായിട്ടു ഭവിക്കും. ആശ്ചൎയ്യം, ആശ്ചൎയ്യം, ഞാൻ ഇവളെപ്പോലെ സൗന്ദൎയ്യാദി ഗുണങ്ങളുടെ പൂൎണ്ണത ഉണ്ടായിട്ടുള്ള സ്ത്രീകളെ കണ്ടിട്ടില്ല. ഞാൻ വളരെ സ്ത്രീകളെ കണ്ടിട്ടുണ്ടു്. സ്വൎഗ്ഗത്തിങ്കൽ ചെന്നു് ഇന്ദ്രാദിദേവകളെ ആസകലം ജയിച്ചു് ഇന്ദ്രൻെറ ഭാൎയ്യയായിരിക്കുന്ന

---

1. ശൂൎപ്പണഖാ—നനേഷാ സാ (അങ്ഗുല്യാ നിൎദിശതി)
2. കാഴ്കതന്നെ.
3. കാട്ടി 'മുഗ്ദ്ധഭാവത്തിൽ'.
4. രാവണഃ— (സീതാം വിലോക്യ സവിസ്മയം) ഇയം സാ ത്രൈലോക്യസുന്ദരീ സീതാ നാമ അഹോ ചിത്രമഹോ ചിത്രം.

ശചിദേവി തുടങ്ങിയുള്ള അപ്സരസ്ത്രീകളെ ആസകലം ബലാൽക്കാരേണ പിടിച്ചുവലിച്ചു കൊണ്ടുപോന്നു കാരാഗൃഹത്തിലിട്ടു വഴിപോലെ നോക്കിക്കണ്ടിട്ടുണ്ട്. അതു് എങ്ങനെ-ഞാൻ ഒരു ദിവസം കുളിയും ദേവകാര്യവും ഭക്ഷണവും കഴിച്ചു് ആസ്ഥാന മണ്ഡപത്തിങ്കൽ സിംഹാസനാരൂഢനായി കിരീടകടകാദ്യാഭരണ ഭൂഷിതനായി ഛത്രചാമരപരിവൃതനായി ഇരിക്കുന്ന സമയത്തിങ്കൽ വിചാരിച്ചു, അല്ലേ അമാത്യന്മാരു്, ഇന്നു് എന്തൊരു ക്രീഡ വേണ്ടൂ.

എന്താണ്‌ പറഞ്ഞതു്? – അല്ലേ സ്വാമിൻ, കാരാഗൃഹം കാഴ്ക തന്നെ. കാരാഗൃഹം കണ്ടിട്ടു് വളരെക്കാലമായല്ലോ. അപ്സരസ്ത്രീകളെ അപഹരിച്ചു കൊണ്ടു പോന്നു കാരാഗൃഹത്തിൽ ഇട്ടതിൽ പിന്നെ കാരാഗൃഹം കാഴ്ക ഉണ്ടായില്ലല്ലോ. അതു ഹേതുവായിട്ടു് കാരാഗൃഹം കാഴ്മാനായിക്കൊണ്ടു് പോകതന്നെ; എന്നീവണ്ണമോ പറഞ്ഞതു്. എന്നാൽ അങ്ങനെതന്നെ; അമാത്യന്മാരോടും കൂടെ പുറപ്പെട്ടു് കാരാഗൃഹത്തിന്റെ സമീപത്തിങ്കൽ ചെന്നു് കാരാഗൃഹം തുറന്നാലും; എന്താണ്, കാരാഗൃഹം തുറന്നുവോ?

കാരാഗൃഹത്തിന്റെ അകത്തു കടന്നുനോക്കിയ സമയത്തിങ്കൽ കണ്ടു അപ്സരസ്ത്രീകളു് ഭയപ്പെട്ടു നില്ക്കുന്നതു്. അല്ലേ അല്ലേ[1] അപ്സരസ്ത്രീകൾ, നിങ്ങൾ ഭയപ്പെടേണ്ട; ഞാൻ നിങ്ങളെ ദുഃഖിപ്പിക്കാനായിക്കൊണ്ടു വരികയില്ല. നിങ്ങളെക്കൊണ്ടു് ആനന്ദിക്കാനായിക്കൊണ്ടാണ് വന്നതു്. അതു ഹേതുവായിട്ടു് ഭയപ്പെടേണ്ട; എന്നു കാട്ടി, പിന്നെ ഓരോരുത്തിയെ

---

1. ഈ പദം ഇല്ല.

ആയിട്ട സൂക്ഷിച്ചുനോക്കി, എടോ, ഇവള്ക്ക് എവളാണ്. എന്താണ് പറഞ്ഞതു്.—അല്ലേ സ്വാമിൻ, 'ഉർവശി' എന്നീവണ്ണം പ്രസിദ്ധയായിട്ട് കേൾക്കുന്നതു് ഇവളാണ്, എന്നീവണ്ണമോ പറഞ്ഞതു്. പിന്നെ അവളെ സൂക്ഷിച്ചുനോക്കി 'ശിക്ഷ' എന്നു കാട്ടി, പിന്നെ മേനക തുടങ്ങിയുള്ള അപ്സരസ്ത്രീകളെ അമാത്യന്മാരോട്ട ചോദിച്ച് അറിഞ്ഞതിൻെറ ശേഷം അവരുടെ മധ്യത്തിങ്കൽ നില്ക്കുന്ന ശചീദേവിയെക്കണ്ടു് കുറഞ്ഞൊന്നു് അനുരാഗം ഭാവിച്ച്—എടോ, ഇവള്ക്ക് എവളാണ്? എന്താണ് പറഞ്ഞതു്?—അല്ലേ സ്വാമിൻ! അങ്ങുന്നു് ഇവളെ വളരെ അറിക ഇല്ലേ? ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രൻെറ ഭാര്യയായിരിക്കുന്ന ശചീദേവിയാണ്; എന്നീവണ്ണമോ പറഞ്ഞതു്?

പിന്നെ വഴിപോലെ സൂക്ഷിച്ചുനോക്കി 'ശിക്ഷ' എന്നു കാട്ടി 'ഈവണ്ണം അപ്സരസ്ത്രീകളെ വഴിപോലെ കണ്ടിട്ടുണ്ട്': എന്നുകാട്ടി, പിന്നെ ദിഗ്ജയത്തിന്നായിക്കൊണ്ട രാക്ഷസപ്പടയോടും കൂടെ പുഷ്പകംവിമാനത്തിന്മേൽ കരേറിപ്പുറപ്പെട്ട് പത്തുദിക്കുകളേയും ജയിച്ച് വളരെ സ്ത്രീകളെ ബലാൽക്കാരേണ[1] പിടിച്ചു വലിച്ച് പുഷ്പകംവിമാനത്തിന്മേൽ കരേററിക്കൊണ്ടുവന്നു് അവരെ വഴിപോലെ നോക്കിക്കണ്ട സമയത്തിങ്കൽ, 'ഒരുത്തീടെ തലമുടി ശിക്ഷ, ഒരുത്തീടെ മുഖം ശിക്ഷ, ഒരുത്തീടെ സ്തനം ശിക്ഷ, ഇങ്ങനെ ഓരോരുത്തീടെ ഓരോന്നു ശിക്ഷയാണ്. അതു് ഒക്കയും അവിടെ ഇരിക്കട്ടെ.

കൈലാസം പർവ്വതം എടുത്തു് അമ്മാനാടിയ സമയത്തിങ്കൽ ഹിമവത്പുത്രിയായിരിക്കുന്ന ശ്രീപാർവ്വതിയെ, ഭയ

---

1. ന്നുമേൽ.

പ്പെട്ടു വിറച്ചു പരവശയായിട്ടു കണ്ടു. അതു് എങ്ങനെ —ഞാൻ ലങ്കയിങ്കൽ ഇരിക്കുന്ന സമയത്തിങ്കൽ ഒരു ദിവസം വൈശ്രവണൻ നിയോഗിച്ചിരിക്കുന്ന ദൂതനെ വെട്ടി നിഗ്രഹിച്ചു രാക്ഷസപ്പടയോടും കൂടെ യുദ്ധത്തിന്നായിക്കൊണ്ടു പുറപ്പെട്ടു് [1]അളകാരാജധാനിങ്കൽ ചെന്നു വൈശ്രവണനെ ജയിച്ചു പുഷ്പകം വിമാനത്തെ പിടിച്ചു-പറിച്ചു പുഷ്പകം വിമാനത്തിന്മേൽ കയറി പോകുന്ന സമയത്തിങ്കൽ വിമാനം പോകാതെ നില്ക്കുന്നതു കണ്ടിട്ടു്—

അല്ലേ അമാത്യന്മാരു്, വിമാനം പോകാതെ നില്ക്കുന്നതു് എന്താണു്? എന്താണു്? പറഞ്ഞതു് ?— വിമാനം കൈലാസം പർവ്വതത്തിന്റെ ശിഖരത്തിന്മേൽ തടഞ്ഞിരിക്കുന്നു, എന്നോ പറഞ്ഞതു്? കൈലാസം പർവ്വതത്തിന്നു് എന്റെ വഴിതട്ടക്കാമോ? വഴിയിൽനിന്നു് പോവാൻ പറ.

എന്താണു് പറഞ്ഞതു് ? — അല്ലേ സ്വാമിൻ, ഈ പർവ്വതം അസാരനല്ല; ഈ പർവ്വതത്തിന്റെ ഉപരിഭാഗത്തിങ്കൽ ശ്രീമഹാദേവൻ ഇരിക്കുന്നുണ്ടു്. എന്നീവണ്ണമോ പറഞ്ഞതു്?

ശ്രീമഹാദേവൻ ഇരുന്നാൽ എന്താണു് ? എന്റെ വഴി തട്ടക്കാമോ? വഴിയിൽ നിന്നു് വേഗം പോവാൻ പറ.

എന്താണു്? വളരെ പറഞ്ഞിട്ടും ഏതും ഒരു ഇളക്കം ഇല്ല;- എന്നീവണ്ണമോ പറഞ്ഞതു്? 'എന്നാൽ കണ്ടോളു എന്നു് കാട്ടി, വിമാനത്തിന്മേന്നു താഴത്തു് എറങ്ങി എന്നു കാട്ടണം. പീഠത്തിന്മേന്നു് എറങ്ങരുതു്. പിന്നെ പർവ്വതം വഴിപോലെ നോക്കിക്കണ്ടു്; ഈ പർവ്വതം അസാരനല്ല, ഇതുപോലെ ഒരു പർവ്വതം

1. രാജധാനിയിൽ.

കണ്ടിട്ടില്ല, ഈ പൎവ്വതം എങ്ങനെ ഉള്ളു. – എന്നു കാട്ടി, പിന്നെ പർവ്വതപൃഷ്ഠിയാടി പിന്നെയും നോക്കി, 'ഇതുപോലെ ഒരു പർവ്വതം ഇല്ല' എന്നു കാട്ടി 'എന്നാൽ കണ്ടോളു.' എന്നു കാട്ടി ഉത്തരീയം അരയിൽ കെട്ടി പോയി നഖവും കെട്ടി അരയും തലയും മുറുക്കി പൎവ്വതം ഇടിച്ച് വളരെ ദ്വാരങ്ങൾ ഉണ്ടാക്കി, ദ്വാരം നോക്കി, പിന്നെയും ഇടിച്ച് ഇരിപതു് കൈകളും കടത്തി ത്രിപുരപാദത്തിൽ ഇരുന്നു് എടുക്കാൻ ഭാവിച്ച് പർവ്വതം എളുകാഞ്ഞിട്ട് ശിഖരം പിടിച്ചു തിരിച്ചു പിന്നെയും ത്രിപുരപാദ-ത്തിൽ ഇരുന്നു്, കൈകൾ കടത്തി പൎവ്വതം എടുത്തു മാറത്തു വെച്ച് കൈകഴപ്പു തീൎത്തു് പൎവ്വതം കയ്യിലാക്കി എണീററു് പർവ്വതം മേല്പട്ട് എറിഞ്ഞു പിടിച്ച് പിന്നെയും എറിഞ്ഞു പിടിപ്പു നാലഞ്ചു പ്രാവശ്യം.

'ആ സമയത്തിങ്കൽ' എന്നുകാട്ടി, പോയി നഖം അഴിച്ചു് ഉത്തരീയവും അഴിച്ചിട്ട് പീഠത്തിന്മേലിരുന്നു് ശ്രീപരമേശ്വരൻ പാൎവ്വതിയെ എടുത്തു് മടിയിൽ വച്ച് നായകനെ പ്പോലെ ഇരിക്കുന്ന സമയത്തിങ്കൽ, ശ്രീപാൎവ്വതീടെ ഭാവമായിട്ട് നായികാഭാവത്തിൽ ഇരുന്നു് ശ്രീപരമേശ്വരനെ കടാക്ഷിപ്പതും ചെയ്തു്, അല്ലേ ഭൎത്താവേ നിന്തിരുവടിയുടെ കൃപ ഉണ്ടാവണേ. ഈവണ്ണം പ്രാൎത്ഥിപ്പതും ചെയ്തു് ഇരിക്കുന്ന സമയത്തിങ്കൽ കണ്ടു
*
ഭഗവാന്റെ ശിരസ്സിങ്കൽ ഇരിക്കുന്ന ഗംഗയെ സൂക്ഷിച്ചു നോക്കി

---

* മൗലൗ കിന്നു മഹേശ, മാനിനി! ജലം,
കിം വക്ത്രമംഭോരുഹം
കിം നീലാളകമാലികേ, ഭ്രമരികേ,
കിം ഭ്രൂതലേ, വീചികേ
കിം നേത്രേ, ശഫരൗ കിമു സ്തനയുഗം,
തത് ചക്രവാകദ്വയം
സാശങ്കാമിവ വഞ്ചയൻ ഗിരിസുതാം
ഗംഗാധരഃ പാതു വഃ –

ഇവള് ആരാണ് ? വിചാരിച്ച് ഇദ്ദേഹത്തോട്ട ചോദിക്ക തന്നെ. അല്ലേ ഭത്താവ്. അങ്ങേ ശിരസ്സിങ്കൽ ഈ കാണുന്നതു് എന്തൊരു വസ്തുവാണ് ?.

പിന്നെ ഭഗവാൻെറ സ്ഥായിയായിട്ട് — എന്താണ് പാർവ്വതി പറഞ്ഞതു്? – അല്ലേ ഭത്താവ്, അങ്ങേ ശിരസ്സി(ങ്ക)ൽ കാണുന്നതു് എന്തൊരു വസ്തുവാണ്? എന്നീവണ്ണമോ പറഞ്ഞതു്? ഇവള് ഗംഗയെ കണ്ടു. എന്തു പറഞ്ഞു മറയ്ക്കേണ്ടു. വിചാരിച്ച് അല്ലേ പാവ്വതി, എൻെറ ശിരസ്സിങ്കൽ കാണുന്നതു വെള്ളമാണ്. എൻെറ ശിരസ്സിങ്കൽ വെള്ളം ഉള്ളതു് നിയ്യ് അറിഞ്ഞിട്ടില്ലേ?

പിന്നെ ഭഗവതിയായിട്ട് – എന്താണ് പറഞ്ഞതു് ? എൻെറ ശിരസ്സിങ്കൽ കാണുന്നതു വെള്ളമാണ്, എന്നീവണ്ണമോ പറഞ്ഞതു് ? പിന്നെ സൂക്ഷിച്ചു നോക്കി, അല്ലേ ഭത്താവ് ഇതല്ലോ ഒരു മുഖം കാണുന്നു. വെള്ളത്തിനു് മുഖം ഉണ്ടോ ?

പിന്നെ ഭഗവാൻെറ സ്ഥായിയിൽ – എന്താണ്, മുഖം കാണുന്നു എന്നീവണ്ണമോ പറഞ്ഞതു് ? വിചാരിച്ച്, അല്ലേ പാർവ്വതി, എൻെറ ശിരസ്സിൽ കാണുന്നതു് മുഖമല്ല, താമരപ്പൂവാണ്.

പിന്നെ ഭഗവതിയായിട്ട് – ഈവണ്ണം പറയുന്നതിനെ ക്കേട്ട് പിന്നെയും സൂക്ഷിച്ചു നോക്കി, അല്ലേ ഭത്താവ്, ഇതല്ലോ കുറുനിര കാണുന്നു. താമരപ്പൂവിനു കുറുനിരയുമുണ്ടോ ?

പിന്നെ ഭഗവാനായിട്ട് – എന്താണ്. കുറുനിര കാണുന്നു എന്നീവണ്ണമോ പറഞ്ഞതു് ? വിചാരിച്ച്, അല്ലേ പാർവ്വതി, കുറുനിരയല്ല, വണ്ടിഞ്ചാത്താണ്. വണ്ടത്താന്മാരു് മധുപാനം ചെയ്യാനായിക്കൊണ്ടു് പറന്നു് താമരപ്പൂവിൻെറ അന്തർഭാഗത്തിങ്കൽ

കടന്നു നിറഞ്ഞുവശായിരിക്കയാണ്. അതു് കണ്ടാൽ കുറുനിര എന്നിവണ്ണം തോന്നും.

പിന്നെ ഭഗവതിയായിട്ടു് - എന്താണ് വണ്ടിഞ്ചോത്താണ് എന്നിവണ്ണമോ പറഞ്ഞതു് ? പിന്നെയും നോക്കി, അല്ലേ ഭത്താവു്, ഇതെല്ലോ രണ്ടു പുരിയക്കൊടികൾ[1] കാണുന്നു. അതിന്നു് സംഗതി എന്താണ് ?

പിന്നെ ഭഗവാനായിട്ടു് – അല്ലേ പാൎവ്വതി, പുരിയക്കൊടികൾ അല്ല, തെരമാലയാണ്.

പിന്നെ ഭഗവതിയായിട്ടു് നോക്കി– അല്ലേ ഭത്താവു്! ഇതെല്ലോ കല്ലുകൾ കാണുന്നു. അതിന്നു് സംഗതി എന്താണ് ?

പിന്നെ ഭഗവാവായിട്ടു് വിചാരിച്ചു്, – അല്ലേ പാൎവ്വതി, കല്ലുകൾ അല്ല, മത്സ്യങ്ങളാണ്. അതു കണ്ടാൽ കല്ലുകൾ എന്നിവണ്ണം തോന്നിക്കൊള്ളും.

പിന്നെ ഭഗവതിയായിട്ടു് നോക്കി –അല്ലേ ഭത്താവു്, ഇതെല്ലോ രണ്ടു സ്തനങ്ങൾ കാണുന്നു. അതിന്നു സംഗതി എന്താണ്. ?

പിന്നെ ഭഗവാനായിട്ടു് വിചാരിച്ചു് – അല്ലേ പാൎവ്വതി, സ്തനങ്ങൾ അല്ല, രണ്ടു ചക്രവാകങ്ങൾ ആണ്. അതു കണ്ടാൽ സ്തനങ്ങൾ എന്നിവണ്ണം തോന്നിക്കൊള്ളും.

പിന്നെ ഭഗവതിയായിട്ടു് – എന്താണ്, ചക്രവാകങ്ങളാണ് എന്നിവണ്ണമോ പറഞ്ഞതു്? വിചാരിച്ചു്, കഷ്ടം! ഇദ്ദേഹം ഓരോന്നു പറഞ്ഞു് എന്നെ ചതിക്കയാണ്. ഇദ്ദേഹത്തിനു്

1. പുരിക

എന്നിൽ കൃപയില്ല. അതു ഹേതുവായിട്ട് ഇദ്ദേഹം ഒരുമിച്ച് ഇരുന്നതു മതി; എന്നു കാട്ടി ഭഗവാനെ പ്രണയകലഹത്തോടു കൂടെ നോക്കി, അല്ലേ സഖിമാരു്, നമുക്കു് അച്ഛനെ കാഴ്മാനായിക്കൊണ്ടു് പോകതന്നെ. അച്ഛനെ കണ്ടിട്ടു് വളരെക്കാലമായി. അതു ഹേതുവായിട്ടു് പോക എന്നു കാട്ടി, പീഠത്തിന്മേൽ എണീററുനിന്നു് ഭഗവാനെ പ്രണയകലഹത്തോടുകൂടെ നോക്കി ചെല്ലുന്തി (?) നടപ്പാൻ ഭാവിച്ചു് ശരീരം വിറയ്ക്കുന്ന ഭാവം കാട്ടി തലമുടി അഴിഞ്ഞിട്ടു് എടത്തേ കൈത്തണ്ടുകൊണ്ടു താങ്ങുന്നപ്രകാരവും മുലക്കച്ച അഴിഞ്ഞിട്ടു് ഉത്തരീയംകൊണ്ടു സ്തനങ്ങൾ മറയ്ക്കുന്ന പ്രകാരവും കണംകുത്തു് അഴിഞ്ഞിട്ടു് വലത്തേ കൈകൊണ്ടു അതു പിടിക്കുന്നപ്രകാരവും കാട്ടിക്കൊള്ളൂ.

പിന്നെ രാവണൻെറ സ്ഥായിയിൽ— ഈ വണ്ണം ഹിമവത്പുത്രിയായിരിക്കുന്ന ശ്രീപാർവ്വതിയെ [1] ഭയപ്പെട്ടു വിറച്ചു പരവശയായിട്ടു കണ്ടു. ഈ വണ്ണം വളരെ സ്ത്രീകളെ കണ്ടിട്ടുണ്ടു്. അവരിൽ ഈദൃശമായിരിക്കുന്ന സൗന്ദര്യം ദൃഷ്ടമായില്ല. എൻെറ കണ്ണുകൾ സഫലങ്ങളായി ഭവിച്ചു ഇപ്പോൾ. കണ്ണുകൾ ഉണ്ടായാൽ ഇവളെ കണ്ടേ ഫലം വരൂ. വളരെക്കാലംകൊണ്ടാണു് ഫലം അനുഭവിച്ചതു്. ആശ്ചര്യം! എന്നുകാട്ടി വിലക്കി [2] ശ്ലോകം പാടിപ്പൂ. പിന്നെ സ്തനത്തിങ്കേന്നു കീഴ്പ്പട്ടു കേശാദിപാദം മുഴവൻ കാട്ടി കാമശരംകൊണ്ടു മുറുകി പീഠത്തിന്മേൽ ഇരുന്നു മോഹിപ്പൂ. പിന്നെ പഞ്ചാംഗമാടി കൂത്തു കഴിപ്പൂ.

---

1. 'ഭയപ്പെട്ടു വിറച്ചു......... ....സ്ത്രീകളെ' എന്ന ഭാഗം ഇല്ല.
2. ഇന്ദ്രാണീമഹമപ്സരോഭിരനയം കാരാഗൃഹേ ഗണ്യതാം
സംഹാരോ ജയതാ ദിശോ ദശ മയാ സ്ത്രീണാം കൃതഃ പുഷ്പകേ
കൈലാസോദ്ധരേണ ƒപി വേപഥുമതീമദ്രാക്ഷമദ്രേസ്സുതാം
ദൃഷ്ടം താസു ന രൂപമീദൃശമഹോ ചക്ഷുശ്ചിരാത്സാത്ഥകം.
(ആ: ചൂ: അങ്കം 3—ശ്ലോ: 20)

(മൂന്നാം ദിവസം)

പിറേറന്നാൾ പുറപ്പെട്ട മിഴാവണക്കൽ അഭിവാദ്യം ചെയ്തു മൂന്നാം താളത്തിൽ പുറപ്പെട്ട പീഠത്തിന്മേലിരുന്നു സീതേടെ കേശാദിപാദമാടി കാമശരംകൊണ്ടു മുറുകി മോഹിച്ചുണന്നു കുറഞ്ഞൊന്നു് ഇരുന്നു തന്റെ ശിരസ്സുകളെ എടത്തോട്ടും വലത്തോട്ടും മേപ്പട്ടേക്കായിട്ടും നോക്കി—

കഷ്ടം! സീതാദുർവിനയം ഹേതുവായിട്ടു് എന്റെ പത്തു ശിരസ്സുകളും മുഖങ്ങളും പത്തു പ്രകാരത്തിൽ വശമായി. ഈ മുഖം ദീർഘശ്വാസങ്ങളെക്കൊണ്ടു ശ്രമത്തോട്ടുകൂടിയതായിട്ടു വശമായിരിക്കുന്നു. ഈ മുഖം വിഷാദത്തോട്ടുകൂടിയതായിട്ടു ഭവിക്കുന്നു. ഈ മുഖം താണു വശമായിരിക്കുന്നു. ഈ മുഖം തലകൊണ്ടു 'കൊണ്ടാടുന്നു' എന്നു കാട്ടി തലകൊണ്ടു കൊണ്ടാട്ട[1]. ഈ മുഖം ഉരിയാടാതെ വശമായിരിക്കുന്നു. ഈ മുഖം ധാന്യത്തോട്ട കൂടെ വശായിരിക്കുന്നു. ഈ മുഖം രോമാഞ്ചത്തോട്ടകൂടെ വശായിരിക്കുന്നു. ഈ മുഖം കണ്ണുനീർകൊണ്ടു നനഞ്ഞു വശായിരിക്കുന്നു.

പിന്നെ ആ മുഖത്തെ നോക്കി — 'ഹേ, വിഡ്ഢി' എന്നു കാട്ടുകയും മുഖംകൊണ്ടു ഭാവിക്കയും ചെയ്തുകൊള്ളു.

ഈവണ്ണം പത്തു പ്രകാരത്തിൽ[2] വശമായി പിന്നെ നോക്കി

---

1. കൊണ്ടാട്ട. "ഈ മുഖം ജൃംഭണംചെയ്യുന്നു എന്നുകാട്ടി ജൃംഭണം കാട്ടു. ഈ മുഖം ഓരോന്നു പ്രലപിക്കയാണു്. ഈ മുഖം—".

2. എന്നു കാട്ടി വിലക്കി ശ്ലോകം പാടിപ്പു, "ശ്വാസശ്രാന്തം"

ക്കണ്ടുമുഖങ്ങൾ തമ്മിൽ പിണങ്ങുന്നതു്. നിയ്യ് അങ്ങോട്ടേയ്ക്കു പോ, ഞാൻ ഇവളെ കാണട്ടെ നിയ്യ് അങ്ങോട്ടേയ്ക്കു പോ, ഞാൻ ഇവളെ കാണട്ടെ, നിയ്യ് അങ്ങോട്ടേയ്ക്കു പോ, നിയ്യ് അങ്ങോട്ടേയ്ക്കു പോ.

ഈവണ്ണം പിണങ്ങുന്നതു കണ്ടു്:–അല്ലേ അല്ലേ മുഖങ്ങൾ, നിങ്ങൾ തമ്മിൽ പിണങ്ങണ്ട. ഞാൻ ഇവളുടെ ശരീരത്തെ നിങ്ങൾക്കു വിഭജിച്ചുതരാം.

ഒരുത്തനു ഇവളുടെ മനോഹരമായിരിക്കുന്ന തലമുടി തരാം. ഒരുത്തനു ഇവളുടെ ശുദ്ധമായിരിക്കുന്ന മന്ദസ്മിതം തരാം. ഒരുത്തനു വളഞ്ഞിരിക്കുന്ന പിരിയക്കൊടികളെ തരാം. ഒരുത്തനു ഇവളുടെ നീണ്ടിരിക്കുന്ന കണ്ണുകളെ തരാം. ഒരുത്തനു ഇവളുടെ കാതു രണ്ടും തരാം. ഒരുത്തനു ഇവളുടെ മനോഹരമായിരിക്കുന്ന കുറുനിര തരാം. ഒരുത്തനു തൊണ്ടിപ്പഴംപോലെ ചൊകന്നിരിക്കുന്ന അധരം തരാം. ഒരുത്തനു ശോഭിച്ചിരിക്കുന്ന കഴുത്തു തരാം.

എന്താണു് ഒരു മുഖം പറഞ്ഞതു്? –അല്ലേ എനിക്കു ഇവളുടെ സ്തനങ്ങളെ തരണേ, എന്നീവണ്ണമോ പറഞ്ഞതു്? വിചാരിച്ചു്, വല്ലതുമാട്ടെ തരാം. ജഘനം എനിക്കു തന്നെ വേണം. നിങ്ങൾക്കാർക്കും തരിക ഇല്ല.

ഈവണ്ണം ഇവളുടെ ശരീരത്തിങ്കൽ ഓരോരോ സ്ഥാനങ്ങളെ വഴിപോലെ നോക്കി വളരെക്കാലം കണ്ടുകൊണ്ടാലും. വെലക്കി ശ്ലോകം പാടിപ്പൂ–'ധമ്മില്ലോ'.

പിന്നെ സീതേടെ ശരീരത്തിങ്കൽ ദൃഷ്ടികളെ പതിപ്പിച്ചിട്ടു പാനം ചെയ്യുന്ന പ്രകാരം അഭ്യാസബലത്തിന്നു തക്കവണ്ണം ദൃഷ്ടികൊണ്ടു നടിച്ചുകൊള്ളൂ.

ഈവണ്ണം ഇവളുടെ രൂപമാകുന്ന അമൃതിന്റെ പാനം ഹേതുവായിട്ടു മനസ്സു വഴിപോലെ പ്രസാദിച്ചു വശമായി. ഒരിക്കൽ പാനം ചെയ്തു എന്നോ? അതല്ല പലവട്ടവും പാനംചെയ്തു ഹേതുവായിട്ട് മനസ്സ് ഏററവും പ്രസാദിച്ചു വശമായി. പിന്നെ കണ്ണുകൾ ആസകലം സഫലങ്ങളായി ഭവിച്ചു. കണ്ണുകൾ എങ്ങിനെയുള്ള. പരവശങ്ങളാണ്. ഈവണ്ണമിരിക്കുന്ന കണ്ണുകൾ സഫലങ്ങളായി ഭവിച്ചു.

പിന്നെ കുറഞ്ഞൊന്നു വിചാരിച്ച്—ഇവളുടെ പല്ലവം പോലെ മൃദുവായിരിക്കുന്ന ശരീരത്തെ വഴിപോലെ ആലിംഗനം ചെയ്തു് എന്റെ കൈകളെ സുഖത്തോടുകൂടെ എന്നാണ കാണാൻ സംഗതി വരുന്നതു് ? കൈകൾ എങ്ങനെ ഉള്ള-വീരവ്രണങ്ങളെക്കൊണ്ടു് അടയാളത്തോടുകൂടിയവയാണ്. ഈവണ്ണമിരിക്കുന്ന കൈകളെ സുഖത്തോടുകൂടെ എന്നാണ കാണാൻ സംഗതി വരുന്നതു്?

വിലക്കി ശ്ലോകം പാടിപ്പു–'പാനാത്'[1]. പിന്നെ[2] പഞ്ചാംഗമാടി കൂത്തു മുടിപ്പു.

(നാലാം ദിവസം)

പിറേറന്നാൾ ആദ്യം കേശാദി.

പിന്നെ[3] ലക്ഷ്മണനെക്കണ്ട ഭാവം നടിച്ച്:—അല്ലേ ലക്ഷ്മണഘേ! സീതേടെ സമീപത്തിങ്കൽ മറെറാരുത്തനെ കാണാനുണ്ടു്.

---

1. പാനദ്രൂപരസായനസ്യ ബഹുധാ സന്തർപയന്തീ മനോ
   ജാതാ നേത്രപരമ്പരാ ഫലവതീ ധീരേതരേയം മമ
   അസ്യാ: പല്ലവകോമളാം തനുമിമാമാലിംഗ്യ കൃത്സ്നാമഹം
   നിർവേക്ഷ്യാമി കദാ നു വശംതിമമൂൻ വീരവ്രണാങ്കാൻ ഭുജാൻ.
   (ആ: ചൂ: അങ്കം 3. ശ്ലോ: 21)
2. 'പിന്നെ – മുടിപ്പു' – എന്ന വാചകം ഇല്ല.
3. (ലക്ഷ്മണം വിലോക്യ) അയമപര: ക:?
   (ആ: ചൂ: അങ്കം 3. 21–ാം ശ്ലോകം കഴിഞ്ഞു്)

ഇവൻ ആരാണ്? ഇവനെപ്പോലെ മൂഢനായിട്ട മറെറാരുത്തൻ ഇല്ല. ഇവന്റെ സ്ഥിതി കണ്ടാൽ സീതയായിട്ട വക്കാണിക്കാനായിക്കൊണ്ട ഭാവിക്കയാണ് എന്നീവണ്ണം തോന്നും.

ഇവൻ എങ്ങനെ ഉള്ളു:—ശരീരത്തിങ്കൽ ചട്ടയിട്ട മുറുക്കീട്ടുണ്ട്. പിന്നെ പൃഷ്ഠത്തിങ്കൽ ആവനാഴികയും കെട്ടീട്ടുണ്ട്, പിന്നെ വില്ല കുലച്ച് എടത്തേക്കയ്യിൽ പിടിച്ചിട്ടുണ്ട. വലത്തേ ക്കയ്യിൽ ശരങ്ങളും ഉണ്ട്.

ഈവണ്ണം സീതേടെ സമീപത്തിങ്കൽ നില്ക്കുന്ന യൗവന യുക്തനായിരിക്കുന്ന ഇവൻ ആരാണ്?

'ഹൈ! വിഡ്ഢി!' എന്നു കൈകൊണ്ട[1] കാട്ടുകയും മുഖംകൊണ്ട ഭാവിക്കയും; പിന്നെ വിലക്കി ശ്ലോകാർത്ഥം[2] പാടിപ്പൂ.

പിന്നെ ശൂർപ്പണഖേടെ ഗ്രന്ഥം[3] കേട്ടാട്ട. എന്താണ ശൂർപ്പണഖ പറഞ്ഞതു് ? — ശൂർപ്പണഖേടെ സ്ഥായിയിൽ — 'ഇവനാണ് എന്റെ കർണ്ണനാസികാച്ഛേദനം ചെയ്തതു്'; എന്നീ വണ്ണമോ പറഞ്ഞതു് ? എന്നു രാവണന്റെ ഭാവത്തിൽ പിന്നെ വെട്ടിച്ചിരിച്ച് — ആശ്ചര്യം ! മനുഷ്യർ ബലവാന്മാരു തന്നെ. അതു് എന്തു് —

---

1. കൈകളെക്കൊണ്ട്.

2. രാവണ:—

കവചിതതനു: പൃഷ്ഠാവാപീ ദൃഢജ്യശരാസനോ
നിഭൃതമഭിതസ്തിഷ്ഠൻ സീതാമയം കതമോ യുവാ.

(ആ: ച്യ: അങ്കം. 3. ശ്ലോ: 22)

3. ശൂർപ്പണഖാ— കർണ്ണേ) ഏവമിവ.

(മൂന്നാമങ്കം 22-ാമത്തെ ശ്ലോകാർദ്ധം കഴിഞ്ഞു്)

രാമൻ അച്ഛന്റെ കാക്കൽ അഭിവാദ്യം ചെയ്തു് അയോദ്ധ്യയിങ്കൽ നിന്നു വിശ്വാമിത്രനോടുകൂടെപ്പുറപ്പെട്ടു താടകാവനത്തിങ്കൽ ചെന്ന സമയത്തിങ്കൽ താടകേ[1] കണ്ടു ഭയപ്പെട്ടു്[2] വൃക്ഷത്തോടു മറഞ്ഞുനിന്നു ശരപ്രയോഗം ചെയ്തു നിഗ്രഹിച്ചു. ഇവൻ നിന്റെ കണ്ണുനാസികാച്ഛേദനം ചെയ്തു. അതു ഹേതുവായിട്ടു് 'മനുഷ്യരു് ഏററവും ബലവാന്മാരു തന്നെ' എന്നു കാട്ടി വിലക്കി ശേഷം[3] പാടിപ്പു[4].

പിന്നെ, 'അഹോ[5] ജവവിശേഷഃ' എന്ന ഗ്രന്ഥം കേട്ടിട്ടു് :— അല്ലേ ശൂർപ്പണഖേ, ഇതു് ആരുടെ[6] ശബ്ദമാണു്? എന്താണു ശൂർപ്പണഖ പറഞ്ഞതു് ? —

'അല്ലേ ആര്യൻ[7]' അവ്വണ്ണമെല്ലാമിരിക്കുന്ന രാമന്റെ ശബ്ദ-മാണു്', എന്നീവണ്ണമോ പറഞ്ഞതു്? — എന്നു രാവണന്റെ ഭാവത്തിൽ.

പിന്നെ പീഠത്തിന്മേൽ എണീററുനിന്നു നോക്കി, കണ്ടു ശ്രീരാമൻ പൊന്മാനിന്റെ പിന്നാലെ പോകുന്നതു്.

---

1. താടകയെ.
2. 'വൃക്ഷത്തോടു മറഞ്ഞുനിന്നു' എന്നില്ല.
3. ശ്ലോകം.
4. ഹഹഹ ശമയാഞ്ചക്രേ രാമഃ ശരൈഃ കില താടകാ-
   മനിഫലമയം പ്രാപ്തസ്സ്യാം പ്രത്യഹോ ബലിനോ നരാഃ.
   (ആ: ചൂ: മൂന്നാമങ്കം. ശ്ലോ: 22).
5. (നേപഥ്യേ മർമ്മരശബ്ദഃ ക്രിയതേ). (നേപഥ്യേ)— അഹോ ജവ വിശേഷഃ.
   (ആ: ചൂ: മൂന്നാമങ്കം. 22-ാം ശ്ലോകം കഴിഞ്ഞു്)
6. രാവണഃ—കസ്യായം സ്വരഃ?
   (മൂന്നാമങ്കം, 22-ാം ശ്ലോകം കഴിഞ്ഞു്)
7. ശൂർപ്പണഖാ—ആര്യ, തസ്യ രാമസ്യ.
   (ആ: ചൂ: മൂന്നാമങ്കം 22ാം ശ്ലോകം കഴിഞ്ഞു്).

'ഇവനല്ലോ[1] അസാരനായിരിക്കുന്ന രാമൻ', എന്നു കാട്ടി കാലുകൊണ്ടു ചുണ്ടി പീഠത്തിന്മേലിരുന്നു മോഹിപ്പൂ[2]. പിന്നെ ഒണന്നു സമീപത്തിങ്കൽ നില്ക്കുന്ന സൂതനെ[3] കണ്ടു ലജ്ജ ഭാവിച്ചു് ഇവൻ എൻെറ പാരവശ്യം ആസകലം കാൺമൂതും ചെയ്തു് സമീപത്തിങ്കൽ നില്ക്കുന്നു എന്തൊരു് ഉപായം വേണ്ടു—വിചാരിച്ചു്— പിന്നെ ഗാംഭീര്യഭാവത്തോടുകൂടെ സൂതനെ നോക്കി :— അല്ലേ സൂതൻ, നിൻെറ[4] ശരീരം കണ്ടിട്ടു ഭയം ഉണ്ടു് എന്നീവണ്ണം തോന്നുന്നു.

എന്താണു സൂതൻ പറഞ്ഞതു്? — പിന്നെ സൂതൻെറ ഭാവത്തിൽ—അല്ലേ ആയുഷ്മൻ[5], അങ്ങുന്നു പറഞ്ഞതു സത്യം തന്നെ. ഞാൻ ഭീതൻ തന്നെ. ഇപ്പോൾ നാം മനുഷ്യരെപ്പോലെ വശമായി. രാമൻ രാക്ഷസനെപോലെയും വശമായി, എന്നീവണ്ണമോ പറഞ്ഞതു്?–എന്നു രാവണൻെറ ഭാവമായിട്ടു്.

പിന്നെ ശൂർപ്പണഖേടെ ഗ്രന്ഥം കേട്ടാട്ടെ. എന്താണു ശൂർപ്പണഖ പറഞ്ഞതു്?— പിന്നെ ശൂർപ്പണഖേടെ ഭാവത്തിൽ, അല്ലേ ആര്യൻ[6], ഇവളുടെ ശരീരത്തിന്നു് ആഭരണങ്ങളെക്കൊണ്ടു്

---

1. 2. രാവണ:—(പരാവൃത്യാവലോക്യ) അയം തപസ്വീ രാമഃ. (ഇതി മോഹമുപഗതഃ)

(ആ: ചൂ: മൂന്നാമങ്കം. 22–ാം ശ്ലോകം കഴിഞ്ഞു്)

3.–4. രാവണഃ–(സൂതം വിലോക്യ) സൂത, ഭീത ഇവ ത്വമാകാരേണ.

(മൂന്നാമങ്കം 22-ാം ശ്ലോകം കഴിഞ്ഞു്)

5 സൂതഃ–ആയുഷ്മൻ, സത്യം ഭീത ഏവാഹം സമ്പ്രതി വയം മനുഷ്യാഃ രാമോ രാക്ഷസ ഇവ.

(മൂന്നാമങ്കം 23—ാം ശ്ലോകം കഴിഞ്ഞു്)

6. ശൂർപ്പണഖാ—ആര്യ, ഇയമസ്യാ ആകൃതിഃ ആഭരണേന ജ്വലതാ കഥമിവ ശോഭതേ.

അലങ്കരിക്കുന്ന സമയത്തിങ്കൽ ശോഭ എത്ര ഉണ്ട് എന്ന് ആർക്കം പറഞ്ഞുകൂടാ. ഇപ്പോൾ ആഭരണങ്ങളോടു കൂടാതെ ഏററവും ശോഭിച്ച വശമായിരിക്കുന്നു, എന്നീവണ്ണമോ പറഞ്ഞത്?. എന്നു രാവണൻെറ ഭാവമായിട്ട്. പിന്നെ സീതേ വഴിപോലെ നോക്കി ആട്ടു. മുഡ്ഢൻെറ ഭാവത്തോടുകൂടെ; — അല്ലേ ശൂർപ്പണഖേ, ഇവൾക്ക് ആഭരണംകൊണ്ടു ശോഭ ഉണ്ടാവണ്ട. വഴിപോലെ വിചാരിച്ചാലും. യാതൊന്നിന്നു സ്വതേ ശോഭയുള്ളൂ അതിന്നു സംസ്കാരംകൊണ്ടു ശോഭ ഉണ്ടാവണ്ട. ചന്ദ്രൻെറ കലങ്കു ശോഭ കുറയും എന്നു വിചാരിച്ച വസ്ത്രംകൊണ്ടുതുടച്ചു ശോഭ ഉണ്ടാക്കേണ്ട. കൌസ്തുഭം രത്നത്തിന്നു രാകി ശോഭ ഉണ്ടാക്കണോ ? അതുവേണ്ട. ശൈവലത്തിൻെറ മധ്യത്തിങ്കൽ നില്ക്കുന്ന താമരപ്പൂവിന്നു ശോഭ കുറക ഇല്ല. ചന്ദ്രന്നു കളങ്കം ഉണ്ടാകകൊണ്ടു ശോഭ കുറഞ്ഞു പോമോ? അതു് ഇല്ല. ഇവൾ വല്ക്കലം ഉടുക്കകൊണ്ടും ഏററവും ശോഭിച്ചവശമായിരിക്കുന്നു.

പിന്നെ വിലക്കി ശ്ലോകം പാടിപ്പൂ:— 'യസ്യ നൈസർഗ്ഗികീ'[1]. പിന്നെ സൂതൻെറ ഗ്രന്ഥം കേട്ടാട്ടു. എന്താണ് സൂതൻ പറഞ്ഞതു് ? —

'അല്ലേ ആയുഷ്മൻ, ഞാൻ കുറഞ്ഞൊന്നു പറവാനായിക്കൊണ്ട് ആഗ്രഹിക്കുന്നു'[2], എന്നീവണ്ണമോ പറഞ്ഞതു് ?

---

1. രാവണഃ—കിമാഭരണൈരസ്യാഃ പശ്യ,
യസ്യ നൈസർഗികീ ശോഭാ തന്ന സംസ്കാരമർഹതി
കഃ കലാം ശശിനോ മാർഷ്ടി കൗസ്തുഭഃ കേന രജ്യതേ.
(ആ: ച്യ: അങ്ക്കം 3: ശ്ലോ: 24)

2. സൂതഃ—ആയുഷ്മൻ, കിഞ്ചിദ്വക്തുകാമോഽസ്മി.
(ആ: ച്യ: അങ്കം 3, 24-ാം ശ്ലോകം കഴിഞ്ഞു്)

അല്ലേ സൂതൻ, നിയ്യ്[1] വിചാരിച്ചതിനെ വഴിപോലെ പറഞ്ഞാലും. ഇവിടെ കേൾക്കാൻ അർഹത ഇല്ലാത്ത ആളുകൾ[2] ആരുമില്ല.

പിന്നെ ശ്ലോകം[3] കേട്ടു വിലക്കി, എന്താണു സൂതൻ പറഞ്ഞതു് ? —

അല്ലേ സ്വാമിൻ 'ഇവളുടെ പാതിവ്രത്യം ഏററവും ക്രൂരം തന്നെ', എന്നീവണ്ണമോ പറഞ്ഞതു് ?

അല്ലേ സൂതൻ, നിയ്യ്[4] അതു് അറിഞ്ഞതു് എങ്ങനെ ? പിന്നെ കേട്ടു വിലക്കി, എന്താണു പറഞ്ഞതു് ? —

ഇവൾ ബന്ധുക്കളെ ആസകലം ഉപേക്ഷിച്ചു വനപ്രദേശത്തിങ്കൽ വന്നു രാമനോടു കൂടെ ക്രീഡിക്കുന്നു;–എന്നീവണ്ണമോ പറഞ്ഞതു് ? — അല്ലേ[5] പൊട്ടൻ, നിണക്കു സ്ത്രീകളുടെ ബുദ്ധി എങ്ങനെ എന്നു് അറിയപ്പോകാ. വിശേഷങ്ങളായിരിക്കുന്ന വസ്തുക്കളെ ലഭിക്കുന്ന സമയത്തിങ്കൽ സ്ത്രീകളുടെ ബുദ്ധി ഏററവും സന്തോഷിച്ചു വശമാവു.

അതു് എങ്ങനെ? — ഒരുത്തി തൻെറ ഭർത്താവിനോടു കൂടെ ഇരിക്കുന്ന സമയത്തിങ്കൽ കണ്ടു മറെറാരു പുരുഷനെ. ഇവൻ

---

1. രാവണ:— കഥയ കസ്തേ പരിഹാരഃ (24—ാം ശ്ലോകം കഴിഞ്ഞു്)
2. ജനങ്ങൾ
3. സൂത :—
ഇമാം ഗംഭീരചാരിത്രാം പശ്യാമി പതിദേവതാം
യദനേന വനേ ധീരാ രമതേ ബന്ധുനിഃസ്പൃഹാ.
(ആ: ച്ചു: അങ്കം 3. ശ്ലോ: 25)
4. രാവണ:—കഥം ത്വമവഗച്ഛസി
(ആ: ച്ചു: 3-ാമങ്കം 25-ാം ശ്ലോകത്തിൻെറ പൂർവാർദ്ധം കഴിഞ്ഞു്)
5. രാവണ:—മന്ദാത്മൻ,
നനു സ്ത്രീണാം വിശേഷാനുപലഭ്യ സന്തോഷിണീ ബുദ്ധിഃ
(3-ാമങ്കം 25-ാം ശ്ലോകം കഴിഞ്ഞു്)

ഏററവും സൗന്ദര്യത്തോട്ട കൂടിയവനാണ്. ഇവനോട്ടകൂടെ സുഖമായിട്ട് ഇരിക്കണം; എന്നീവണ്ണം നിശ്ചയിച്ച ഭത്താവിനെ ഉപേക്ഷിച്ച് അവനോട്ടകൂടെ ഇരിക്കുന്ന സമയത്തിങ്കൽ കണ്ട ഒരു രാജകുമാരനെ ശോഭിച്ചു; ആ സമയത്തിങ്കൽ അവനെ ഉപേ-ക്ഷിച്ച രാജകുമാരനോട്ടകൂടെ സുഖമായിട്ട് ഇരിക്കും. ഈവണ്ണം വിശേഷങ്ങളായിരിക്കുന്ന വസ്തുക്കളെ ലഭിക്കുന്ന സമയത്തിങ്കൽ മനസ്സ സന്തോഷിച്ചുവശമാവും. നിയ്യു വഴിപോലെ വിചാരി ച്ചാലും—ഇവൾ അസാരനായിരിക്കുന്ന രാമനെ ഉപേക്ഷിച്ച് എന്നോട്ടകൂടെ സുഖമായിട്ട രമിക്കും.

അത് എങ്ങനെ:—ഞാൻ വനപ്രദേശത്തിങ്കൽ സീതേടെ സമീപത്തിങ്കൽ ചെന്നു മനോഹരങ്ങളായിരിക്കുന്ന ഓരോരോ വാക്കുകളെ പറയും.

[1] അല്ലേ സീതേ സീതേ, നിയ്യ് അസാരനായിരിക്കുന്ന രാമനോട്ടകൂടെ വനത്തിങ്കൽ ഇരുന്നു കാററും മഴയും ഹിമവും തട്ടി ഫലമൂലങ്ങളും ഭക്ഷിച്ച് ഇപ്രകാരം ദുഃഖിക്കണ്ട. എന്നോട്ട കൂടെ ലങ്കയിങ്കൽ വന്നു സുഖമായിട്ട് ഇരുന്നാലും, എന്നീവണ്ണം പറയും. ആ സമയത്തിങ്കൽ ഞാൻ സീതേ[2] എട്ടപ്പൂും ചെയ്തു ലങ്കയിങ്കൽ ചെന്ന് സീതയോട്ടുംകൂടെ സുഖമായിട്ട് ഇരിക്കുന്ന സമയത്തിങ്കൽ ഒരു ദിവസം കളിയും ദേവകാര്യവും ഭക്ഷണവും കഴിച്ചു സിംഹാസനാരൂഢനായി സീതേ എട്ടത്തു മടിയിൽ വച്ച് ഇരിക്കുന്ന സമയത്തിങ്കൽ സീത :—

'അല്ലേ ഇനിക്കു സ്വർഗ്ഗത്തിങ്കൽ ചെന്നു ഇരിപ്പാൻ വളരെ ആഗ്രഹം ഉണ്ട്. സ്വർഗ്ഗം എന്നു ഞാൻ കേട്ടിട്ടേ ഉള്ളൂ, കണ്ടിട്ടില്ല.' എന്നീവണ്ണമോ പറഞ്ഞതു് ?

---

1. ഈവാക്കില്ല
2. സീതയെ

'എന്നാൽ അങ്ങനെ തന്നെ.' ഞാൻ സീതേ എടുത്തുംചെയ്തു സ്വർഗ്ഗത്തിങ്കൽ ചെന്നു് ആകാശഗംഗേടെ മരതകതടത്തിങ്കൽ ഇരുന്നു സീതേ എടുത്തു മടിയിൽ വച്ചു പൊൻതാമരപ്പൂക്കളിൽ തട്ടി സൗരഭ്യത്തോടുകൂടിയിരിക്കുന്ന സ്വാർഗ്ഗവായുക്കളെ ഏല്പിച്ചുംചെയ്തു സുഖമായിട്ടിരിക്കുന്ന സമയത്തിങ്കൽ കണ്ടു ഇന്ദ്രൻ സമീപത്തിങ്കൽ വന്നു വന്ദിച്ചുംചെയ്തു നില്ക്കുന്നതു്.

അല്ലേ ഇന്ദ്രൻ, തേച്ചുകുളിക്കാനുള്ള വസ്തുക്കളെ കൊണ്ടുവന്നാലും.

എന്താണ്— തേച്ചുകുളിക്കാനുള്ള വസ്തുക്കളെ ആസകലം കൊണ്ടുവന്നു വെച്ചുവോ ?

അല്ലേ സുന്ദരി, വഴിപോലെ തേച്ചുകുളിക്കണം,

പിന്നെ സീതേ പുരോഭാഗത്തിങ്കൽ ഇരുത്തി എണ്ണ തേപ്പിച്ചു വഴിപോലെ കുളിച്ചു കഴിഞ്ഞാൽ കണ്ടു കല്പകവൃക്ഷങ്ങൾ വസ്ത്രങ്ങളും ആഭരണങ്ങളും കൊണ്ടുവന്നു പുരോഭാഗത്തിങ്കൽ വച്ചതു്.

അല്ലേ സീതേ, വഴിപോലെ ഈറൻ വിഴുത്തു അലങ്കരിച്ചാലും.

എന്താണ്, വഴിപോലെ അലങ്കരിച്ചുവോ ? പിന്നെ വഴിപോലെ ഭക്ഷണം കഴിച്ചു സീതേ എടുത്തു മടിയിൽവച്ചു് ഇരിക്കുന്ന സമയത്തിങ്കൽ ശചീദേവി, രാവണൻ സീതയോടുംകൂടെ വന്നിട്ടുണ്ടു് എന്നീവണ്ണം കേട്ടറിഞ്ഞു ഭയപ്പെട്ടു നില്ക്കുന്ന സമയത്തിങ്കൽ സീത—അല്ലേ സുന്ദരി, നീയ്യ് ഭയപ്പെടേണ്ട. ഞാൻ നിന്നെ രക്ഷിക്കുന്നുണ്ടു്; ഈവണ്ണം പറയും.

ഈവണ്ണം അസാരനായിരിക്കുന്ന മനുഷ്യനെ ഉപേക്ഷിച്ച് എന്നോടുകൂടെ സുഖമായിട്ട് ക്രീഡിപ്പതും ചെയ്ത് ഇരിക്കാം.

പിന്നെ വിലക്കി ശ്ലോകം പാടിപ്പു. 'മരതക'[1]
പിന്നെ പഞ്ചാംഗമാടി ക്രുത്തു കഴിപ്പു.

(അഞ്ചാം ദിവസം)

പിന്നെ സീതേടെ ഗ്രന്ഥം[2] കേട്ടാട്ട. എന്താണ സീത പറഞ്ഞതു് ?—പിന്നെ സീതേടെ ഭാവത്തിൽ—അല്ലേ ലക്ഷ്മണ, ഇപ്പോൾ എന്റെ വലത്തേ കണ്ണ് എളകുന്നു. അതു ഹേതുവായിട്ട് ഒരു ആപത്തു വരുവാൻ കാലമായി; നിശ്ചയം – എന്നീവണ്ണമോ പറഞ്ഞതു് ? എന്നു രാവണന്റെ ഭാവമായിട്ട്.

പിന്നെ ലക്ഷ്മണന്റെ ശ്ലോകം[3] കേട്ട വിലക്കി പാടിച്ചു, പിന്നെയും കേട്ട്, – എന്താണ ലക്ഷ്മണൻ പറഞ്ഞതു് ? – പിന്നെ ലക്ഷ്മണന്റെ ഭാവമായിട്ട്, –

---

1. രാവണഃ– ....

മരതകതടേ മന്ദാകിന്യാ മദങ്കനിഷാദിനീ
  കനകനളിനോദ് ഗന്ധീൻ സ്വപ്നാനിലാൻ പ്രതിഗൃഹ്ണതീ
ഭയപരവശേ ദത്താപാങ്ഗാ മഹേന്ദ്രപരിഗ്രഹേ
  മനുജമവധൂയൈഷാ കാമം മയാ സഹ രംസ്യതേ.

(ആ: ചൂ: അങ്കം 3. ശ്ലോകം: 26)

2. സീതാ— (നിമിത്തം സൂചയന്തീ).

കുമാര, ആസന്നമിവ അശോഭനം ഭാവി ദക്ഷിണമിദാനീം മേ അക്ഷി മന്ത്രയതേ

(ആ: ചൂ: 3–ാമങ്കം 26-ാം ശ്ലോകം കഴിഞ്ഞു്)

3. ലക്ഷ്മണഃ— ആര്യേ,

ദായാദസാധാരണവസ്തുവന്ധ്യം
  വനാന്തമസ്മാകമുപാശ്രിതാനാം
അശോഭനം നാമ കിമവ്യവസ്ഥാ
  യത്ര ശ്രിയസ്തത്ര നനു ദ്വിഷന്തഃ

(ആ: ചൂ: അങ്കം 3. ശ്ലോക 27.)

അല്ലേ ജ്യേഷ്ഠത്തി, രാജ്യവും രാജധാനിയും ആസകലം ഉപേക്ഷിച്ച വനപ്രദേശത്തിങ്കൽ വന്ന തപസ്സും ചെയ്തു് ഇരിക്കുന്ന നമുക്കു് ഒരു ആപത്തും വരിക ഇല്ല. അവ്യവസ്ഥകളായിരിക്കുന്ന സ്ത്രീകൾ യാതൊരിടത്തു്, അവിടെ ശത്രുക്കളും ഉണ്ടു് എന്ന നിശ്ചയം.

എന്നീവണ്ണമോ പറഞ്ഞതു് ? — എന്ന രാവണൻെറ ഭാവമായിട്ടു്.

പിന്നെ സീതയുടെ ഗ്രന്ഥം :– എന്താണു് സീത പറഞ്ഞതു് ?

[1] അല്ലേ ലക്ഷ്മണ, ഞാൻ തപോവനത്തിങ്കൽ ഇരിക്കുന്ന സമയത്തിങ്കൽ ഋഷിപത്നിമാരു പറഞ്ഞു, ഹതന്മാരായിരിക്കുന്ന ഖരദൂഷണത്രിശിരസ്സുകളുടെ ഭ്രാതാവായിട്ടു പ്രസിദ്ധനായിട്ടു ഒരുത്തൻ ഉണ്ടു്, എന്നീവണ്ണം കേട്ടിട്ടുണ്ടു്. അവൻ അസാരനല്ല. ഇരിവതു കൈകളോടുകൂടിയവനാണു്.

എന്നീവണ്ണമോ പറഞ്ഞതു് ? — എന്ന രാവണൻെറ ഭാവമായിട്ടു് —

വിചാരിച്ചു പ്രസാദിച്ചു് — ആഹ ! ഈശ്വരാനുഗ്രഹം[2] ഹേതുവായിട്ടു് ഇവൾ എൻെറ പരമാർത്ഥം ആസകലം കേട്ടിട്ടുണ്ടു്, എന്താണു ലക്ഷ്മണൻ പറഞ്ഞതു് ?

പിന്നെ ലക്ഷ്മണൻെറ[3] സ്ഥായിയിൽ—അല്ലേ ജ്യേഷ്ഠത്തി, ഇവങ്കൽ നിന്ന ഭയം വേണ്ട. ആ രാവണൻ പോന്നുവന്നു് ഏതാനും ചെയ്യുവെങ്കിലോ എന്നീവണ്ണം വിചാരിച്ചു ഭയപ്പെടേണ്ട;

---

1. സീതാ—
കുമാര, ഋഷിപത്നീനാം വദനാത് ശ്രുതം മയാസ്തി വിശ്രുതോ
വിംശതിഭുജോ യുവാഭ്യാം ഹതയോ: ഖരദൂഷണയോർഭ്രാതേതി.
(ആ: ച്യ: 3—ാമങ്കം 27—ാം ശ്ലോകം കഴിഞ്ഞു്)

2. രാവണ:—
ദിഷ്ട്യാഹമനയാ ശ്രുതപൂർവ്വഃ.
(ആ: ച്യ: 3—ാമങ്കം 27-ാം ശ്ലോകം കഴിഞ്ഞു്)

3. ലക്ഷ്മണ:—
ആര്യേ, അലമസ്മാദുദ്വേഗേന.
(3–ാമങ്കം 27–ാം ശ്ലോകം കഴിഞ്ഞു്)

എന്നീവണ്ണമോ പറഞ്ഞതു്? — എന്നു രാവണൻെറ ഭാവമായിട്ടു്. എന്താണു് ഇവൻ പറവാൻ ഭാവിക്കുന്നതു്?[1] —

പിന്നെ ശ്ലോകം[2] കേട്ടു വിലക്കി പാടിച്ചു്, പിന്നെയും കേട്ടു് — എന്താണു ലക്ഷ്മണൻ പറഞ്ഞതു്? —

പിന്നെ ലക്ഷ്മണൻെറ സ്ഥായിയിൽ—അല്ലേ ജ്യേഷ്ഠത്തി,[3] രാവണനു കൈകൾ വളരെ ഉണ്ടാകകൊണ്ടു് ഏതും ഒരു ഫലം ഇല്ല. അതു് എന്തു്? — കാൎത്തവീൎയ്യാൎജ്ജുനൻ രാവണനെ ജയിച്ചു. കാൎത്തവീൎയ്യാൎജ്ജുനനു് ആയിരം കൈകൾ ഉണ്ടു്. കാൎത്തവീൎയ്യാൎജ്ജുനൻെറ കൈകളെ പരശുരാമമഹൎഷി ചമത മുറിക്കുന്ന കഠാരം കൊണ്ടു ഛേദിച്ചു, വൃക്ഷങ്ങളെ ഛേദിക്കുന്നതു പോലെ. ആ പരശുരാമമഹൎഷിയെ ജ്യേഷ്ഠൻ ജയിച്ചു; എന്നീ-വണ്ണമോ പറഞ്ഞതു്? —

എന്നു രാവണൻെറ ഭാവമായിട്ടു് — അല്ലേ മനുഷ്യൻ, നിൻെറ ഈ വാക്കിനെ[4] വഴിപോലെ വിചാരിച്ചോണ്ടാലും.

---

1. രാവണ:—

കിം നു ഖലു വക്ഷ്യതി, (3—ാമങ്കം 27—ാം ശ്ലോകം കഴിഞ്ഞു്)

2. ലക്ഷ്മണ:—

യേന സോഽയമപി രാവണോ ജിതഃ
 തം സഹസ്രഭുജമൎജ്ജുനം മുനിഃ
ഹോമസാധനവിധാനകൎമ്മണാ
 വ്യച്ഛിനത് പരശുനേവ ശാഖിനം.
(ആ: ച്യ: അങ്കം 3 ശ്ലോ: 28)

3. ലക്ഷ്മണ:—

ന ബാഹവഃ പ്രമാണം പൗരുഷസ്യ.
(3—ാമങ്കം. 27—ാം ശ്ലോകം കഴിഞ്ഞു്)

4 രാവണ:—

സ്മര മനുഷ്യ തവേദം വചനം.
(3-ാമങ്കം 28-ാം ശ്ലോകം കഴിഞ്ഞു)

പിന്നെ നൈപഥ്യത്തിൽ[1]— 'അയ്യോ ലക്ഷ്മണ!' എന്നീ വണ്ണം കേട്ടിട്ട് —

പിന്നെ, സീതേടെ ഗ്രന്ഥം കേട്ടാട്ടെ. എന്താണു സീത പറഞ്ഞതു് ? —

പിന്നെ നായികാഭാവത്തിൽ, —[2] അയ്യോ ഇതു ഭർത്താവിൻെറ ശബ്ദം പോലെ ഇരിക്കുന്നു;

എന്നീവണ്ണമോ പറഞ്ഞതു് ? — എന്നു രാവണൻെറ ഭാവത്തിൽ, —

എന്താണു ലക്ഷ്മണൻ പറഞ്ഞതു് ? —

ലക്ഷ്മണൻെറ സ്ഥായിയിൽ—അല്ലേ [3]ജേഷ്ട്യത്തി, ജ്യേഷ്ഠൻ 'അയ്യോ' എന്നീവണ്ണം കരയുമോ ? അതില്ല; —

എന്നീവണ്ണമോ പറഞ്ഞതു് ? — എന്നു രാവണൻെറ ഭാവമായിട്ട് , —

എന്താണു സീത പറഞ്ഞതു് ? —

സീതേടെ ഭാവത്തിൽ—അല്ലേ ലക്ഷ്മ[4]ണ, നിയ്യ് എന്തന്നാണു വിചാരിക്കുന്നതു്?– എന്നീവണ്ണമോ പറഞ്ഞതു് ? —

എന്നു രാവണൻെറ ഭാവത്തിൽ.

എന്താണു ലക്ഷ്മണൻ പറഞ്ഞതു് ? — പിന്നെ ലക്ഷ്മ–ണൻെറ സ്ഥായിയിൽ :— അല്ലേ ജേഷ്ഠ[5]ത്തി, ഞാൻ 'മായാ' എന്നീവണ്ണം വിചാരിക്കുന്നു ;

എന്നീവണ്ണമോ പറഞ്ഞതു് ? — എന്നു രാവണൻെറ ഭാവമായിട്ട് —[6]ആശ്ചര്യം ഇവൻ അസാരനല്ല. മനസ്സിന്നു വഴി–പോലെ ഒറപ്പോട്ടുകൂടി ഇരിപ്പൊരുത്തനാണ്.

---

1. (നേപഥ്യേ):– ഹാ ലക്ഷ്മണ. (3–ാമങ്കം. 28–ാം ശ്ലോകം കഴിഞ്ഞു്)
2. സീതാ:–
   ഹം! ആര്യ്യപുത്രസ്യേവ സ്വരഃ do.
3. ലക്ഷ്മണ:—
   ആര്യ്യേ, കിമാർത്തസ്വരമാര്യ്യഃ കരോതി do.
4. സീതാ:– ത്വം കിം തർക്കയസി. do.
5. ലക്ഷ്മണ:– മായാതി do.
6. രാവണ:— അഹോ ധൃഷ്ടഃ ഖലേഷഃ do.

പിന്നെ നൈപഥ്യം[1] കേൾപ്പൂ. 'എന്താണ താമസിക്കുന്നതു് ? , എന്നിവണ്ണമോ കേട്ടതു് ?

പിന്നെ സീതേടെ ഗ്രന്ഥം കേട്ട് ആട്ട–

എന്താണ സീത പറഞ്ഞതു് ?— പിന്നെ നായികാഭാവത്തിൽ—അല്ലേ ദുഷ്ടൻ,[2] ജ്യേഷ്ഠൻെറ 'അയ്യോ' എന്നിവണ്ണമുള്ള കരച്ചില്യ കേട്ടിട്ട്[3] ഇളക്കം കൂടാതെ പോകാതെ നില്ക്കുന്ന നിന്നെ ഭൂമി എങ്ങനെ സഹിക്കുന്നു—

എന്നിവണ്ണമോ പറഞ്ഞതു് ? — എന്നു രാവണൻെറ ഭാവമായിട്ട്.

പിന്നെ ലക്ഷ്മണൻെറ ഗ്രന്ഥം കേട്ടാട്ട.

എന്താണ ലക്ഷ്മണൻ പറഞ്ഞതു് ?—അല്ലേ[4] ജ്യേഷ്ഠത്തി, അങ്ങുന്നു് അപ്രകാരം തന്നെ നിശ്ചയിച്ചുവോ ? എന്നിവണ്ണമോ പറഞ്ഞതു് ? എന്നു രാവണൻെറ ഭാവത്തിൽ

പിന്നെ സീതേടെ ഗ്രന്ഥം കേട്ടാട്ട. എന്താണ സീത പറഞ്ഞതു് ? —

പിന്നെ നായികാഭാവത്തിൽ — അല്ലേ പൊട്ടൻ,[5] നിന്നാൽ രക്ഷിക്കപ്പെട്ടവാൻ യോഗ്യനല്ലയോ ? — എന്നിവണ്ണമോ പറഞ്ഞതു് ? എന്നു രാവണൻെറ ഭാവമായിട്ട് —

ലക്ഷ്മണൻെറ ഗ്രന്ഥം കേട്ടാട്ട. എന്താണ ലക്ഷ്മണൻ പറഞ്ഞതു് ? —

---

1. (നേപഥ്യേ) കിം വിലംബസേ (3–ാമങ്കം. 28–ാം ശ്ലോകംകഴിഞ്ഞു്)
2. സീതാ — ഖല, ഭ്രാതുരാപന്നസ്യാക്രന്ദിതമുപേക്ഷമാണം ത്വാം കഥം ഭഗവതീ പൃഥ്വീ സഹതേ (3–ാമങ്കം. 28–ാം ശ്ലോകം കഴിഞ്ഞു്)
3. 'ഇളക്കം കൂടാതെ, എന്നില്ല.
4. ലക്ഷ്മണഃ– ആര്യേ, കിം ത്വയാ തഥൈവേതി നിശ്ചിതം. do.
5. സീതാ— ബാലിശ ത്വാതോഽപി രക്ഷിതവ്യഃ. do.

അല്ലേ ജ്യേഷ്ഠത്തി,[1] എല്ലാ ജനങ്ങളെയും രക്ഷിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നവനേ ഞാൻ എങ്ങിനെ രക്ഷിക്കേണ്ടു; എന്നീവണ്ണമോ പറഞ്ഞതു് ?—എന്നു രാവണന്റെ ഭാവമായിട്ടു്.

പിന്നെ നൈപഥ്യം[2] കേൾക്കുള. എന്താണു ലക്ഷ്മണ, നിയ്യ് കേട്ടില്ലേ ?—

പിന്നെ സീതേടെ ഗ്രന്ഥം കേട്ടാട്ട. എന്താണു സീത പറഞ്ഞതു് ?—

പിന്നെ നായികാഭാവത്തിൽ — അല്ലേ[3] ലക്ഷ്മണ, നിയ്യ് പോവാതെ താമസിച്ചു നില്ക്കുന്നതിന്റെ കാരണം ഞാനറിഞ്ഞു. രാജ്യകാംക്ഷകൊണ്ടും എന്നോട്ട കൂടെ സുഖമായിട്ടു് ഇരിപ്പാനുള്ള ആഗ്രഹം ഹേതുവായിട്ടും ആണു പോവാതെ നില്ക്കുന്നതു്. ഞാൻ മറെറാരുത്തനോട്ടകൂടെ ഇരിക്ക ഇല്ല; എന്നീവണ്ണമോ പറഞ്ഞതു്, എന്നു രാവണന്റെ ഭാവമായിട്ടു് —

പിന്നെ കേട്ട വിലക്കി, 'അപി മാം[4] വിജല്പസി' എന്ന ശ്ലോകം പാടിച്ചു്, പിന്നെയും കേട്ടു്, എന്താണു ലക്ഷ്മണൻ രണ്ടു കൈകളെക്കൊണ്ടും ചെവി പൊത്തി, അല്ലേ ജ്യേഷ്ഠത്തി, ഈവണ്ണം വഷളായിട്ട പറയരുതേ, പറയരുതേ. അങ്ങുന്നു് അസാരയല്ലല്ലോ. ഏററവും തനിക്കുതാൻ പോരികയോട്ടകൂടി ഇരി

---

1. ലക്ഷ്മണഃ— കഥം രക്ഷ്യോ രക്ഷതി
(ആ ചൂ. 3–ാമങ്കം. 28–ാം ശ്ലോകം കഴിഞ്ഞു്)
2. (നേപഥ്യ) കിം ന ശൃണോഷി ലക്ഷ്മണ! do.
3. സീതാ–ശൃണു ലക്ഷ്മണ കിം ന ത്വരസേ അനന്തരഗാമിനീ സ്ത്രീണാം ലക്ഷ്മീഃ. നഖലഹം, ഏകം ത്വാമേവ. do.
4. ലക്ഷ്മണഃ—(കർണ്ണൗ പിധായ).
അപി മാം വിജല്പസി ഗഭീരധിയാം
പ്രഥമാ സതീ യദവിചാര്യ്യചലാ
തദുപസ്ഥിതാ തവ വിപന്നിയതം
പരിവർത്തതേ പ്രകൃതിരാപദി ഹി.
(ആ: ചൂ: അങ്കം 3. ശ്ലോ: 29)

പ്പൊരുത്തിയാണ്. പിന്നെ പാതിവ്രത്യം വഴിപോലെ ഉണ്ട്. ഈവണ്ണമിരിക്കുന്ന അങ്ങുന്ന വിചാരിയാതെ ഈവണ്ണം വഷളായിട്ട പറകഹേതുവായിട്ട് ഒരു ആപത്തു വരുവാൻ കാലമായി, നിശ്ചയം. ആപത്തു വരുംകാലത്ത് മനസ്സു വിപരീതമായിട്ട ഭവിക്കും എന്ന പ്രസിദ്ധമല്ലോ:- എന്നീവണ്ണമോ പറഞ്ഞത് ? - എന്ന രാവണൻെറ ഭാവമായിട്ട്.

അല്ലേ മൂഢൻ[1], ഇവൾക്ക് ആപത്തുവരിക ഇല്ല. സമ്പത്തു വരികയാണ്. അതു നിയ്യ് അറിയുന്നില്ല.

എന്താണ[2] സീതയും ലക്ഷ്മണനും അന്യോന്യം ഓരോന്നു പറഞ്ഞു? ലക്ഷ്മണൻ പോയി.

പിന്നെ മൂഢ്ഢൻെറ[3] ഭാവത്തോട്ടകൂടെ—

എന്താണ ശൂർപ്പണഖ പറഞ്ഞത് ? — അല്ലേ ആര്യൻ[4], കണ്ടാലും കണ്ടാലും, ഇതല്ലോ ഒരു വനിതാരത്നം താനേതന്നെ പോന്നുവരുന്നു. എന്നീവണ്ണമോ പറഞ്ഞത് ? പിന്നെ എവിടത്തു[5] നോക്കി കണ്ടു സീത താനേതന്നെ ആശ്രമത്തിങ്കൽ നിന്നു പോന്നുവരുന്നത്[6]. ഈ കാലം ഉപേക്ഷിക്കയല്ല. എന്നാൽ

---

1. രാവണഃ— മൂഢ, ത്വം ന ജാനീഷേ സമ്പദുപസ്ഥിതാ വനവാസപരിക്ലിഷ്ടായാഃ.
   (3—ാമങ്കം -29-ാം ശ്ലോകം കഴിഞ്ഞു്.)
2. "സീതാ—മൂർഖ ശൃണു ലക്ഷ്മണ" ——എന്ന ഭാഗം മുതൽ "ലക്ഷ്മണ: (പ്രണമ്യ) നമസ്തുഭ്യം (നിഷ്ക്രാന്ത:)"
3. പിന്നെ കൂടെ, എന്ന ഭാഗമില്ല.
4. ശൂർപ്പണഖാ— ആര്യ പശ്യ പശ്യ അപനീതയന്ത്രകം രത്നം സ്വയമേവ ഗച്ഛതു് (3-ാമങ്കം. 31-ാം ശ്ലോകം കഴിഞ്ഞു്)
5. 'എവിടത്തു' എന്നില്ല 6. പോന്നു വരുന്ന ഈ കാലം—

ഞാൻ രാമൻ്റെ[1] രൂപത്തെ ധരിച്ച് ഇവളെ മാർഗ്ഗമദ്ധ്യത്തിങ്കൽ തടുക്കുന്നുണ്ട്.

എന്താണു ശൂർപ്പണഖ പറഞ്ഞത് ? — ആര്യൻ പറഞ്ഞതു[2] നല്ല ശിക്ഷ. ഞാൻ സീതേടെ രൂപത്തെ ധരിച്ചു രാമനെ നിവൃത്തിപഥത്തിങ്കൽ താമസിപ്പിക്കുന്നുണ്ട്; – എന്നീ വണ്ണമോ പറഞ്ഞത് ?
അങ്ങനെ[3] തന്നെ.

എന്താണു സൂതൻ പറഞ്ഞത് ? — അല്ല ആയുഷ്മൻ.[4] ഞാൻ എന്താണു ചെയ്യേണ്ടതു് ; — എന്നീവണ്ണമോ പറഞ്ഞതു്; സൂതൻ്റെ[5] ചെവിയിൽ പറഞ്ഞു -

ഈവണ്ണം ചെയ്താലും— അല്ല സൂതൻ,[6] നീയ്യ് ലക്ഷ്മണൻ്റെ രൂപത്തെ ധരിച്ചു തേരു കൊണ്ടുവന്നാലും,

---

1. രാവണ:-നായമുപേക്ഷാകാല: രാമരൂപേണൈനാമർധപഥേ പ്രതിബധ്നാമി.
(3-ാമങ്കം. 31-ാം ശ്ലോകം കഴിഞ്ഞു്)
2. ശൂർപ്പണഖാ—
സുഷ്ഠു ആര്യോ ഭണതി. അഹമപി താവദ് രാമം സീതാരൂപേണ നിവൃത്തിപഥേ വിലംബയിഷ്യേ. (3-ാമങ്കം. 31-ാം ശ്ലോകം കഴിഞ്ഞു്)
3. രാവണ:— ബാഢം.
4. സൂത :— ആയുഷ്മൻ കിം മയേദാനീം കർത്തവ്യം,
(3-ാമങ്കം. 31-ാം ശ്ലോകം കഴിഞ്ഞു്.)
5. രാവണ:— (കർണ്ണേ) ഏവമിവ.
(3—ാമങ്കം. 31—ാം ശ്ലോകം കഴിഞ്ഞു്)
6. "അഥ സൂത: ആത്മനാ കിമിദാനീം മയാ കർത്തവ്യമിതി പൃഷ്ടേന ദശഗ്രീവേണ മായാബലേന സൗമിത്രിരൂപമവലംബ്യ രഥാധിരൂഢോ ഭൂത്വാ ജാനക്യാ അഭ്യർണ്ണമാസാദ്യ പ്രകാശം തദപസ്രമ്ഭജനനാത്മമേവമുപവർണ്ണയേത്യാജ്ഞപ്ത:സനിർവ്വേദമാഹ—'ഇദമപീതി.'"

എന്നു് 'ഇദമപി മയാ കർത്തവ്യം' എന്ന സൂതവാക്യത്തിൻ്റെ വ്യാഖ്യാനത്തെ അനുസ്മരിപ്പിക്കുന്നു. (വ്യാഖ്യാനം-ശങ്കരൻ)

പിന്നെ[1] പീഠത്തിന്മേൽ എണീററു നിന്നു മായാമന്ത്രം ജപിച്ചു മറഞ്ഞു് 'ശ്രീരാമൻെറ രൂപത്തെ ധരിച്ചു' എന്നു കാട്ടി, ഉത്തരീയം അരയിൽ കെട്ടി, പോയി നഖവും കെട്ടി, തൻെറ ശരീരം സൂക്ഷിച്ചുനോക്കി, ജടാവല്ക്കലങ്ങളും കക്ഷപക്ഷങ്ങളും നീട്ടി, 'ഏവ വഷള്'' എന്നു കാട്ടി, പീഠത്തിന്മേന്നു് എറങ്ങി, ശ്രീരാമൻെറ ഭാവമായിട്ടു വില്ലും അമ്പും കയ്യിലുള്ള ഭാവത്തിൽ വിളക്കത്തു താണു നില്പ്പു.

എന്താണു സീത പറഞ്ഞതു് ?[2] — അല്ലേ ആര്യ്യപുത്രൻ ജയിപ്പൂതാക ജയിപ്പൂതാക, എന്നീവണ്ണമോ പറഞ്ഞതു്?

അല്ലേ സുന്ദരിയായുള്ളോവേ, സീതേ, നീയ്യ് ഈവണ്ണം താനേതന്നെ വനത്തിങ്കൽ സഞ്ചരിക്കുന്നതു് എന്താണു് ? നിൻെറ ചരണങ്ങൾ ഏററവും മൃദുക്കളെല്ലൊ ആണു്. നീയ്യ് എങ്ങനെയുള്ള ? — മായാബലംകൊണ്ടു് ബലവാന്മാരായിരിക്കുന്ന രാക്ഷസരുടെ ജിഹ്വാതലത്തിങ്കൽ ഇരിക്കുന്നവളാണു്. ഈവണ്ണമിരിക്കുന്ന നിന്നെ ലക്ഷ്മണൻ ഉപേക്ഷിച്ചുവോ ?

വിലക്കി പാടിപ്പൂ 'മായാബലേന,'[3] പിന്നെ കണ്ടു[4] ലക്ഷ്മണൻ തേരു കൊണ്ടുവരുന്നതു്. എന്താണു ലക്ഷ്മണൻ

---

1. (രാവണോ രഥാദവതീര്യ്യ രാമരൂപേണ സീതായാ: പുരതസ്തിഷ്ഠതി)
(3-ാം മങ്കം. 31-ാം ശ്ലോകം കഴിഞ്ഞു്)

2. സീതാ——
ഹം ആര്യ്യപുത്രഃ. ജയത്വാര്യപുത്ര:
(3-ാ മങ്കം-31ാം ശ്ലോകം കഴിഞ്ഞു്)

3. രാവണ:—ദേവി ഇത ഇത:
മായാബലേന ബലിനാം ക്ഷണദാചരാണാം
ജിഹ്വാതലേ കരതലോദരി വർത്തമാനാം
ത്വാം ലക്ഷ്മണ: കഥമുപേക്ഷിതവാൻ കഥം ത്വ-
മിത്ഥം ഗതാസി മൃദുനാ ചരണദ്വയേന.
(ആ: ചൂ: 3-ാം മങ്കം. 32-ാം ശ്ലോകം)

4 രാവണ:സൂതം വീക്ഷതേ സൂതോfപി ലക്ഷ്മണരൂപേണ
രഥമസന്ദിഗ്ധം ഗൃഹീത്വാ രാവണമുപസർപ്പതി)
(3-ാം മങ്കം. 32-ാം ശ്ലോകം കഴിഞ്ഞു്)

[1]പറഞ്ഞതു്

അല്ലേ ജ്യേഷ്ഠൻ, '[2]അയോദ്ധ്യയിങ്കൽ ശത്രുരാജാക്കന്മാരു ചെന്നു് യുദ്ധം ചെയ്തു ഭരതനെ ജയിച്ചു രാജ്യം അപഹരിച്ചു' എന്നീവണ്ണം മഹത്തുക്കളായിരിക്കുന്ന മഹർഷിമാരു് സമാധിചക്ഷുസ്സു കൊണ്ടു് അറിഞ്ഞു തപസ്സുകൊണ്ടു തേരുണ്ടാക്കി, നോക്കു വേഗം അയോദ്ധ്യയിങ്കലേക്കു പോവാനായിക്കൊണ്ടു് എന്റെ കയ്യിൽ തന്നയച്ചിരിക്കുന്നു. ഇതു ഹേതുവായിട്ടു് [3]അങ്ങുന്നു ഭാര്യയോടും കൂടി തേരിൽ കയറിയാലും; എന്നീവണ്ണമോ പറഞ്ഞതു് ?

[4]എന്നാൽ അങ്ങനെ തന്നെ. [5]അല്ലേ ലക്ഷ്മണ, മുമ്പിൽ ദേവിയെ തേരിൽ കയററിയാലും. പിന്നെ താനായിട്ടു തേരിൽ കയറി; തേർ പെരുമാററത്തിൽ നടന്നു തിരിഞ്ഞു വിളക്കത്തു [6]ചാടി താണു നിന്നു് എടത്തോട്ടായിട്ടു് സീതേ ആഗ്രഹം ഭാവിച്ചു്, പിന്നെയും തേർ പെരുമാററത്തിൽ നടന്നു തിരിഞ്ഞു വിളക്കത്തു ചാടി താണു നിന്നു് സീതേ ആഗ്രഹം ഭാവിച്ചു പിന്നെയും തേർ പെരുമാററത്തിൽ നടന്നു തിരിഞ്ഞു് സീതേ ആഗ്രഹം ഭാവിച്ചു്, [8]വിചാരിച്ചു് —

---

1. രാവണ:—ലക്ഷ്മണ കിമിദം (3—ാമങ്കം. 32-ാം ശ്ലോകം കഴിഞ്ഞു്)
2. ആര്യ സമാധിചക്ഷുഷാ ഭരതസ്യ പരചക്രഭയമുപനതം ദൃഷ്ട്വാ യുഷ്മാഭിരഭിഗന്തവ്യമിതി തപസാ രഥം നിർമ്മായ മഹ്യം ദത്വാ വനാന്തരേഷ്വന്തർഹിതസ്തപസ്വിജന :

   (3-ാം മങ്കം. 32-ാം ശ്ലോകം കഴിഞ്ഞു്.)
3. സൂതഃ—രഥമാരോഹതാര്യ്യ: സപത്നീകഃ.

   (3-ാമങ്കം. 32-ാം ശ്ലോകം കഴിഞ്ഞു്.)
4. 'എന്നാൽ......ന്നെ' എന്നില്ല.
5. ലക്ഷ്മണ പ്രഥമം ദേവീമാരോഹയ രഥം.

   (3–ാമങ്കം. 32-ാം ശ്ലോകം കഴിഞ്ഞു്)
6. 'ചാടി' – എന്നില്ല
7. 'വിളക്കത്തു ചാടിനിന്നു്' എന്നില്ല
8. 'വിചാരിച്ചു്'—എന്നില്ല.

'എന്നാൽ ഇവളെ തൊട്ടിട്ടുള്ള സുഖത്തെ അനുഭവിക്ക തന്നെ' എന്നു കാട്ടി, സീതേ തൊടാൻ ഭാവിച്ചു പിന്നോക്കം പോന്നു്, കഷ്ടം വിചാരിച്ചു് 'ഞാൻ രാമൻ തന്നെ' എന്നീ വണ്ണം ഇവളുടെ മനസ്സിൽ വിശ്വാസം വഴിപോലെ ഉണ്ടെങ്കിലും ഞാൻ ഇവളെ തൊട്ടുവാൻ ശക്തനായി ഭവിക്കുന്നില്ല. മുമ്പിൽ കണ്ടിട്ടില്ലാത്ത സ്ത്രീകളോടുകൂടെ സുഖമായിട്ടു ഇരുന്നിട്ടുള്ള സമാഗമം വേഗം ലഭിക്കയില്ല. വളരെ പ്രയത്നം ചെയ്തേ ലഭിക്കൂ. എന്നു കാട്ടി വിലക്കി ശ്ലോകം പാടിപ്പൂ – 'മയി ബുദ്ധ്യാ'.[1] വിചാരിച്ചു് ഇവളുടെ മനസ്സിൽ സന്തോഷം ഉണ്ടാക്കാൻ എന്തൊരു് ഉപായം ഉള്ളൂ, വിചാരിച്ചു് ഈവണ്ണം പറകതന്നെ.

[2] അല്ലേ ലക്ഷ്മണ, വേഗം കുതിരകളെ തെളിച്ചാലും; അതു് എന്തു് ? — ഭരതൻ ഭാരത്തെ കളഞ്ഞോട്ടെ; ഇപ്പോൾ അയോദ്ധ്യയിങ്കൽ ശത്രുരാജാക്കന്മാരു ചെന്നു് യുദ്ധംചെയ്തു ഭരതനെ ജയിച്ചു രാജ്യം അപഹരിക്ക ഹേതുവായിട്ടു് ഭരതൻ ദുഃഖിച്ചു് അന്തഃപുരത്തിങ്കലിരിക്കുന്നു, എന്നിവണ്ണമല്ലോ കേട്ടതു; 'അതു് എങ്ങനെ' എന്നു കാട്ടി — ഓരോരോ രാജാക്കന്മാരു് എന്നു് അരങ്ങുപെരുമാററത്തിൽ കാട്ടി, പീഠത്തിന്മേലിരുന്നു് അവരുടെ ഭാവമായിട്ടു് ആട്ടു —

എടോ, രാമൻെറ അഭിഷേകം മുടങ്ങി, കേട്ടില്ലേ ? — പിന്നെ മറെറാരുത്തൻെറ ഭാവത്തിൽ—എടോ, അതിന്നു സംഗതി എന്താണു് ?

---

1. രാവണ: (ആത്മഗതം) രാമ ഇതി

    മയി ബുദ്ധ്യാപ്യസന്ദിഗ്ദ്ധാമിമാം ന സ്പ്രഷ്ടുമുത്സഹേ
    അഹോ തത്പൂർവ്വദൃഷ്ടാനാം കഷ്ടഃ സ്ത്രീണാം സമാഗമഃ.
    (ആ: ച്യൂ: മൂന്നാമങ്കം. 33-ാം ശ്ലോകം)

2. രാവണഃ :-പ്രസന്നാ ദേവീ, ലക്ഷ്മണ ത്തൂർണം ചോദയാശ്വാൻ.
    (3-ാമങ്കം. 32-ാം ശ്ലോകം കഴിഞ്ഞു്)

ഭരതനെ അഭിഷേകം ചെയ്യാഞ്ഞുകൊണ്ടു കൈകേയി മുടക്കി. എടോ കേട്ടില്ലേ ? – രാമൻ സീതയോടും ലക്ഷ്മണനോടും കൂടി വനത്തിങ്കലേക്കു പോയി.

എടോ കേട്ടില്ലേ ? — രാമൻ വനത്തിങ്കലേക്കു പോക ഹേതുവായിട്ടു രാജാവു ദശരഥൻ ദുഃഖിച്ചു മരിച്ചു.

നിശ്ചയമോ ? — നിശ്ചയം. എടോ കേട്ടില്ലേ ? — ഇപ്പോൾ രാജ്യം അപഹരിപ്പാൻ സമയം തന്നെ. എടോ ഭരതൻ ഉണ്ടായാൽ എന്താണ് ? അസാരൻ പോക, പോക.

അല്ലേ അല്ലേ സൈന്യങ്ങള്, യുദ്ധത്തിനായിക്കൊണ്ടു പുറപ്പെടിൻ ; — എന്നു കാട്ടി 'പടപ്പുറപ്പാട്' വിസ്തരിച്ചു കാട്ടി അയോദ്ധ്യയിങ്കൽ ചെന്ന് നാലു പുറവും നെറഞ്ഞൂവശായി. ഭരതനെ യുദ്ധത്തിനായി കോട്ട തട്ടിവിളിച്ച്.

പിന്നെ ഭരതനായിട്ട് :— പീഠത്തിന്മേൽ ഇരുന്ന്, അച്ഛൻ മരിക്കകൊണ്ടും ജ്യേഷ്ഠൻ വനത്തിങ്കലേക്കു പോകകൊണ്ടും ദുഃഖിച്ചു രാജ്യം രക്ഷിപ്പൂതും ചെയ്ത് ഇരിക്കുന്ന സമയത്തിങ്കൽ കേട്ട ശത്രു രാജാക്കന്മാരു യുദ്ധത്തിന്നായി കോട്ട[1]തട്ടിവിളിക്കുന്നതു്.

'അല്ലേ സൈന്യങ്ങള്, യുദ്ധത്തിന്നായിക്കൊണ്ടു പുറപ്പെടിൻ'.

പിന്നെ ഭരതനായിട്ട് അരയും തലയും മുറുക്കി വില്ലും കലച്ചു സൈന്യങ്ങളോടും കൂടെ ചെന്ന് — അല്ലേ രാജാക്കന്മാരെ, യുദ്ധത്തിന്നായിക്കൊണ്ടു വന്നോളിൻ! — ഈവണ്ണം തട്ടിവിളിച്ച് അന്യോന്യം യുദ്ധം ചെയ്യുന്ന പ്രകാരം കാട്ടി, ആ സമയത്തിങ്കൽ ഭരതൻ മടങ്ങി ഭയപ്പെട്ടുപോയി അന്തഃപുരത്തിങ്കൽ ദുഃഖിപ്പൂതും ചെയ്തു് ഇരുന്നു[2].

1· കൊണ്ടു 2. ഇരിക്കുന്നു

ഈവണ്ണം ഭരതൻ ദുഃഖിപ്പതും ചെയ്ത് ഇരിക്കുന്ന[1] സമയത്തിങ്കൽ നാം അയോദ്ധ്യയിങ്കൽ ചെന്നു് രാജാക്കന്മാരുടെ നേരേ ശരപ്രയോഗം ചെയ്തു ചെല്ലുന്ന സമയത്തിങ്കൽ രാജാക്കന്മാരു് ഭരതൻ മടങ്ങിപ്പോകുന്ന കണ്ടു് — 'ഹൈ വിസ്ഢഃ ' എന്നു ഭാവിപ്പതും ചെയ്തു നില്ക്കുന്ന സമയത്തിങ്കൽ, കണ്ടു രാമൻ ശരപ്രയോഗം ചെയ്തു വരുന്നതു്. ഭയപ്പെട്ടു് ഓടിപ്പോയി ആ സമയത്തിങ്കൽ. ഭരതൻ ദുഃഖിപ്പതും ചെയ്കിരിക്കുന്ന സമയത്തിങ്കൽ കേട്ടു ജേഷ്ഠൻ വന്നു യുദ്ധം ചെയ്തു രാജാക്കന്മാരെ ആസകലം ജയിച്ചു — എന്നീവണ്ണം കേട്ടു സന്തോഷിച്ചു സമീപത്തിങ്കൽ വന്നു വന്ദിച്ചു് —

അല്ലേ ജേഷ്ഠൻ, രാജ്യഭാരത്തെ സ്വീകരിച്ചുകൊണ്ടാലും; ഈവണ്ണം ഭരതൻ ഭാരത്തെ കളഞ്ഞോട്ടെ.

ഭാരം എങ്ങനെയുള്ളൂ. — ചതുഃസാഗരപര്യ്യന്തയായിരിക്കുന്ന[2] ഭൂമിയെ രക്ഷിക്കഹേതുവായിട്ടു് ഏററവും വദ്ധിച്ചിരുപ്പോന്നാണ്. ഈവണ്ണമിരിക്കുന്ന ഭാരത്തെ കളഞ്ഞോട്ടെ.

പിന്നെ അമ്മമാരു നമ്മെക്കണ്ടു സന്തോഷത്തോടുകൂടെ ഭവിച്ചോട്ടെ. അതു് എങ്ങനെ[3] — 'അമ്മമാരു് അയോദ്ധ്യയിങ്കൽ ' എന്നു കാട്ടി, പിന്നെ അമ്മമാരുടെ സ്ഥായിയിൽ-നായികാഭാവത്തിൽ നിന്നു് —

കഷ്ടം! ഭത്താവു മരിച്ചു. പുത്രന്മാരു വനത്തിങ്കലേക്കു പോകയും ചെയ്തു, ഇനി എന്നാണു പുത്രന്മാരെ കാണാൻ സംഗതി വരുന്നതു്. ?

ഈവണ്ണം വിചാരിച്ചു ദുഃഖിപ്പതും ചെയ്കിരിക്കുന്ന സമയത്തിങ്കൽ. നാം സമീപത്തിങ്കൽ ചെന്നു നമസ്കരിക്കുന്ന സമയത്തിങ്കൽ —

---

1. ഇരിക്കുന്നു. ആ സമയത്തിങ്കൽ.
2. സമുദ്ര. 3. എങ്ങിനെ

പിന്നെ അമ്മമാരുടെ സമീപത്തിൽ — ദുഃഖിപ്പതും ചെയ്തു നില്ക്കുന്ന സമയത്തിങ്കൽ കണ്ട പുത്രന്മാരും സീതയും വന്നു കാല്ക്കൽ നമസ്കരിക്കുന്നതു്. പ്രസാദിച്ച് സ്തനങ്ങളിൽ നിന്നു പാലു ചുരന്നു വീണു.*

ഈവണ്ണം സന്തോഷത്തോടുകൂടെ ഭവിച്ചോട്ടെ. പിന്നെ ഇവൾ അയോദ്ധ്യയിങ്കൽ ചെന്നു ദുഃഖത്തെ കളഞ്ഞോട്ടെ. സിംഹവ്യാഘ്രാദിമൃഗങ്ങളോടും ദുഷ്ടന്മാരായിരിക്കുന്ന രാക്ഷസരോടും വളരെ കണ്ടകങ്ങളോടും കൂടിയിരിക്കുന്ന വനപ്രദേശങ്ങളിലും പർവ്വതങ്ങളിലും വളരെക്കാലം സഞ്ചരിക്ക ഹേതുവായിട്ടും കാററും മഴയും ഹിമവും തട്ടുക ഹേതുവായിട്ടും ഉണ്ടായിരിക്കുന്ന ദുഃഖത്തെ[1] കളഞ്ഞോട്ടെ.

[1] 'വേഗം കുതിരകളെ തെളിച്ചാലും' എന്നു കാട്ടി വിലക്കി ശ്ലോകം പാടിപ്പു 'ത്യജതു ഭരതോ'.[2]

പിന്നെ പഞ്ചാംഗമാടി കാമശരം കൊണ്ടു മുറുകി കൂത്തു കഴിപ്പു.

---

* 'ഗാഢമാശ്ലിഷ്യ ശിരസി മുകന്നട-
നൂഢമോദം മുലയും ചുരന്നൂ തദാ'
(എന്ന രാമായണഭാഗം അനുസ്മരിപ്പിക്കുന്നു)

1. ദുഃഖങ്ങളെ:
2. രാവണ:-ലക്ഷ്മണ ഉൂർണം ചോദയാശ്വാൻ.

ത്യജതു ഭരതോ ഭാരം വിശ്വംഭരാവിഷയം ക്ഷണാ-
ന്മുദിതമനസ: പശ്യന്ത്യോ നോ ഭവന്തു ച മാതര:
ഇയമപി പുരീമാസാദ്യ സ്വാം നിശാചരഗോചരേ
ചിരമഗവനേ ജാതം ദുഃഖം ജഹാതു തപസ്വിനി.
(ആ: ചൂ: 4-ാമങ്കം. ഒന്നാം ശ്ലോകം)

പിററന്നാൾ സീതേടെ കേശാദിപാദമാടി കാമശരംകൊണ്ടു മുറുകി മോഹിച്ചു പോയി നഖവും ഉത്തരീയവും കെട്ടി വില്ലും അമ്പും എടുത്ത ഭാവരത്തോട്ടുകൂടെ വിളക്കത്തു ചാടിനിന്നു് 'ലക്ഷ്മണ, തുണ്ണും ചോദയാശ്വാൻ' എന്നു തുടങ്ങി 'ത്യജതു[1] ഭരതോ' എന്ന ശ്ലോകം വരെ ചുരുക്കി ആടി, പിന്നെ സീതേടെ ഗ്രന്ഥം[2] കേട്ടാറു.

എന്താണ സീത പറഞ്ഞതു് ? — പിന്നെ സീതേടെ സ്ഥായിയിൽ, – അല്ലേ ആര്യപുത്രൻ, ഞാൻ അയോദ്ധ്യയിങ്കൽ പോവാൻ ആഗ്രഹിക്കുന്നില്ല. തപോവനത്തിൽ ഇരിപ്പാൻതന്നെ ഇനിക്കു് ആഗ്രഹം ഉള്ളൂ—എന്നീവണ്ണമോ പറഞ്ഞതു്? — എന്നു രാവണന്റെ ഭാവത്തിൽ.

പിന്നെ സീതേടെ പശ്ചാംഗമാടി കാമശരംകൊണ്ടു മുറുകി വിചാരിച്ചു് മനുഷ്യസ്ത്രീനിമിത്തമായിട്ടു്[3] ഉണ്ടായിരിക്കുന്ന കാമ പാരവശ്യത്തെ എന്തു ചെയ്തിട്ടു കളയേണ്ടൂ; 'വിചാരിച്ചു്—ഇവളെ[4] തൊട്ടിട്ടുള്ള സുഖത്തെ അനുഭവിക്കതന്നെ', എന്നു കാട്ടി തൊടുവാൻ

---

1. രാവണ:–ത്യജതു ഭരതോ ഭാരം വിശ്വംഭരാവിഷയം ക്ഷണാ–
ന്മുദിതമനസ: പശ്യന്ത്യോ നോ ഭവന്തു ച മാതരഃ
ഇയമപി പുരീമാസാദ്യ സ്വാം നിശാചര ഗോചരേ
ചിരമഗവനേ ജാതം ദുഃഖം ജഹാതു തപസ്വിനീ.
(നാലാമങ്കം – ഒന്നാം ശ്ലോകം)
2. സീതാ-ആര്യപുത്ര! മാ മൈവം തപോവന ഏവ രമതേ മേ ബുദ്ധിഃ.
(നാലാമങ്കം ഒന്നാം ശ്ലോകം കഴിഞ്ഞു്)
3, രാവണ:–(കാമാവേശം നിരൂപ്യ)
കേന ഖലു വിധിനാ മനുഷ്യസ്ത്രീയമന്തരേണ മന്മഥിപൂർവ്വികാം ത്യജാമി.
(നാലാമങ്കം ഒന്നാം ശ്ലോകം കഴിഞ്ഞു്)
4. രാവണ:– (ആത്മഗതം) ഭാവനയാ താവത് സ്പർശസുഖം അനുഭവാമി. അഹോ നു ഖലു ബലവാനസംസ്തവ:
(4–ാമങ്കം 2–ാം ശ്ലോകം കഴിഞ്ഞു്)

ഭാവിച്ചു പിന്നോക്കം പോന്നു വിളക്കത്തു ചാടിനിന്നു വിചാരിച്ച്, പരിചയം ഇല്ലാത്തതിന്റെ ശക്തി ആശ്ചൎയ്യം തന്നെ. എന്റെ കൈകൾക്കു, പിടിയാതെയിരിക്കുന്ന മനുഷ്യന്റെ [1]ഭാൎയ്യേ തൊടുവാൻ ശക്തി ഇല്ല.

എന്റെ കൈകൾ എങ്ങനെ ഉള്ളു— സ്വർഗ്ഗത്തിങ്കൽ ചെന്നു് ഇന്ദ്രാദിദേവകളുമായിട്ടു യുദ്ധംചെയ്തു സമയത്തിങ്കൽ കണ്ടു ഇന്ദ്രാദിദേവകൾ ആസകലം ഭയപ്പെട്ടു് ഓടിപ്പോകുന്നതു്. 'ഇനി ആരാനും ഉണ്ടോ; ചുഴലവും നോക്കിയസമയത്തിങ്കൽ കണ്ടു ഐരാവതം നില്ക്കുന്നതു്.

ഇവനായിട്ടു പിണങ്ങണം; വാളു വച്ചു യുദ്ധത്തിന്നായിക്കൊണ്ടു തട്ടിവിളിച്ചു. ആ സമയത്തിങ്കൽ 'ഐരാവതം' എന്നു കാട്ടി ഐരാവതത്തിന്റെ ഭാവത്തിൽ നില്ക്കുന്ന സമയത്തിങ്കൽ കണ്ടു രാവണൻ വന്നു [2]യുദ്ധത്തിന്നു തട്ടിവിളിക്കുന്നതു്.

കോപിച്ചു ചെവി വട്ടംപിടിച്ചു കൊമ്പു് ഉയൎത്തി ഓടിച്ചെല്ലു. ആ സമയത്തിങ്കൽ ഞാൻ കണ്ടു ഐരാവതം നേരിട്ടു വരുന്നതു്.

'എന്നാൽ കണ്ടോളു,' എന്നു കാട്ടി ഐരാവതത്തിന്റെ മസ്തകം പിടിച്ചു് ഉന്തുക; പിന്നെ മസ്തകത്തിന്മേൽ അടിക്ക, കൊമ്പു പിടിച്ചു വട്ടത്തിൽ ചുററിക്ക. ഈവണ്ണം ഐരാവതത്തിന്റെ മസ്തകത്തിന്മേൽ അടിക്കാൻ.

[3]ഈവണ്ണം യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ ഐരാവതമായിട്ടു് അടികൊണ്ടു ഭയപ്പെട്ടു് ഓടിപ്പോയ പ്രകാരം കാട്ടിയാൽ,

---

1. ഭാൎയ്യയെ 2. യുദ്ധത്തിന്നായി 3. 'ഈവണ്ണം … … … കാട്ടിയാൽ', എന്നതുവരെ ഇല്ല.

തടവു് ഇല്ല. മസ്തകം എങ്ങനെ ഉള്ള — മദംകൊണ്ടു നനഞ്ഞിരിക്കുന്ന — പെരണ്ടിരിക്കുന്ന[1] — കർണ്ണങ്ങളാകുന്ന ചാമരങ്ങളുടെ അഗ്രങ്ങളോടു കൂടിയതാണു്. ഈവണ്ണമിരിക്കുന്ന മസ്തകത്തിന്മേൽ ചാടി അടിക്കാൻ ഏതും ഒരു തടവു് ഇല്ല. ഈവണ്ണം ശക്തിയോടുകൂടിയിരിക്കുന്ന എന്റെ 'കൈകൾക്കു്' അസാരനായിരിക്കുന്ന മനുഷ്യന്റെ ഭാര്യേ തൊടുവാൻ ശക്തി ഇല്ല. കഷ്ടം![2] എന്നു കാട്ടി വിലക്കി, ശ്ലോകം പാടിപ്പൂ. 'അപി വാസവ'.[3]

പിന്നെ വേഗം തേർപെരുമാററത്തിൽ വേഗം നടന്നു്, കണ്ടു സീതേടെ തലമുടി അഴിഞ്ഞു വീഴുന്നതു്. ഇവളോടു ഈവണ്ണം പറക തന്നെ.

അല്ലേ ദേവി, ഇപ്പോൾ രഥയാനവേഗംഹേതുവായിട്ടു് നിന്റെ തലമുടി അഴിഞ്ഞു വശമായി. തലമുടി എങ്ങനെ ഉള്ള:- ത്രിഷവണസ്നാനം ചെയ്കു ഹേതുവായിട്ടു് ജടയോടുകൂടെ വശമായിരിക്കുന്നു. പിന്നെ വനത്തിങ്കലേ ലതാകുസുമങ്ങളെക്കൊണ്ടു് അലങ്കാരത്തോടു കൂടിയതാണു്. ഈവണ്ണമിരിക്കുന്ന നിന്റെ തലമുടിയെ ഞാൻ 'വഴിപോലെ തുത്തു കെട്ടുടയോ. എന്നു കാട്ടി വെലക്കി ശ്ലോകം പാടിപ്പൂ. 'നിയമാഭിഷേക'.[4]

പിന്നെ സീതേടെ സമീപത്തിങ്കൽ ചെന്നു തൊടുവാൻ ഭാവിപ്പൂ.

---

1. 'പെരണ്ടിരിക്കുന്ന' എന്നില്ല 2. 'കഷ്ടം' എന്നില്ല

3. രാവണ:- അപി വാസവവാരണസ്യവക്ത്രേ
മദകല്മാഷിതകർണ്ണചാമരാഗ്രേ
അനിവാരിതവിക്രമ: കരോ മേ
ദയിതാം സ്പ്രഷ്ടുമലം ന താപസസ്യ.
(ആ: ചൂ: 4-ാം അങ്കം. 3-ാം ശ്ലോകം)

4. രാവണ:- ദേവി,
നിയമാഭിഷേകജടിലം തപോവനേ
വനവല്ലരീകുസുമമാത്രമണ്ഡനം
രചയാമി ദേവി രഥയാനവേഗത:
ശ്ലഥിതം ശിരോരുഹനിബന്ധനം തവ
(ആ: ചൂ: 4-ാമങ്കം 4-ാം ശ്ലോകം)

എന്താണ സീത പറഞ്ഞതു്-[1]അല്ലേ ലക്ഷ്മണൻ സമീപത്തിങ്കൽ നില്ക്കുന്നു, – എന്നിവണ്ണം പറഞ്ഞു കയ്യുകൊണ്ടു തട്ടുന്നു. ആ സമയത്തിങ്കൽസീതേടെ കയ്യ് തൊട്ടു എന്നു കാട്ടി രണ്ടു മൂന്നു തിരിഞ്ഞു വിളക്കിനു നേരേ നിന്നു നോക്കി — എന്താണ സീത പറഞ്ഞതു് ?

[2]"അയ്യോ! ഇതു് ആര്യ്യപുത്രൻ അല്ല". എന്നിവണ്ണം പറഞ്ഞു ഭയപ്പെട്ടു കരയുന്നതു കണ്ടു്; [3]അല്ലേ ദേവീ, നിയ്യ് ഭയപ്പെടണ്ട, ഭയപ്പെടണ്ട. ഞാൻ നിന്റെ ഭർത്താവായിരിക്കുന്ന രാമൻ അല്ലേ ?

എന്താണ സീത പറഞ്ഞതു് ?– "അല്ലേ ദുഷ്ടൻ നിന്റെ [4]ശക്തി നശിച്ചുപോട്ടേ". എന്നിവണ്ണമോ പറഞ്ഞതു് ?

അല്ലേ ലക്ഷ്[5]മണ, ഇതെന്തു്? പിന്നെ കേട്ടു വിലക്കി, [6]'തരുണഹരിണ'.

പിന്നെയും കേട്ടു—എന്താണു് ലക്ഷ്മണൻ പറഞ്ഞതു് ? അല്ലേ സ്വാമിൻ, 'ഞാൻ രാമൻ തന്നെയാണു്' എന്നിവണ്ണം

---

1. സീതാ- (സലജ്ജം) നനു കുമാര ആനന്ന: (ഇതി സ്വഹസ്തേന രാവണഹസ്തം നിവാരയതി) (4–ാം അങ്കം 4–ാം ശ്ലോകം കഴിഞ്ഞു്)
2. സീതാ– (വിലോക്യ)–
   ഹം, ന ഖലാര്യ്യപുത്ര: (ഭയം നാടയതി)
   (4-ാ മങ്കം 4–ാം ശ്ലോകം കഴിഞ്ഞു്)
3. രാവണഃ–
   ദേവി, ന ഭേതവ്യം ന ഭേതവ്യം. നന്വഹം രാമ:
   (4–ാം അങ്കം 4–ാം ശ്ലോകം കഴിഞ്ഞു്)
4. സീതാ:– ശാന്തോഽസി. do.
5. രാവണ:–ലക്ഷ്മണ! കിമിദം, do.
6. സൂത:–ആയുഷ്മൻ, കിം വാങ്മാത്രേണ.
   തരുണഹരിണലക്ഷ്മഹ്രേപിദംഷ്ട്രാകരാളം
   ഹിമഗിരിതടവർഷമ് സ്നിഗ്ദ്ധജീമൂതനീലം
   പ്രതിദിശമുപലക്ഷ്യൈരാനനൈർഭീമകാന്തം
   വപുരിഹ സഹസാ തേ ജായതേ ജാതിബന്ധം.
   (4–ാം അങ്കം 5-ാം ശ്ലോകം)

പറഞ്ഞിട്ട് ഒരു ഫലം ഇല്ല. അങ്ങനെ് ഇപ്പോൾ സ്വതേ ഉള്ള രൂപത്തെ പ്രാപിച്ചു. രൂപം എങ്ങനെ ഉള്ളു.—

ഏററവും ക്രൂരകളായിരിക്കുന്ന ദംഷ്ട്രകളോട്ടുകൂടിയിരിക്കുന്ന പത്തു മുഖങ്ങളെക്കൊണ്ട് ഏററവും ക്രൂരമായിരിപ്പോന്നാണ്. പിന്നെ ഹിമവാൻപവ്വതംപോലെ തടിച്ചുരുണ്ടുനീണ്ട കാർമേഘം പോലെ കറുത്തിരിപ്പോന്നാണ്. ഈവണ്ണമിരിക്കുന്ന അങ്ങേ രൂപം വേഗേന രാക്ഷസജാതിസംബന്ധിയായിട്ട വശമായി; എന്നീ വണ്ണമോ പറഞ്ഞതു്?

പിന്നെ കൈകളെക്കൊണ്ട തൻെറ ശിരസ്സു തപ്പി ശരീരം നോക്കി—

കഷ്ടം! ഞാൻ ഈവണ്ണം വശായല്ലോ.[1] പിന്നെ വിചാരിച്ചു; —ആഹഃ! ഞാൻ അസാരനായിരിക്കുന്ന മനുഷ്യൻെറ രൂപത്തെ ഉപേക്ഷിച്ച് എൻെറ രൂപത്തെ പ്രാപിച്ചു.

ഇവിടെ[2] തുടങ്ങി രാവണൻെറ ഭാവമായി ആടിക്കൊള്ളു.

കണ്ടു സീത ഭയപ്പെട്ടു കരയുന്നതു് — കഷ്ടം! ഇവൾ ഈവണ്ണം ദുഃഖിച്ചു കരകയല്ലോ ചെയ്യുന്നതു്.

പിന്നെ വലത്തോട്ടക്ക് — അല്ലേ ദേവി! എന്നെ ഭയപ്പെടണ്ട, ഭയപ്പെടണ്ട. ഞാൻ നിനക്കു ഭയത്തിന്നു സ്ഥാനമല്ല. എന്നാൽ എന്നെ ആരും ഭയപ്പെടണ്ട എന്നോ ? അതല്ല, ത്രൈലോക്യവാസികളായിരിക്കുന്ന ജനങ്ങൾ എല്ലാവരും 'രാവണൻ' എന്നീവണ്ണം കേൾക്കുന്ന സമയത്തിങ്കൽ ഏററവും ഭയപ്പെട്ടവശാവും. അതുപോലെ നിയ്യ് എന്നെ ഭയപ്പെടണ്ട.

---

1. വശമായല്ലോ 2. "ഇവിടെ...... ആടിക്കൊള്ളു" എന്ന ഭാഗമില്ല.

അതു് എന്തു് ? — പിന്നെ താണുനിന്നു്, മുഗ്ദ്ധന്റെ[1] സ്ഥായിയിൽ– നിന്നെപ്പോലെ സുന്ദരിയായിട്ടു് മററൊരുത്തിയില്ല. ഈവണ്ണമിരിക്കുന്ന നിന്റു് എന്നെ ഭയപ്പെടേണ്ട. എന്നോടുകൂടെ ലങ്കയിങ്കൽ വന്നു സുഖമായിട്ടു് ഇരുന്നാലും.

പിന്നെ തന്റെ സ്ഥായിയിൽ, സൂക്ഷിച്ചുനോക്കി എന്താണു് ഏതും ഒരു് ഇളക്കം ഇല്ല. അല്ലേ സുന്ദരി, നിന്റു് ദുഃഖിച്ചുകരഞ്ഞിട്ടു് ഏതും ഒരു ഫലം ഇല്ല. ഞാൻ പരിപന്ഥിയായിരിക്കുന്ന സമയത്തിങ്കൽ നിന്നെ രക്ഷിക്കാൻ ത്രൈലോകത്തിങ്കൽ ആരും ഉണ്ടാക ഇല്ല. ദേവകളും അസുരകളുംകൂടെ[2] വന്നാലും രക്ഷിക്കയില്ല. രക്ഷിക്കുന്ന അവസ്ഥ അവിടെ ഇരിക്കട്ടെ. മനസ്സുകൊണ്ടു വിചാരിക്കപോലും ചൈക ഇല്ല. ഞാൻ എങ്ങനെ ഉള്ളു:– ദിഗ്ഗജങ്ങളുടെ വജ്രംപോലെ ക്രൂരങ്ങളായിരിക്കുന്ന കൊമ്പുകളുടെ അഗ്രങ്ങൾ തട്ടി വ്രണങ്ങളോടുകൂടിയിരിക്കുന്ന മാറോടുകൂടി ഇരിപ്പൊരുത്തനാണു്. അതു് എങ്ങനെ – ദിഗ്ഗജങ്ങൾ അങ്ങോടിങ്ങോടു സഞ്ചരിക്കുന്ന സമയത്തിങ്കൽ ഞാൻ ചെന്നു, വാൾ വച്ചു യുദ്ധത്തിനായിക്കൊണ്ടു തട്ടിവിളിക്കും; ആ സമയത്തിങ്കൽ 'ദിഗ്ഗജങ്ങൾ' എന്നു കാട്ടി ദിഗ്ഗജങ്ങളുടെ സ്ഥായിയിൽ നിന്നു ഗജസ്തോഭം നടിച്ചു കണ്ടു രാവണൻ വന്നു യുദ്ധത്തിന്നു തട്ടിവിളിക്കുന്നതു്.

പിന്നെ കോപിച്ചു ചെവി വട്ടംപിടിച്ചു കൊമ്പു് ഉയർത്തി ഓടിച്ചെല്ലുന്ന ഭാവം കാട്ടി, 'ആ സമയത്തിങ്കൽ ഞാൻ കൊമ്പു പിടിച്ചു വലിക്കയും വട്ടത്തിൽ ചുററിച്ചു ദൂരത്തിങ്കൽ എറികയും ചെയ്യും'[3] എന്നാടി വാൾ കയ്യിൽ പിടിച്ച ഭാവത്തോടുകൂടെ വലത്തു ദൂരത്തിങ്കൽ എറികയും ചെയ്യും.

---

1. എന്തു് ? പിന്നെ താണു നിന്നു് 2. കൂടി

3. 'എന്നാടി......ചെയ്യും' എന്ന ഭാഗം ഇല്ല.

ഈവണ്ണം യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ ദിഗ്ഗജങ്ങളുടെ ക്രൂരങ്ങളായിരിക്കുന്ന ദന്താഗ്രങ്ങൾ തട്ടി വ്രണത്തോടുകൂടിയിരിക്കുന്ന മാറോടുകൂടിയവനാണ്.

ഈവണ്ണം ശക്തിയോടുകൂടിയിരിക്കുന്ന ഞാൻ ശത്രുവായിരിക്കുന്ന സമയത്തിങ്കൽ നിന്നെ രക്ഷിപ്പാൻ ആരും ഉണ്ടാകയില്ല എന്നു കാട്ടി തിരിഞ്ഞു ചവിട്ടി--

അതു ഹേതുവായിട്ട് നീയ് ദുഃഖിക്കുന്നതു[1] വൃഥാ തന്നെ എന്നു കാട്ടി വിലക്കി ശ്ലോകം പാടിപ്പു. 'നാഹം.'[2]

പിന്നെ കേട്ടു വിലക്കി 'തുണ്ഡേനാങ്കുശ'[3] എന്ന ശ്ലോകം പാടിച്ച് പിന്നെയും കേട്ട് – എന്താണ സൂതൻ പറഞ്ഞതു ? – അല്ലേ സ്വാമിൻ, കണ്ടാലും കണ്ടാലും, ഇതല്ലോ ഒരു പക്ഷി വരുന്നു. ഇവൻ എങ്ങനെ ഉള്ളൂ –

അങ്കുശംപോലെ വളഞ്ഞിരിക്കുന്ന കൊക്കോടു കൂടിയവനാണ്. പിന്നെ സ്വർണ്ണസ്തംഭംപോലെ ശോഭിച്ചിരിക്കുന്ന കഴുത്തോടു കൂടിയവനാണ്. പിന്നെ വിദ്രുമം മുറിച്ചാലത്തെപ്പോലെ ശോഭിച്ചിരിക്കുന്ന കണ്ണുകളോടുകൂടിയവനാണ്. ഈവണ്ണമിരിക്കുന്ന ഇവന്റെ

---

1. ദുഃഖിക്കുന്നതു് 2. രാവണഃ(ആത്മാനം വിലോക്യ)കഥമഹമിത്ഥംഭൂതോഽസ്മി.

ദേവി ന ഭേതവ്യം ന ഭേതവ്യം.

നാഹം ബന്ധുരഗാത്രി ഭീതിവിഷയസ്തേ കിം മുധാ ഖിദ്യസേ
ത്രാതും ത്വാം സസുരാസുരേ ത്രിഭുവനേ കേ വാ മനഃ കുർവതേ
മയ്യസ്മിൻ പരിപന്ഥിനി പ്രകടിതാക്രോധാന്ധദിഗ്വാരണ–
സ്ഥൂലവ്യായതദന്തകോടികലിശവ്യാലീഢവക്ഷസ്ഥലേ.

(4–ാം അങ്കം 6–ാം ശ്ലോകം)

3. സൂത— ആയുഷ്മൻ; പശ്യ, പശ്യ

തുണ്ഡേനാങ്കുശസന്നിഭേന കനകസ്തംഭശ്രിയാ ഗ്രീവയാ
ദൃഷ്ട്യാ വിദ്രുമഭങ്ഗപാടലരുചാ ഗൃധ്രോഽയമാക്രാമതി
സംസർഗ്ഗം സഹസാ വ്രജന്തി വിടപൈരുദ്വാന്തപുഷ്പാങ്കുരൈ–
രാധൂതാഃ പഥിയസ്യ പക്ഷപവനൈരായാമിനഃ പാദപാഃ

(4–ാം അങ്കം 7–ാം ശ്ലോകം)

ചെറകുമ്മലെ കാററു തട്ടുന്ന സമയത്തിങ്കൽ വൃക്ഷങ്ങൾ ആസകലം ഏളകി പുഷ്പങ്ങളും മൊട്ടുകളും ഫലങ്ങളും ആസകലം വീഴുന്നു. ഈവണ്ണമിരിക്കുന്ന ഇവനെ കണ്ടാലും; എന്നീവണ്ണമോ പറഞ്ഞതു്?

പിന്നെ കേട്ട വിലക്കി 'ശരണമസ്മി'[1] ജടായു'. എന്താണ് ജടായു പറഞ്ഞതു്?—അല്ലേ സീതേ, ദുഃഖിക്കേണ്ട. ഞാൻ നിന്നെ രക്ഷിക്കുന്നുണ്ടു്. ഞാൻ ദശരഥന്റെ സഖാവായിരിക്കുന്ന ജടായുവാണ്. ഞാൻ നിന്നെ രക്ഷിപ്പാനായിക്കൊണ്ടാണ് ഇവിടെ വന്നതു്. പിന്നെ രാവണനോടായിട്ടു്—അല്ലേ രാവണ, നിന്റെ തേജ്ജ് നില്ക്കട്ടെ; നീയ്യ് വീരനെ അനുവ്രതയായിരിക്കുന്ന സീതേ ഉപേക്ഷിച്ചാലും. ഞാൻ അറിയപ്പോകാതെയിരിക്കുന്ന ജനങ്ങളുടെ അപരാധത്തെ സഹിക്കുന്നു:—

എന്നീവണ്ണമോ പറഞ്ഞതു്?

'പ്രഹസ്യ;[2]—ഈ പക്ഷി എന്റെ അപരാധത്തെ സഹിക്കുന്നപോൽ![3] അല്ലേ സൂതൻ, ഈ പക്ഷിയെ ചമ്മട്ടികൊണ്ടു തച്ചുകൊന്നു ചെറകുപിടിച്ചു തൂക്കി രഥമാർഗ്ഗത്തിങ്കൽനിന്നു കളഞ്ഞാലും. ഈ പക്ഷി എന്റെ പരമാർത്ഥം അറിയുന്നില്ല.

---

1. ....(നേപഥ്യേ)

ശരണമസ്മി ജടായുരഹം സഖാ
ദശരഥസ്യ രഥസ്ഥവ തിഷ്ഠത
അവിദുഷാമപരാധമഹം സഹേ
വിസൃജ രാവണ വീരമനുവ്രതാം.

(4–ാം അങ്കം 8–ാം ശ്ലോകം)

2. രാവണ:—(പ്രഹസ്യ)

സഹതേ കിലായം മമാപരാധം പക്ഷീ. സൂത പ്രതോദപ്രഹാരേണ രഥമാർഗ്ഗാദേനമുത്സാരയ. ന ജാനാത്യേഷ പരമാർത്ഥതോ മാം ഗൃധ്രഃ.

(4–ാം അങ്കം 8–ാം ശ്ലോകം കഴിഞ്ഞു്)

3. ക്ഷമിക്കുന്നപോൽ

പിന്നെ കേട്ട വിലക്കി 'കൈലാസസാന'.[1] പിന്നെയും കേട്ട്,--എന്താണ് ജടായു പറഞ്ഞത്?--അല്ലേ ദുഷ്ടനായുള്ളോരവേ രാവണ! ഞാൻ നിൻെറ പരമാത്ഥം വഴിപോലെ അറിയുന്നു.

നീയ്യ് എങ്ങനെയുള്ള ,— കൈലാസപവ്വതമെട്ടത്ത് അമ്മാനാടിയ സമയത്തിങ്കൾ പവ്വതം മാഞ്ഞ് വീണ് പരവശനായതു ഞാൻ അറിയും; പിന്നെ കാത്തവീയ്യാജ്ജുനൻ[2] നിന്നെ പിടിച്ചു കെട്ടി കാരാഗൃഹത്തിൽ ഇട്ടതും ഞാനറിയും; പിന്നെ ബാലി വാല്യകൊണ്ട് നിൻെറ ഇരുപതു കൈകളും പിടിച്ചുകെട്ടിയതും ഞാൻ അറിയും. ഈവണ്ണം ജഗത്ത്രയധൂമകേതുവായിരിക്കുന്ന നിന്നെ വഴിപോലെ ഞാൻ അറിയും— എന്നിവണ്ണമോ പറഞ്ഞത്?

അല്ലേ സൂതൻ, നീയ്യ് തേരു തെളിക്കണ്ട. ഞാൻ അംബരസ്ഥനായിരിക്കുന്ന ഈ പക്ഷിടെ ചെറകുകളെ വാളുകൊണ്ടു വെട്ടി ഖണ്ഡിച്ചിട്ട് ഭൂമിയിങ്കൽ പതിപ്പിക്കുന്നുണ്ട്. ഇന്ദ്രൻ വജ്രം കൊണ്ട് പവ്വതത്തിൻെറ ചെറകു ഖണ്ഡിക്കുന്നതുപോലെ വേഗേന ചെറകു ഖണ്ഡിച്ചു ഭൂമിങ്കൽ പതിപ്പിക്കുന്നുണ്ട്. അതിനെ സീത

---

1. (നേപഥ്യേ) ജാനാമി ജാനാമി.

കൈലാസസാനുമതി ഖണ്ഡിതമാനശൃംഗം
കാരാഗൃഹേ നിയമിതം ചിരമർജ്ജുനേന
ത്വാം വാലിവാലവലയാങ്കിതബദ്ധബാഹും
ജാനാമി രാക്ഷസ ജഗത്ത്രയ ധൂമകേതും.

(4-ാം അങ്കം 9-ാം ശ്ലോകം)

2. കാത്തവീയ്യാർജ്ജുനൻ കാരാഗൃഹത്തിൽ നിന്നെ പിടിച്ചു കെട്ടി ഇട്ടതും ഞാനറിയും.

വഴിപോലെ കണ്ടോട്ടെ. വെലക്കി, 'തിഷ്ഠ ത്വം'[1]

പിന്നെ കേട്ട വെലക്കി 'വക്ത്രാണ്യേതാനി'[2] എന്നശ്ലോകം പാടിച്ച് പിന്നെയും കേട്ട്,—എന്താണ് ജടായു പറഞ്ഞത് ?

പിന്നെ ജടായുവിൻെറ ഭാവമായിട്ട് ആട്ട—അല്ലേ രാവണ, ഞാൻ സീതേടെ പുരോഭാഗത്തിങ്കൽ സീത നോക്കിയിരിക്കുന്ന സമയത്തിങ്കൽ നിൻെറ പത്തു തലകളെയും[3] കൊത്തി മുറിച്ചു പത്തു ദിക്കുകളിലും എറിയുന്നുണ്ട്. നിയ്യ് എങ്ങനെയുള്ള:—പ്രളയ കാലത്തിങ്കലെ മേഘം പോലെ തടിച്ചുരുണ്ടു നീണ്ടു കറുത്തിരു പ്പൊരുത്തനാണ്. ഈവണ്ണം[4] ഇരിക്കുന്ന നിൻെറ തലകളെ ഞാൻ കോപം ഹേതുവായിട്ടു കൊത്തി എറിയുന്നുണ്ട്. തലകൾ എങ്ങിനെയുള്ള:—രാത്രീങ്കൽ കാട്ടുതീയ്യിൻെറ ജ്വാലകളെക്കൊണ്ടു ശോഭിച്ചിരിക്കുന്ന അഞ്ജനപർവ്വതത്തിൻെറ ശിഖരങ്ങൾ പോലെ

---

1 രാവണ:— ഹ ഹ ഹ ആഃ അതിവാചാലോഽയം വിഹഗഃ
തിഷ്ഠ ത്വമത്ര മമ പശ്യതു കർമ്മ സീതാ
ശസ്ത്രേണ മേ സമരമൂർധനി ദർപ്പണേന
അദ്രിം മഹേന്ദ്ര ഇവ പക്ഷിണമംബരസ്ഥം
പക്ഷൗ വിലൂയ സഹസാ ഭുവി പാതയാമി.
(4–ാം അങ്കം 10–ാം ശ്ലോകം)

(പ്രവിശ്യ)

2. ജടായു:—ഭവതു പശ്യാമസ്താവത്
വക്ത്രാണ്യേതാനി തേഽദ്യ പ്രളയഘനതുചഃ പിങ്ഗകേശാനി രോഷാത്
ശൃംഗാണീവാഞ്ജനാദ്രേഃ ദവദഹനശിഖാദീപിതാനീവ രാത്രൗ
ഉത്കൃത്യോത്കൃത്യ ചഞ്ച്വാ ഝടഝടിതി ഗലത് സാന്ദ്രരക്താതണാനി
പ്രത്യക്ഷം ക്ഷത്രിയായാ ദശ ദശസു ദശഗ്രീവ ദിക്ഷുക്ഷിപാമി
(4–ാാ അങ്കം 11–ാം ശ്ലോകം)

3 തലകളേയും മുഖങ്ങളേയും

4 ഈവണ്ണമിരിക്കുന്ന തലകളേയും മുഖങ്ങളേയും

ചെമ്പിച്ചിരിക്കുന്ന തലയോട്ടുകൂടിയവയാണ്. പിന്നെ ഈവണ്ണം ഇരിക്കുന്ന മുഖങ്ങളെ ഞാൻ കൊത്തി മുറിക്കുന്ന സമയത്തിങ്കൽ ഞരമ്പുകളൊക്കെ തകന്നു പുറപ്പെട്ടിരിക്കുന്ന ചോരകൊണ്ടു നനഞ്ഞു ചൊകന്നു വശമാവും. ഈവണ്ണം ഇരിക്കുന്ന നിന്റെ മുഖങ്ങളെ ഞാൻ കൊത്തി എറിയുന്നുണ്ട്. എന്നാൽ കണ്ടോളു:— എന്നീവണ്ണമോ പറഞ്ഞത്?

പിന്നെ കോപിച്ച് അന്യോന്യം തട്ടിവിളിച്ചു യുദ്ധം ചെയ്യ.[1]

പിന്നെ രാവണനായിട്ടു വിചാരിച്ച് -ഈ പക്ഷി അസാരനല്ല. ഏററവും ബലവാനാണ്; ഇവനെ പരമാത്ഥേന ജയിക്കവഹിയ. എന്താണ് ചെയ്യേണ്ടതു് ?—വിചാരിച്ച്—അല്ലേ ജടായു നിന്റെ മർമ്മം എവിടെയാണ്?

എന്താണ് ജടായു പറഞ്ഞതു് ? -നിന്റെ മർമ്മം എവിടെയാണ് എന്നോ പറഞ്ഞതു് ? അല്ലേ ജടായു, എന്റെ മർമ്മം വലത്തേക്കാലിന്റെ പെരുവിരലാണ്. എന്താണ ജടായു പറഞ്ഞതു് ?– എന്റെ മർമ്മം വലത്തേ ചെറകിമ്മേലാണ്; — എന്നോ പറഞ്ഞതു് ?

പിന്നെയും യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ —ജടായുവായിട്ട് —രാവണന്റെ വലത്തേക്കാലിന്റെ പെരുവിരൽ പറന്നു-ചെന്നു കൊത്തിക്കൊള്ളു.

ആ സമയത്തിങ്കൽ രാവണൻ ജടായുന്റെ എടത്തേ ചെറകു പിടിച്ചു വലത്തേ ചെറകു വാളുകൊണ്ടു വെട്ടിയിട്ടു;— എന്നു കാട്ടി—പിന്നെ, —അല്ലേ സൂതൻ,[2] വേഗം കുതിരകളെ

---

1 ഉഭൌ യുദ്ധം കുരുതഃ (4–ാം അങ്കം 11–ാം ശ്ലോകം കഴിഞ്ഞു്)

2 രാവണഃ—സൂതതൂർണ്ണം ചോദയാശ്വാൻ.

(4–ാം അങ്കം 12-ാം ശ്ലോകം കഴിഞ്ഞു്)

തെളിച്ചാലും എന്നു കാട്ടി തേർപെരുമാററത്തിൽ നടന്നു് ലങ്കയിങ്കൽ ചെന്നു് അശോകവനികോദ്യാനത്തിൽ ശിംശപാവൃക്ഷത്തിൻെറ ചുവട്ടിൽ സീതേ ഇരുത്തി രക്ഷിപ്പാൻ രാക്ഷസസ്ത്രീകളെ നിയോഗിച്ചു, എന്നു കാട്ടി പീഠത്തിന്മേലിരുന്നു ശ്ലോകം പാടിപ്പു —താരക്ഷേത്രം സീതാം'. പിന്നെ കൂത്തു കഴിപ്പു.

(ഏഴാം ദിവസം)

പിന്നെ ചെറിയ ഉദ്യാനപ്രവേശത്തിന്നാൾ അണിഞ്ഞു കഴിഞ്ഞാൽ ഉത്തരീയം നായകനെപ്പോലെ ഇട്ടു് മിഴാവണങ്ങൽ അഭിവാദ്യം ചെയ്തു് മൂന്നാംതാളത്തിൽ പുറപ്പെട്ടു് സഭാനിരീക്ഷണം ചെയ്തു് പീഠത്തിന്മേൽ ഇരുന്നു് അഭിവാദ്യവും സഭാനിരീക്ഷണവും കഴിച്ചു് കമലപരിവർത്തനം ഇട്ടു തൊഴുതു് സംക്ഷേപം ആട്ട. അനുക്രമം വേണ്ട.

എങ്കിലോ പണ്ടു പുലസ്ത്യവംശസംഭൃതനായിരിക്കുന്ന രാവണൻ ലങ്കയിൽ സുഖമായിട്ടു് ഇരിക്കുന്ന കാലത്തു് ഒരു ദിവസം വൈശ്രവണൻ നിയോഗിച്ചിരിക്കുന്ന ദൂതനെ വെട്ടി നിഗ്രഹിച്ചു് രാക്ഷസപ്പടയോടും കൂടെ പുറപ്പെട്ടു് അളകാരാജധാനിയിങ്കൽ ചെന്നു വൈശ്രവണനെ ജയിച്ചു പുഷ്പകവിമാനത്തെ പിടിച്ചു പറിച്ചു പുഷ്പകവിമാനത്തിന്മേൽ കയറി പോകുന്ന വഴിക്കു് കൈലാസപർവ്വതം എടുത്തു് അമ്മാനാടി ശ്രീപരമേശ്വരനെ പ്രസാദിപ്പിച്ചു് ചന്ദ്രഹാസം മേടിച്ചു് അയോദ്ധ്യയിങ്കൽ ചെന്നു് അനരണ്യനെ നിഗ്രഹിച്ചു് മരുത്തനെ ജയിച്ചു് അന്തകനെയും ജയിച്ചു മണവതിയാകുന്ന രാജധാനിയിങ്കൽ ചെന്നു നിവാതകവചന്മാരുമായി സഖ്യം ചെയ്തു് എല്ലാവരെയും ജയിച്ചു് ലങ്കയിങ്കൽവന്നു സുഖമായിട്ടു് ഇരിക്കുന്ന കാലത്തു് ഒരു ദിവസം നാഗയുദ്ധത്തിനായികൊണ്ടു പുറപ്പെട്ടു് പതാളത്തിങ്കൽ ചെന്നു് നാഗത്താന്മാരുമായിട്ടു് യുദ്ധം ചെയ്യുന്ന സമയത്തിങ്കൽ ശൂർപ്പണഖേടെ ഭർത്താവായിരിക്കുന്ന വിദ്യുജ്ജിഹ്വനെ അറിയാതെ നിഗ്രഹിക്ക ഹേതുവായിട്ടു് ദുഃഖിച്ചു

പുരോഭാഗത്തിങ്കൽ പതിതയായിരിക്കുന്ന ശൂർപ്പണഖേടെ വാക്കുകളെ കേൾക്ക ഹേതുവായിട്ട്, അല്ലേ ശൂർപ്പണഖേ! നിണക്കു ത്രൈലോക്യത്തിങ്കൽ ഏതൊരു പുരുഷനെയാണ് ആഗ്രഹം, അവനെ ഭർത്താവാക്കി വരിച്ചു കൊണ്ടാലും—എന്നിവണ്ണം പറഞ്ഞു് അവൾക്കു സഹായത്തിന്നായിക്കൊണ്ടു ഖരദൂഷണത്രിശിരസ്സുകളെയും പതിന്നാലായിരം രാക്ഷസരെയും അവളോട്ടുകൂടെ നിയോഗിച്ചു സുഖമായിട്ടിരിക്കുന്ന[1] കാലത്തു് കർണ്ണനാസികാച്ഛേദനം ചെയ്ക ഹേതുവായിട്ടു വാവിട്ടലറുതും ചെയ്തു് പുരോഭാഗത്തിങ്കൽ പതിതയായിരിക്കുന്ന ശൂർപ്പണഖ പറഞ്ഞ അവളുടെ വിരൂപകരണത്തെയും ഖരാദികളുടെ നിധനത്തെയും സീതേടെ സൗന്ദര്യാതിശയത്തെയും കേട്ടതിൻെറ ശേഷം രാവണൻ സീതേടെ സൗന്ദര്യാതിശയത്തെ കേട്ടു കാമപരവശനായി മാരീചാശ്രമത്തെ പ്രാപിച്ചു് മാരീചനെ പൊന്മാനാക്കി നിയോഗിച്ചു് ലങ്കയിങ്കൽ വന്നു് സൂതനോടും ശൂർപ്പണഖയോടും കൂടെ തേരിൽ കയറി പുറപ്പെട്ടു ചെന്നു് താൻ മറഞ്ഞു മായാരാമൻെറ രൂപത്തെ ധരിച്ചു സീതേ തേരിൽ കയററി കൊണ്ടുപോകുന്ന വഴി തട്ടത്തിരിക്കുന്ന ജടായുൻെറ ചെറകു വെട്ടി ഭൂമീങ്കലിട്ടു സമുദ്രം കടന്നു ലങ്കയിങ്കൽ ചെന്നു സീതേ അശോകവനികോദ്യാനത്തിങ്കൽ ശിംശപാവൃക്ഷത്തിൻെറ ചുവട്ടിൽ ഇരുത്തി എന്നു കാട്ടി, സംക്ഷേപം കഴിച്ചു് പിന്നെ ഉത്തരീയം കൈത്തണ്ടയിന്മേലിട്ടു് സീതേ അനുരാഗം ഭാവിച്ചു്, എന്നാൽ സീതേ കാണാനായിക്കൊണ്ടു പോക തന്നെ എന്നു കാട്ടി, പീഠത്തിന്മേന്നു എണീററു് വഷവരൻെറ തലയിൽ രണ്ടു കയ്യും വെച്ചു ഭാവത്തിൽ ചെല്ലുന്തി നടന്നു തിരിഞ്ഞു് 'അശോകവനികോദ്യാനം എവിടെ' എന്നു കാട്ടി, ചുഴലവും നോക്കി 'പുരോഭാഗത്തിങ്കൽ ശോഭിച്ചു കണ്ടു' എന്നു കാട്ടി അകത്തു കടന്നു് 'സീത എവിടെ' എന്നു കാട്ടി ഇരുഭാഗത്തും നോക്കി വലത്തു പുറത്തായിട്ടു 'സീതേ ശോഭിച്ചു കണ്ടു' എന്നു കാട്ടി സീതേടെ

---

1. സുഖമായിരിക്കുന്ന

കേശാദിപാദം ആടി കാമശരംകൊണ്ടു് മുറുകി നെലത്തിരുന്നു മോഹിപ്പു.

പിന്നെ ഒന്നു്—

ഭജ മാം അനവദ്യാംഗി കാമാത് കമലലോചനേ
രംഭോരു മൃഗശാബാക്ഷി പൂർണ്ണചന്ദ്രനിഭാനനേ.
തവേദം പദ്മപത്രാക്ഷം മുഖം ദൃഷ്ട്വാ മനോരമം
ഭ്രൂലതാലളിതം കാന്തമനംഗോ ബാധതേ ഭൃശം.
ലലാടം ചന്ദ്രലേഖാഭം ശിരോരുഹവിഭൂഷിതം
ദൃഷ്ട്വാ തേ പത്രലേഖാങ്കമനംഗോ ബാധതേ ഭൃശം.
ഋദ്ധിം മമാനുപശ്യ ത്വം ശ്രിയം ഭദ്രേ യശശ്ച മേ
കിം കരിഷ്യസി രാമേണ സുഭഗേ ചീരവാസസാ.
ബഹ്വീനാമുത്തമസ്ത്രീണാമാഹൃതാനാം സുശോഭനേ!
സർവ്വാസാമേവ ഭാര്യ്യാണാം മമാഗ്ര്യമഹഷീ ഭവ.
രാജ്യാച്ച്യുതമസിദ്ധാർത്ഥം രാമം പരിമിതായുഷം
കൈർഗ്ഗുണൈരനുരക്താസി മൂഢേ! പണ്ഡിതമാനിനി.

ഈ ശ്ലോകങ്ങൾ പാടിപ്പു. പിന്നെ സൂക്ഷിച്ചുനോക്കി—എന്താണു് ഏതും ഒരു എളക്കം ഇല്ല. കഷ്ടം എന്നാൽ പോക തന്നെ എന്നു കാട്ടി, എണീററു സീതേ നോക്കുതും ചെയ്തു രണ്ടു–മൂന്നടി പിന്നോക്കം നടന്നു വേഗം മുമ്പാക്കം ചെന്നു് ഇരുന്നു് സീതേ അനുരാഗം ഭാവിച്ചു് 'അല്ലേ സീതേ! കൃപ ഉണ്ടാവണേ' എന്നു കാട്ടി പിന്നെയും സൂക്ഷിച്ചുനോക്കി 'ഏതും ഒരു എളക്കം ഇല്ല' എന്നു കാട്ടി 'എന്നാൽ പോക തന്നെ'. എണീററു ചെല്ലുന്തി നടന്നു തിരിഞ്ഞു് വിചാരിച്ചു് 'സീതേടെ മനസ്സു് എളക്കാൻ എന്തൊരു് ഉപായം ഉള്ളു.' വിചാരിച്ചു്, 'ഉണ്ടായി' എന്നു നടിച്ചു് പിന്നെ "ഗന്ധാപാർദ്രദളാം"[1] എന്ന ശ്ലോകത്തിൻെറ അർത്ഥമാട്ടു.

---

1. ഗന്ധാപാർദ്രദളാം സൃജന്തു പരിതോ വൃഷ്ടിം ഘനാഃ കൗസുമീ-
മാധൂതാമരസിന്ധുവീചിവലയഃ സഞ്ചാനിലോ ജൃംഭതാം
ഉദ്യാനശ്രിയമുദ്വഹന്തു സമയാഃ സർവ്വേ വസന്താദയഃ
സ്വാൻ പാദാൻ സുഖമാനമയ്യ കകുഭാം പശ്യേതു ചക്രം ശശീ.
(അഞ്ചാമങ്കം ഒന്നാം ശ്ലോകം)

മേഘത്താന്താത് പുഴലവും ചന്ദനംകൊണ്ടു മേളിച്ച സുഗന്ധത്തോടുകൂടി ഇരിക്കുന്ന പുഷ്പങ്ങളെ വർഷിക്കട്ടെ.

പിന്നെ മന്ദവായു മന്ദാകിനീങ്കലേ എളകി ഇരിക്കുന്ന തെരമാലകളിലെ ജലകണങ്ങളെ സ്വീകരിപ്പുതും ചെയ്യു വീശട്ടെ.

പിന്നെ ഒട്ടൊഴിയാതെകണ്ടുള്ള വസന്താദികൾ എല്ലാപ്പോഴും ഉദ്യാനശ്രീയെ വഹിച്ചോട്ടെ.

ചന്ദ്രൻ വൃത്താകാരേണ ഉദിച്ച് രശ്മികളെ എല്ലാ ദിക്കുകളിലും വ്യാപിപ്പിക്കട്ടെ.

എന്നു കാട്ടി തിരിഞ്ഞു വിലക്കി 'ദത്താഭയശ്ചന്ദ്രമാഃ'[1] എന്നു ചൊല്ലി ആ ഗ്രന്ഥത്തിന്റെ അർത്ഥമാടി പിന്നെ വിലക്കി 'ആതപത്യവിദ്ദുഷാം'[2] എന്ന ശ്ലോകം ചൊല്ലിയാടി, അതിന്റെ അത്ഥമാടി, പിന്നെ 'ന ഭാനുരേഷ:' എന്നു തുടങ്ങി മുഴവൻചൊല്ലി('ന ഭാനുരേഷഃ'[3] എന്നും 'ആതപതി' എന്ന ശ്ലോകവും ശ്രീകാമരത്തിൽ) ശ്ലോകവും ചൊല്ലി 'മയാ' എന്നു ചൊല്ലി കൊട്ടോട്ടുകൂടെ ചൊല്ലിക്കഴിഞ്ഞാൽ പീഠത്തിന്മേലിരുന്നു സീതേടെ പഞ്ചാംഗമാടി കാമശരം കൊണ്ടു മുറുകി വിലക്കി 'സ്വയം[4] കൃതമിദം വ്യസനം' എന്നു മുഡ്ഢനിൽ[5]

---

1. രാവണഃ— (വിചാരയൻ നിരീക്ഷ്യ ന ഭാനുരേഷഃ മയാ ദത്താഭയശ്ചന്ദ്രമാഃ) (5–ാമങ്കം 2–ാം ശ്ലോകം കഴിഞ്ഞു്).
2. രാവണഃ.........
   ആതപത്യവിദ്ദുഷാമമൃതാംശുമംശുമന്തമപി രശ്മിസഹസ്രേ രാഗിണാം ഭവതി ലക്ഷണമിന്ദോരിന്ദ്രനീലശകലച്ഛവിലക്ഷ്മ.
   (5–ാം അങ്കം 3–ാം ശ്ലോകം).
3. ന ഭാനുരേഷ: .... ശ്രീകാമരത്തിൽ' എന്ന ഭാഗം ഇല്ല.
4. രാവണ:—(വിചിന്ത്യ) സ്വയം കൃതമിദം വ്യസനം (5–ാം അങ്കം 3–ാം ശ്ലോകം കഴിഞ്ഞു്)
5. മുഡ്ഢന്റെ സ്ഥായിയിൽ ചൊല്ലി

അപ്പോൾത്തന്നെ ചിരിച്ച്[1] 'ന രശ്മിഭിഃ'[2] എന്ന ശ്ലോകാർദ്ധം തക്കനിൽ, ശേഷം മുദ്ധ്ധനിൽ ചൊല്ലി പിന്നെ അന്വയം—

'യഃ രശ്മിഭിഃ മമ ശാസനാദൃതേ സരോരുഹാണി നഗ്ലപയ'— തിയാതൊരു ചന്ദ്രൻ രശ്മികളെക്കൊണ്ട് എന്റെ കല്പന കൂടാതെ താമരപ്പൂക്കളെ കൂമ്പിക്കയില്ല. എന്നാൽ സമീപത്തിങ്കൽ നില്ക്കുന്ന താമരപ്പൂക്കളെ കൂമ്പിക്കയില്ല എന്നോ, അതല്ല. വിലക്കി.

'ദിഗന്തരേ അപി' — ദിഗന്തരത്തിങ്കൽ പോലുമില്ല. വളരെ ദൂരത്തിങ്കൽ നില്ക്കുന്ന താമരപ്പൂക്കളെപ്പോലും കൂമ്പിക്കയില്ല. അത് എങ്ങനെ– 'ചന്ദ്രൻ' എന്നു കാട്ടി, ചന്ദ്രനായിട്ട് നാലു പുറവും നോക്കി, കണ്ടു, താമരപ്പൂക്കൾ ശോഭിച്ചു നില്ക്കുന്നതു്. ഈ താമരപ്പൂക്കളെ കൂമ്പിച്ചു എങ്കിലോ. വിചാരിച്ച്, രാവണൻ അറിഞ്ഞാൽ കോപിക്കും. എന്താണു ചെയ്യേണ്ടതു്. വിചാരിച്ച്, രാവണനോടു പറക തന്നെ; എന്നീവണ്ണം നിശ്ചയിച്ച് എന്റെ സമീപത്തിങ്കൽ വന്നു്, പിന്നെ ചന്ദ്രന്റെ ഭാവമായിട്ട് വന്ദിച്ച് ഭയഭാവത്തോടുകൂടി വന്ദിച്ചു[3]നില്ക്കുന്ന സമയത്തിങ്കൽ, ഞാനാകട്ടെ കണ്ടു ചന്ദ്രൻ വന്ദിച്ചു നില്ക്കുന്നതു്.

അല്ലേ ചന്ദ്രൻ! നീയ്യ് ഇവിടെ വന്ന കാര്യം എന്താണ് എന്നു പറഞ്ഞാലും.

അല്ല സ്വാമിൻ! എന്നു കാട്ടി വിലക്കി 'സരോരുഹാണി' എന്നു ചേടീപഞ്ചമത്തിൽ ചൊല്ലു.

പിന്നെ രാവണന്റെ ഭാവത്തിൽ ഗാംഭീര്യഭാവത്തോടുകൂടെ വിലക്കി 'സരോരുഹാണി' എന്നു തക്കനിൽ ചൊല്ലു.

---

1. 'ചിരിച്ച്' എന്നില്ല.
2. രാവണഃ— .... ന രശ്മിഭിർഗ്ലപയതി യോ ദിഗന്തരേ സരോരുഹാണ്യപി മമ ശാസനാദൃതേ.
3. 'വന്ദിച്ചു .... എന്നു പറഞ്ഞാലും' എന്ന ഭാഗം ഇല്ല.

(5-ാം അങ്കം 4-ാം ശ്ലോകത്തിന്റെ പൂർവ്വാർദ്ധം)

ചൊല്ലി അതിൻെറ അൎത്ഥമാടി പിന്നെ അന്വയിച്ചു ചൊല്ലിയാൽ

പിന്നെ ചന്ദ്രനായിട്ട വിലക്കി 'സരോരുഹാണി' എന്നു ചൊല്ലു.

പിന്നെ രാവണൻെറ ഭാവത്തിൽ വിലക്കി 'സരോരുഹാണി സരോരുഹാണി, സരോരുഹാണി', എന്നു മൂന്നു പ്രാവശ്യം ചൊല്ലി ഭാവിപ്പു.[1]

പിന്നെ 'സരോരുഹാണി' എന്നു തക്കനിൽ ചൊല്ലി, അല്ലേ ചന്ദ്രൻ! നിയ്യ് സരോരുഹങ്ങൾ എന്നു പറയുന്നതു് എന്താണ്?

പിന്നെ ചന്ദ്രനായിട്ട് ഒരിക്കൽക്കൂടെ ചൊല്ലു.

പിന്നെ രാവണനായിട്ട് വിചാരിച്ച്, ഇവന് താമരപ്പൂക്കൾ കൂമ്പിക്കണം എന്നു് ആഗ്രഹം ഉണ്ടു്. എന്നെ ഭയപ്പെട്ടിട്ടാണ് പറയാത്തതു്. പിന്നെ വിചാരിച്ച്, അല്ലേ ചന്ദ്രൻ! നിയ്യ് ദൂരത്തു നില്ക്കുന്ന താമരപ്പൂക്കളിൽ അഞ്ചാറു താമരപ്പൂക്കളെ കൂമ്പിച്ചാലും.

ആ സമയത്തിങ്കൽ ചന്ദ്രൻ പ്രസാദിച്ചു വന്ദിച്ചു പോയി ദൂരത്തിങ്കൽ ചെന്നു് ഇരുന്നു് ആറു താമരപ്പൂക്കളെ രശ്മികളെക്കൊണ്ടു കൂമ്പിച്ച് ഏഴാമതു് ഒരു താമരപ്പൂവിനെ കൂമ്പിപ്പാൻ ഭാവിച്ച് വിചാരിച്ചു. രാവണൻ ആറു താമരപ്പൂക്കളെ കൂമ്പിപ്പാനേ കല്പിച്ചിട്ടുള്ളു. ഏഴാമത്തേ താമരപ്പൂവിനെ കൂമ്പിച്ചാൽ രാവണൻ കോപിക്കും. എന്നീവണ്ണം വിചാരിച്ചു ഭയപ്പെട്ടു കൂമ്പിക്കാതെ കണ്ടു പോയി. എന്നു കാട്ടി, പിന്നെ പീഠത്തിന്മേലിരുന്നു്, ഈവണ്ണം ചന്ദ്രൻ എൻെറ കല്പന കൂടാതെ ദൂരത്തിങ്കൽ നില്ക്കുന്ന താമരപ്പൂക്കളെപ്പോലും രശ്മികളെക്കൊണ്ടു കൂമ്പിക്ക ഇല്ല. പിന്നെ അന്വയം കൈക്കൂടെ ഒരിക്കൽ ചൊല്ലു—യഃ രശ്മിഭിഃ മമ ശാസനാദ് ഋതേ ദിഗന്തരേ അപി സരോരുഹാണി ന ഗ്ലപയതി.

---

1. ഭാഷിപ്പു

പിന്നെ മുഡ്ഢനിൽ പിന്നത്തെ അന്വയം ചൊല്ലൂ.

'സ ചന്ദ്രമാ:[1] വിതപതി,[2] എന്നു തുടങ്ങി നീയതേ എന്നെടത്തോളം ചൊല്ലി,

പിന്നെ അന്വയം—'മാം വിതപതി.' ഈവണ്ണം എന്നെ ഭയപ്പെട്ടിരിക്കുന്ന ചന്ദ്രൻ എന്നെ ഏററവും ദുഃഖിപ്പിക്കുന്നു. മറഞ്ഞു നിന്നു ദുഃഖിപ്പിക്കയോ—അതല്ല. പിന്നെ വിലക്കി, 'സംമുഖേന' എന്നു ചൊല്ലൂ. എൻെറ നെററിക്കു നേരേ നിന്നു് ഏററവും ദുഃഖിപ്പിക്കയാണു്. അതിന്നു സംഗതി എന്താണു്?

പിന്നെ അന്വയം—.'അബല: അപി അവസ്ഥയാ ബലം നീയതേ'–അബലൻ എങ്കിലും അവസ്ഥകൊണ്ടു ബലത്തെ പ്രാപിക്കുന്നു. ഈ ചന്ദ്രൻ ഏററവും ദുർബ്ബലനാണു്. എങ്കിലും സീത നിമിത്തമായിട്ടു് ഏററവും ബലവാനായിട്ടു് ഭവിച്ചിരിക്കുന്നു.

പിന്നെ ഉത്തരാദ്ധം ചൊല്ലി സീതേടെ പഞ്ചാംഗം ആടി കൂത്തു കഴിപ്പൂ.

എട്ടാം ദിവസം.

പിന്നെ[3] ചിത്രയോധി പുറപ്പാടിന്നു് അണിഞ്ഞു് മിഴാവു് ഒച്ചപ്പെട്ടത്തി യവനിക പിടിച്ചാൽ പുറപ്പെട്ടു മിഴാവണയ്ക്കൽ അഭിവാദ്യം ചെയ്തു മറയിൽ കളപ്പുറത്തു നടന്നു മുടിച്ചു് മുഖത്തു നീരു തളിച്ചു കളിയം വച്ചു തിരിഞ്ഞു വിളക്കത്തു താണുനിന്നു യവനിക നീക്കിയാൽ പ്രസന്നഭാവത്തോടുകൂടെ രണ്ടു പുറത്തും നോക്കി കൊറഞ്ഞൊന്നു നിന്നു്, കണ്ടുവഷ്വരൻ പോന്നു വരുന്നതു്.

എന്താണു് വഷ്വരൻ പറഞ്ഞതു്?—

---

1. സ ചന്ദ്രമാ വിതപതി സംമുഖേന മാമവസ്ഥയാ ബലമബലോഽപി നീയതേ.
(5–ാം അങ്കം 4–ാം ശ്ലോകത്തിൻെറ ഉത്തരാദ്ധം)

2. 'വിതപതി...........മാം വിതപതി' എന്ന ഭാഗം ഇല്ല.

3— ത തഃ പ്രവിശത്യമാത്യ.
(അഞ്ചാം അങ്കം 4–ാം ശ്ലോകം കഴിഞ്ഞു്)

1
അല്ലേ, അങ്ങേ വേഗത്തിൽ കൂട്ടിക്കൊണ്ടു വരണമെന്നു സ്വാമി എന്നോടു കല്പിച്ചു് അയച്ചിരിക്കുന്നു. അതു ഹേതുവായിട്ടു് അങ്ങുന്നു വേഗം പുറപ്പെട്ടാലും, എന്നീവണ്ണമോ പറഞ്ഞതു്. എന്നാൽ അങ്ങനെ തന്നെ' എന്നു കാട്ടി, കളപ്പുറത്തു നടന്നു തിരിഞ്ഞു താണുനിന്നു രണ്ടു ഭാഗത്തും നോക്കി. കണ്ടു ചന്ദ്രൻ വൃത്താകാരേണ ഉദിച്ചു് രശ്മികളെ എല്ലാ ദിക്കുകളിലും വ്യാപിപ്പിച്ചു ശോഭിച്ചു വശമായിരിക്കുന്നതു്. എന്നു കാട്ടി, ചന്ദ്രനെ സൂക്ഷിച്ചു നോക്കി ദാണത്തിനു ശീലിച്ചു അദ്ഭുതരസത്തോടുകൂടെ നാലു പുറവും നോക്കി 'ആശ്ചര്യം' എന്നു കാട്ടി വിലക്കി,

2
പിന്നെ അന്വയം 'അഹോ! ചന്ദ്രപാദരസജ്ഞതാം ചിരാദവാപ്നോതി രാക്ഷസലോകഃ' എന്നു ചൊല്ലി അതിൻെറ അൎത്ഥം—രാക്ഷസലോകം ചന്ദ്രരശ്മി തട്ടീട്ടുള്ള സുഖത്തെ വളരെ കാലം കൊണ്ടാണു് അനുഭവിക്കുന്നതു്. അതു് എന്തു് ?

ചന്ദ്രൻ സ്വാമീടെ കല്പനഹേതുവായിട്ടു് വളരെക്കാലമായിട്ടു് ഉദിക്കാറില്ല. ഇപ്പോൾ സ്വാമീടെ കല്പന ഹേതുവായിട്ടു ചന്ദ്രൻ ഉദിച്ചു് രശ്മികളെ എല്ലാ ദിക്കിലും വ്യാപിപ്പിച്ചു വശമായ സമയത്തിങ്കൽ രാക്ഷസര് ചന്ദ്രരശ്മി തട്ടി സുഖത്തോടു കൂടെ വശമായി അതു് എങ്ങനെ ? ലങ്കാവാസികളായിരിക്കുന്ന 'രാക്ഷസര്' എന്നു കാട്ടി, കണ്ടു ചന്ദ്രനെ ശോഭിച്ചതു്(?ശോഭിച്ചു.) സൂക്ഷിച്ചുനോക്കി—

എടോ, ഈ കാണുന്നതു് എന്തൊരു വസ്തുവാണു്. ഇതു കാണുന്ന സമയത്തിങ്കൽ കണ്ണുകൾക്കു വളരെ സുഖം ഉണ്ടു്. നിയ്യ് അറിയുമോ ? ഞാൻ അറിക ഇല്ല. എടോ നിയ്യ് അറിയുമോ ?

---

1. ...., ത്തൂർണമാഹ്വയതാമമാത്യശ്ചിത്രയോധീ

(5–ാം അങ്കം ഒന്നാം ശ്ലോകം കഴിഞ്ഞു്)

2. 'ആശ്ചര്യം.........അന്വയം' എന്ന ഭാഗം ഇല്ല.

3. അമാത്യഃ—(സൎവ്വതോ വിലോക്യ) അഹോ ചന്ദ്രപാദരസജ്ഞതാം

ചിരാദാപ്നോതി രാക്ഷസലോക്യ

(അഞ്ചാം അങ്കം 4–ാം ശ്ലോകം കഴിഞ്ഞു്)

പിന്നെ നോക്കി—ഞാൻ ഇതുപോലെ ഒരു വസ്തു കണ്ടിട്ടും ഇല്ല, കേട്ടിട്ടും ഇല്ല. എന്നാൽ അറിയാൻ എന്തൊരു ഉപായം ഉള്ളൂ. വിചാരിച്ച്, വൃദ്ധന്മാരോടു ചോദിക്ക തന്നെ. വൃദ്ധന്മാരുടെ സമീപത്തിങ്കൽ ചെന്നു്, അല്ലേ ഇക്കാണുന്ന വസ്തു എന്താണ്?

പിന്നെ വൃദ്ധന്റെ ഭാവമായിട്ടു നോക്കി, അല്ലേ അല്ലേ രാക്ഷസരു്! ആദിത്യൻ എന്നും ചന്ദ്രൻ എന്നും രണ്ടു വസ്തു ഉണ്ടു്. ഇതു ചന്ദ്രനാണ്. ചന്ദ്രൻ സ്വാമീടെ കല്പന ഹേതുവായിട്ട് ഉദിക്കാറില്ല. ഇപ്പോൾ സ്വാമീടെ കല്പന ഹേതുവായിട്ടാണ് ഉദിച്ചതു്.

ഈവണ്ണം പറഞ്ഞ സമയത്തിങ്കൽ രാക്ഷസരു സന്തോഷിച്ചു ഓരോ പ്രദേശങ്ങളിൽ ചെന്നിരുന്നു ചന്ദ്രരശ്മി തട്ടി സുഖത്തോടുകൂടെ മദ്യപാനം ചെയ്തു ക്രീഡിപ്പതും ചെയ്തു വശമായി.

ഈവണ്ണം ലങ്കാവാസികളായിരിക്കുന്ന രാക്ഷസരു വളരെക്കാലംകൊണ്ടാണു ചന്ദ്രരശ്മി തട്ടീട്ടുള്ള സുഖത്തെ അനുഭവിക്കുന്നതു് എന്നു കാട്ടി, വിലക്കി പിന്നെയും ചൊല്ലി, 'കുതഃ'[1] എന്നു ചൊല്ലി, 'ആവിർഭവത്യമൃത' എന്ന ശ്ലോകത്തിന്റെ കൈ കാട്ടി പിന്നെയും 'കുതഃ' എന്നു ചൊല്ലി ചെറിയക്കും വലിയക്കും കുങ്കുണം ആദിയായിട്ടുള്ള ക്രിയകൾ ഒക്കെയും ആടി കൂത്തു കഴിപ്പൂ.

---

1. അമാത്യഃ—.........കുതഃ—

ആവിർഭവത്യമൃതഭാജനമങ്ഗജന്മ-

സേനാപതിഃ ശിശിരദീധിതിരേഷ ദേവഃ

ക്ഷീരാർണ്ണവപ്രളയവാരിണി ജീവലോകം

പശ്യാമി മഗ്നമിവ യസ്യ മയൂഖജാലൈഃ

(അഞ്ചാം അങ്കം, അഞ്ചാം ശ്ലോകം)

പിററന്നാൾ പുറപ്പെട്ട മിഴാവണയ്ക്കൽ അഭിവാദ്യം ചെയ്ത് കളിയം വച്ചു തിരിഞ്ഞു വിളക്കത്തു താണുനിന്നു സഭാനിരീക്ഷണം ചെയ്തു പീഠത്തിന്മേൽ ഇരുന്നു് അഭിവാദ്യവും സഭാനിരീക്ഷണവും കഴിച്ചു കമലപരിവർദ്ധനത്തിൽ തൊഴുതു് അനുക്രമം ആടു.

എങ്കിലോ പണ്ടു ചിത്രയോധി ചന്ദ്രനെ കണ്ടു് ആശ്ചയ്യ്യപ്പെട്ടു നിന്ന പ്രകാരം എങ്ങനെ? അതിന്നു മൂന്നമേ ചന്ദ്രൻ രാവണൻെറ കല്പന ഹേതുവായിട്ടു് ഉദിച്ചു തൻെറ രശ്മികളെ എല്ലാ ദിക്കുകളിലും വ്യാപിപ്പിച്ചവാറു് എങ്ങനെ? അതിന്നു മുന്നമേ ക്ഷീരാബ്ധിമഥനം ചെയ്യു സമയത്തിങ്കൽ ചന്ദ്രൻ ഉണ്ടായ പ്രകാരം എങ്ങനെ? അതിന്നു മുന്നമേ ദേവകളും അസുരകളും കൂടെ ക്ഷീരാബ്ധി മഥനംചെയ്യ പ്രകാരം എങ്ങനെ? ഒക്കെയും 'ഇങ്ങനെ' എന്നു കാട്ടി അനുക്രമം കഴിച്ചു കമലപരിവർദ്ധനം ചെയ്തു തൊഴുതു സംക്ഷേപം ആടു.

എങ്കിലോ പണ്ടു ത്രൈലോക്യനാഥനായിരിക്കുന്ന ശ്രീ പരമേശ്വരൻ ത്രിപുരന്മാരെ സംഹരിച്ചതിൻെറ ശേഷം കോപം സഹിച്ചുകൂടാഞ്ഞിട്ടു ശ്രീദുർവ്വാസസ്സു് മഹർഷിയായിട്ടു വശമായ തിൻെറ ശേഷം, മഹർഷി – 'അല്ലയോ, ഇനിക്കു് എന്തൊരു പ്രവൃത്തിയാണു്' എന്നീവണ്ണം ചോദിച്ച സമയത്തിങ്കൽ ശിവൻ 'അല്ലേ, നിയ്യു് ത്രൈലോക്യത്തിങ്കൽ ശാപാനുഗ്രഹങ്ങളെ ചെയ്യുംതും ചെയ്യു സഞ്ചരിച്ചാലും' എന്നീവണ്ണം പറഞ്ഞതിൻെറ ശേഷം, മഹർഷി ശാപാനുഗ്രഹങ്ങളെ ചെയ്തു സഞ്ചരിക്കുന്ന സമയ ത്തിങ്കൽ ഒരു അപ്സരസ്ത്രീ കല്പകവൃക്ഷത്തിൻെറ പുഷ്പങ്ങളെക്കൊണ്ടു മാല കെട്ടിയുണ്ടാക്കി ഇന്ദ്രനു കൊടുപ്പാനായിട്ടു കൊണ്ടുപോകുന്നതു

കണ്ട സമയത്തിങ്കൽ മഹർഷി—'അല്ലേ സുന്ദരി, ഈ മാല ആൎക്കു കൊടുപ്പാനാണ് കൊണ്ടുപോകുന്നതു്?' എന്നീവണ്ണം ചോദിച്ച സമയത്തിങ്കൽ 'അല്ലേ, നിന്തിരുവടിക്കു തരാനാണ്' എന്നീവണ്ണം പറഞ്ഞു മാല മഹൎഷിക്കു കൊടുത്തതിന്റെ ശേഷം മഹർഷി മാല മേടിച്ച ശിരസ്സിൽ അലങ്കരിച്ച സഞ്ചരിക്കുന്ന സമയത്തിങ്കൽ വണ്ടുകൾ പുഷ്പങ്ങളുടെ അന്തർഭാഗത്തിങ്കലേ മധുനെ പാനം ചെയ്തു ശിരസ്സിങ്കൽ നിറഞ്ഞു ശബ്ദിക്കുന്നതു കേട്ടിട്ട സഹിച്ചുകൂടാഞ്ഞിട്ട് ഈ മാല ആൎക്കു കൊടുക്കേണ്ടു എന്നീവണ്ണം വിചാരിച്ച നോക്കിയ സമയത്തിങ്കൽ കണ്ടു, ഇന്ദ്രൻ ഐരാവതത്തിന്റെ കഴുത്തിൽ കയറി വരുന്നതു്. ആ സമയത്തിങ്കൽ ഇന്ദ്രൻ മഹർഷിയെ കണ്ടു് ഐരാവതത്തിന്റെ കഴുത്തീന്നു് എറങ്ങി സമീപത്തിങ്കൽ ചെന്നു മഹർഷിയെ വന്ദിച്ചു. ആ സമയത്തിങ്കൽ മഹർഷി മാല ഇന്ദ്രനായിക്കൊണ്ടു കൊടുത്തു.

ആ സമയത്തിങ്കൽ ഇന്ദ്രൻ മാല മേടിച്ച മഹർഷിയെ വന്ദിച്ചു് ഐരാവതത്തിന്റെ കഴുത്തിൽക്കയറി മാല മസ്തകത്തിങ്കൽ വെച്ചു തല വിടുക്കുന്ന സമയത്തിങ്കൽ ഐരാവതം വണ്ടത്താന്മാരുടെ ശബ്ദം കേട്ടു തുമ്പിക്കയ്യുകൊണ്ടു മസ്തകത്തിങ്കൽ തപ്പി മാല എടുത്തു കളഞ്ഞു. ആ സമയത്തിങ്കൽ, ഇന്ദ്രൻ തല വിടത്തു നോക്കിയ സമയത്തിങ്കൽ മാല കളഞ്ഞതു കണ്ടു കോപിച്ചു് ഐരാവതത്തിനെ അടിച്ചു. ആ സമയത്തിങ്കൽ ഐരാവതം കരഞ്ഞു. ആ സമയത്തിങ്കൽ—മഹർഷി ഐരാവതത്തിന്റെ ശബ്ദം കേട്ട നോക്കിയ സമയത്തിങ്കൽ മാല കളഞ്ഞതു കണ്ടിട്ട കോപിച്ചു്, 'അല്ലേ ഇന്ദ്രൻ! സ്വർഗ്ഗൈശ്വര്യം നശിച്ചു പോട്ടെ, ജരാനരകളും പിടിച്ചു പോട്ടെ' എന്നീവണ്ണം ശപിച്ചതിന്റെശേഷം, ഇന്ദ്രൻ മഹർഷീടെ സമീപത്തിങ്കൽ ചെന്നു പരമാൎത്ഥം പറഞ്ഞ സമയത്തിങ്കൽ മഹർഷി— അല്ലേ ഇന്ദ്രൻ! അമൃതു് ഉണ്ടാക്കി

സേവിച്ചാൽ മുമ്പിലത്തെപ്പോലെ ഒക്കെയും ഉണ്ടാവും'. എന്നീവണ്ണം അനുഗ്രഹിച്ചതിൻെറശേഷം ഇന്ദ്രൻ ദേവകളോടുകൂടെ സത്യലോകത്തിങ്കൽ ചെന്നു ബ്രഹ്മാവിനെ വന്ദിച്ച് 'അല്ലേ സ്വാമിൻ' ഞങ്ങൾക്ക് അമൃതു് ഉണ്ടാക്കിത്തരണേ' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ, ബ്രഹ്മാവു്–'അല്ലേ ദേവകൾ! ഞാൻ വിചാരിച്ചാൽ അമൃതു് ഉണ്ടാക ഇല്ല. വിഷ്ണുവോടു പറഞ്ഞാലും' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ ദേവകൾ ക്ഷീരാബ്ധിങ്കൽ ചെന്നു വിഷ്ണുവെ വന്ദിച്ച്, 'അല്ലേ സ്വാമിൻ! ഞങ്ങൾക്ക് അമൃതു് ഉണ്ടാക്കിത്തരണേ! എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ, ശ്രീനാരായണൻ–'അല്ലേ ദേവകൾ, ഞാൻ വിചാരിച്ചാൽ അമൃതു് ഉണ്ടാകയില്ല. നിങ്ങൾ കൈലാസത്തിങ്കൽ ചെന്നു ശിവനോടു പറഞ്ഞു ശിവനെ ഇവിടെ കൂട്ടിക്കൊണ്ടുവന്നാലും. എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ ദേവകൾ കൈലാസത്തിങ്കൽ ചെന്നു് ശിവനെ വന്ദിച്ച് 'അല്ലേ സ്വാമിൻ ഞങ്ങൾക്ക് അമൃതു് ഉണ്ടാക്കിത്തരണേ' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ ശിവൻ–'അല്ലേ ദേവകൾ ഞാൻ വാചാരിച്ചാൽ അമൃതു് ഉണ്ടാകയില്ല. നിങ്ങൾ വിഷ്ണുവോടു പറഞ്ഞില്ലേ?'

അല്ലേ സ്വാമിൻ! ഞങ്ങൾ ഭഗവാനോടു പറഞ്ഞ സമയത്തിങ്കൽ നിന്തിരുവടിയെ കൂട്ടിക്കൊണ്ടുവരണം, എന്നീവണ്ണം അരുളിച്ചെയ്തു' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ ശിവൻ ദേവകളോടുകൂടെ പുറപ്പെട്ടു ക്ഷീരാബ്ധിങ്കൽ ചെന്നു.

ആ സമയത്തിങ്കൽ ശ്രീനാരായണൻ ശിവനെ വഴിപോലെ പൂജിച്ച് ഇരുത്തി ഇങ്ങനെ എന്നു കാട്ടി സംക്ഷേപം കഴിച്ചു. പിന്നെ ശ്രീ നാരായണൻ ശിവൻെറ കൈ തിരുമുത്തും ചെയ്തു് ഇരിക്കുന്ന സമയത്തിങ്കൽ, ശിവൻ — 'അല്ലേ വിഷ്ണു! ഈ

ദേവകൾ അമൃത് ഉണ്ടാക്കി സേവിക്കണം എന്നീവണ്ണം പറയുന്നു. അതിന്നു് എന്തൊരു് ഉപായം ഉള്ളൂ?.' എന്നീവണ്ണം ചോദിച്ച സമയത്തിങ്കൽ, വിഷ്ണു—'അല്ലേ ശിവൻ! അങ്ങുന്നു പാതാളത്തിങ്കൽ നിന്നു് അസുരകളെ ഇവിടെ വരുത്തിയാലും' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ, ശിവൻ—'അല്ലേ ഭിംഗിരിടി! നീയ്യ് പാതാളത്തിങ്കൽ ചെന്നു് അസുരന്മാരെ ഇവിടെ കൂട്ടി കൊണ്ടു വന്നാലും.'

പിന്നെ പീഠത്തിന്മേന്നു് എണീററു് ഉത്തരീയം അരയിൽ കെട്ടി പോയി നഖവും കെട്ടി ഭഗവാന്റെ സമീപത്തിങ്കൽ വന്ദിപ്പതും ചെയ്തു നില്ക്കുന്ന സമയത്തിങ്കൽ, ഈവണ്ണം പറയുന്നതിനെ കേട്ടു് 'അങ്ങനെ തന്നെ' വന്ദിച്ചു തിരിഞ്ഞു വട്ടത്തിൽ ചാടിനടന്നു പാതാളത്തിങ്കൽ ചെന്നു് 'അല്ലേ അല്ലേ[1] അസുരകളു്! നിങ്ങളെ വേഗത്തിൽ കൂട്ടികൊണ്ടുപോരണമെന്നു[2] ഭഗവാൻ എന്നോട്ടു് അരുളിച്ചെയ്തിരിക്കുന്നു. നിങ്ങൾ വേഗം പുറപ്പെട്ടാലും' എന്നീവണ്ണം പറഞ്ഞു.

ആ സമയത്തിങ്കൽ 'അസുരന്മാർ' എന്നു് അരങ്ങു[3] പെരുമാററത്തിൽ കാട്ടി നെലത്തിരുന്നു മദ്യപാനംചെയ്തു് ചൂതു പൊരുതുതും ചെയ്തു് ഇരിക്കുന്ന സമയത്തിങ്കൽ ഭിംഗിരിടി ഈവണ്ണം പറയുന്നതിനെ കേട്ട വേഗത്തിൽ എണീററു പരിഭ്രമിച്ച ചൂതു കാലുകൊണ്ടു തട്ടിക്കളഞ്ഞു പുറപ്പെട്ട ഭിംഗിരിടിയോട്ടും കൂടെ പോകുന്ന സമയത്തിങ്കൽ ഭിംഗിരിടി ക്ഷീരാബ്ധീങ്കലേക്കു

---

1. ഈ പദമില്ല.
2. വരണമെന്നു
3. അരങ്ങത്തു്

പോകുന്ന വഴിയിൽക്കൂടെ പോകുന്നതു കണ്ടു്, ഇവൻ വഴി യറിയാതെ പോകയാണു് എന്നീവണ്ണും നിശ്ചയിച്ചു് കൈലാസ ത്തിങ്കലേക്കു പോകുന്ന വഴിയിൽക്കൂടെ പോയിത്തുടങ്ങി.

ആ സമയത്തിങ്കൽ ഭിംഗിരിടി—'അല്ലേ അസുരന്മാർ! ഭഗവാൻ കൈലാസത്തിങ്കൽ ഇല്ല ക്ഷീരാബ്ധിങ്കലാണു് എന്നീ വണ്ണും പറഞ്ഞ സമയത്തിങ്കൽ, അസുരന്മാർ ഭിംഗിരിടിയോട്ടു കൂടെ പോകുന്ന സമയത്തിങ്കൽ, അസുരകൾ—'എടോ, എടോ, നമുക്കു ശിവനെ വഴിപോലെ വന്ദിക്കണം, വിഷ്ണുനെ വന്ദി ക്കയും വേണം' ഈവണ്ണും പറഞ്ഞു ക്ഷീരാബ്ധിങ്കൽ ചെന്നു ശിവനെ വന്ദിച്ചു. വിഷ്ണുനെ നിന്ദയോട്ടുകൂടെ നോക്കി എടത്തുപുറത്താ- യിട്ടു വന്ദിച്ചു.

പിന്നെ പിറത്തിന്മേലിരുന്ന ശിവൻ—'അല്ലേ വിഷ്ണു! അസുരന്മാരു് വന്നു. ഇനി എന്താണു ചെയ്യേണ്ടതു് എന്നു പറഞ്ഞാലും.'

പിന്നെ വിഷ്ണു—'അല്ലേ ശിവൻ അമൃതു് ഉണ്ടാക്കി സേവി ക്കോളത്തിന്നു് അസുരന്മാരും ദേവകളും തമ്മിൽ വൈരം ഉണ്ടാക രുതു്. അപ്രകാരം അസുരന്മാരെക്കൊണ്ടു സമയം ചെയ്യിപ്പിച്ചാലും.'

ആ സമയത്തിങ്കൽ ശിവൻ 'വിഷ്ണു ഈവണ്ണും പറയുന്നതിനെ കേട്ടു് 'അല്ലേ അസുരന്മാർ'! അമൃതു് ഉണ്ടാക്കി സേവിക്കുവോളം നിങ്ങൾ വിഷ്ണു പറയുന്നതിനെ ഒക്കയും ചെയ്യാലും' ഈവണ്ണും പറഞ്ഞു. പിന്നെ ശ്രീനാരായണൻ അസുരന്മാരെക്കൊണ്ടു സമയം ചെയ്യിപ്പിച്ചു് 'അല്ലേ അസുരന്മാർ! നിങ്ങൾ ചെന്നു മന്ദരംപർവ്വത ത്തെ എടുത്തു ഇവിടെ കൊണ്ടുവന്നാലും' എന്നീവണ്ണും പറഞ്ഞു.

ആ സമയത്തിങ്കൽ അസുരന്മാർ ഭഗവാൻ ഈവണ്ണും പറയുന്നതിനെ കേട്ടു മന്ദരംപർവ്വതത്തിന്റെ സമീപത്തിങ്കൽ ചെന്നു പർവ്വതം ഇടിച്ചു് എടുക്കാൻ ഭാവിച്ചു് എളകാഞ്ഞു

ഭഗവാൻെറ സമീപത്തിങ്കൽ വന്നു് 'അല്ലേ സ്വാമിൻ! ഞങ്ങൾക്ക മന്ദരംപർവതം ഇവിടെ കൊണ്ടുവരിക സാധിക്കയില്ല്യ' എന്നീ വണ്ണം പറഞ്ഞു.

ആ സമയത്തിങ്കൽ ഭഗവാൻ—'അല്ലേ അനന്തൻ! നിയ്യ് ചെന്നു മന്ദരംപർവതത്തെ കൊണ്ടുവന്നാലും' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ, അനന്തൻ മന്ദരംപർവതത്തെ ഒരു ഫണംകൊണ്ടു് എടുത്തുകൊണ്ടുവന്നു ക്ഷീരാബ്ധീടെ മധ്യത്തിങ്കൽ ഇട്ടു. പിന്നെ ശ്രീനാരായണൻ കണ്ടു ഗരുഡൻ ഗർവ്വോട്ടു കൂടി നില്ക്കുന്നതു്. 'ഇവൻെറ ഗർവ്വു് കളയാൻ എന്തൊരു ഉപായം ഉള്ളു' വിചാരിച്ചു് 'അല്ലേ ഗരുഡൻ നിയ്യ് പാതാളത്തിങ്കൽ ചെന്നു വാസുകിയെ ഇവിടെ കൊണ്ടുവന്നാലും'. ആ സമയത്തിങ്കൽ ഗരുഡൻ ഭഗവാൻ ഈവണ്ണം പറയുന്നതിനെ കേട്ടു്, അങ്ങനെ തന്നെ എന്നു കാട്ടി വന്ദിച്ചു തിരിഞ്ഞു പറന്നു പാതാളത്തിങ്കൽ ചെന്നു് വാസുകിയെ കൊത്തി ഉയത്തിയ സമയത്തിങ്കൽ നീളം വളരെ കണ്ടു മേല്പട്ടു വാസുകിയെ കൊത്തിക്കൊണ്ടു് പറന്നു് ആകാശമാർഗ്ഗത്തിൽ ചെന്നു എന്നു കാട്ടി, പീഠത്തിമ്മേൽ എണീററു നിന്നു പറന്നു നോക്കി പിന്നെയും നീളം വളരെ കണ്ടു വാസുകിയെ ഉപേക്ഷിച്ചു പറന്നു ഭഗവാൻെറ സമീപത്തിങ്കൽ ചെന്നു്— 'അല്ലേ ഭഗവാനേ! വാസുകിയെ കൊണ്ടുവരിക സാധിക്ക ഇല്ല' എന്നീവണ്ണം അറിയിച്ചു. ആ സമയത്തിങ്കൽ ഭഗവാൻ പീഠത്തിമ്മേലിരുന്നു്, ഗരുഡൻ ഈവണ്ണം പറയുന്നതിനെ കേട്ടു് 'അല്ലേ ശിവൻ! വാസുകിയെ ഇവിടെ വരുത്തിയാലും' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൾ ശിവൻ—'വാസുകീ' എന്നീവണ്ണം ഒന്നു ഞൊടിച്ച സമയത്തിങ്കൽ ഭഗവാൻെറ കയ്യുമ്മൽ അർദ്ധകടകമായിരിക്കുന്ന വാസുകി പുരോഭാഗത്തിങ്കൽ വന്നു വീണു.

പിന്നെ ശ്രീനാരായണൻ—'അല്ലേ ഗരുഡൻ! നിയ്യ് വാസുകിയെ കൊത്തി മന്ദരംപർവ്വതത്തിന്മേൽ ചുററിയാലും' എന്നീവണ്ണം പറഞ്ഞ സമയത്തിങ്കൽ, ഗരുഡൻ[1]—'അല്ലേ ഭഗവാനേ ഇനിക്കു സാധിക്കയില്ല'. ആ സമയത്തിങ്കൽ, ഭഗവാൻ—'അല്ലേ ഗരുഡൻ! നിയ്യു ഭയപ്പെടേണ്ട. വാസുകിയെ കൊത്തി എടുത്തു മന്ദരംപർവ്വതത്തിന്മേൽ ചുററിയാലും' എന്നീവണ്ണം പറഞ്ഞു. ആ സമയത്തിങ്കൽ ഗരുഡൻ ഭഗവാനെ വന്ദിച്ചു വാസുകിയെ കൊത്തി മന്ദരംപർവ്വതത്തിന്നു പ്രദക്ഷിണമായിട്ടു വട്ടത്തിൽ നടന്നു വാസുകിയെ മന്ദരംപർവ്വതത്തിന്മേൽ ചുററി പുച്ഛം രണ്ടു ഭാഗത്തേക്കും ആക്കി ഇട്ടു. പിന്നെ ഭഗവാനെ വന്ദിച്ച് 'അല്ലേ സ്വാമിൻ! വാസുകിയെ മന്ദരംപർവ്വതത്തിന്മേൽ ചുററി' എന്നീവണ്ണം അറിയിച്ചു.

പിന്നെ ഭഗവാനായിട്ടു പീഠത്തിന്മേലിരുന്ന് 'അല്ലേ അസുരകൾ! അല്ലേ ദേവകൾ! നിങ്ങൾ മഥനം ചെയ്താലും' എന്നീവണ്ണം പറഞ്ഞു.

പിന്നെ പീഠത്തിന്മേന്ന് എണീററു പീഠം നീക്കി ഇട്ടു, അസുരന്മാരും ദേവകളും ഭഗവാൻ ഈവണ്ണം അരുളിച്ചെയ്തതിനെ കേട്ടു മഥനം ചെയ്യാനായിക്കൊണ്ട് ആരംഭിച്ചു. മന്ദരംപർവ്വതത്തെ കടകോലായിട്ടും[2] വാസുകിയെ കയറും ആക്കി ചെയ്തിട്ടു ദേവകളും അസുരകളും കൂടെ മഥനം ചെയ്‌വാനായിട്ട് ആരംഭിച്ചു വിലക്കി,—

> മന്ഥാനം മന്ദരം കൃത്വാ നേത്രം കൃത്വാ ച വാസുകിം
> തതോ മഥിതുമാരബ്ധാ ദേവദാനവരാക്ഷസാഃ

---

1. 'ഗരുഡൻ' എന്നില്ല.
2. കടകോലാക്കി

പിന്നെ രണ്ടു മൂലസ്സുല്യം നിന്നു ദേവകളും അസുരന്മാരും മഥനംചെയ്യുന്ന പ്രകാരം കാട്ടു.

ആ സമയത്തിങ്കൽ അസുരകളായിട്ടു നോക്കി, 'എടോ എടോ! ദേവകൾ വാസുകീടെ തലസ്സലാണു്, നാം വാലിങ്കലാണു്[1]' എന്നീവണ്ണം പറഞ്ഞു വാസുകിയെ ഉപേക്ഷിച്ചു. ആ സമയത്തിങ്കൽ എന്നു കാട്ടി, പീഠത്തിന്മേലിരുന്ന ശ്രീനാരായണൻ കണ്ടു അസുരന്മാരു് വാസുകിയെ ഉപേക്ഷിച്ചുനില്ക്കുന്നതു്. 'അല്ലേ അസുരകൾ! നിങ്ങൾ വാസുകീടെ തല പിടിച്ചാലും; അല്ലേ ദേവകൾ! നിങ്ങൾ വാലു പിടിച്ചാലും,' —എന്നീവണ്ണം പറഞ്ഞു ദേവകളെ വാലുങ്കലും അസുരകളെ തലസ്സലും ആക്കി എന്നു കാട്ടി വിലക്കി പാടിപ്പു—

തതോ വൈ വിബുധാഃ സർവ്വേ യതഃ പുച്ഛം തതഃ കൃതാഃ
കൃഷ്ണേന വാസുകേർദൈത്യാ: പൂർവകായേ നിവേശിതാ:

ശ്ലോകം പാടിച്ചു കഴിഞ്ഞാൽ പിന്നെയും രണ്ടു മൂലസ്സുല്യം നിന്നു മഥനംചെയ്യുന്ന പ്രകാരം കാട്ടു.

ആ സമയത്തിങ്കൽ 'മന്ദരം പവ്വതം' എന്നു കാട്ടി രണ്ടു മൂന്നു് എടത്തോട്ടും വലത്തോട്ടും തിരിഞ്ഞു് കീഴ്പ്പെട്ടുക്കു താണു എന്നു കാട്ടി. ആ സമയത്തിങ്കൽ പീഠത്തിന്മേലിരുന്ന, ശ്രീനാരായണൻ കണ്ടു മന്ദരംപവ്വതം കീഴ്പ്പെട്ടുക്കു താണതു്. 'എന്താണു ചെയ്യേണ്ടതു്?' വിചാരിച്ചു്—പീഠത്തിന്മേന്നു എണീററു മറഞ്ഞു് ആമേടെ രൂപത്തെ ധരിച്ചു ചെന്നു് മന്ദരംപർവതത്തെ പൃഷ്ഠം കൊണ്ടു് എടുത്തു പുറപ്പെട്ടു, എന്നു കാട്ടി അംബരയാനം[2] കാട്ടി വിലക്കി ശ്ലോകം പാടിക്കുമ്പോൾ അംബരയാനം[3] കാട്ടിക്കൊള്ളു.

---

1. വലിക്കയാണു് 2, 3. അംബരായനം

ക്ഷീരോമമദ്ധ്യേ ഭഗവാൻ കൂർമ്മരൂപഃ സ്വയം ഹരിഃ
മന്ദരാദ്രേരധിഷ്ഠാനം ഭ്രമതോऽഭൂന്മഹാദ്യുതി:.

ഇതു തൊണ്ടിൽ. പിന്നെയും മഥനംചെയ്യുന്ന പ്രകാരം കാട്ടു. ആ സമയത്തിങ്കൽ 'അസുരകൾ' എന്നു കാട്ടി–'എടോ എടോ! നമുക്കു ദേവകളെ തോല്പിക്കണം. പിടിക്കിൻ പിടിക്കിൻ'! എന്നു കാട്ടി വേഗത്തിൽ മഥനംചെയ്തു ദേവകളുടെ കൈകളിൽ നിന്നു വാസുകിയെ കളഞ്ഞു.

ആ സമയത്തിങ്കൽ[1] ദേവകൾ ഭഗവാൻെറ സമീപത്തിങ്കൽ ചെന്നു വന്ദിച്ച്, 'അല്ലേ സ്വാമിൻ, വാസുകി ഞങ്ങളുടെ കയ്യീന്നു വിട്ടുപോയി'–എന്നീവണ്ണം പറഞ്ഞു. ആ സമയത്തിങ്കൽ എന്നു കാട്ടി. പീഠത്തിന്മേലിരുന്ന ഭഗവാൻ, ദേവകൾ ഈവണ്ണം പറന്നയുതിനെ കേട്ട സമയത്തിങ്കൽ—വിചാരിച്ച്—പീഠത്തിന്മേന്നു എണീററു മറഞ്ഞു ദേവകളിൽ ഒരുത്തൻെറ രൂപത്തെ ധരിച്ചു ചെന്നു സൂക്ഷിച്ചു നോക്കിയ സമയത്തിങ്കൽ കുറഞ്ഞൊന്നു പൃഷ്ഠംകാഴ്ഛാനുണ്ടു്. അതിനെ നുള്ളിവലിച്ചു നീളം ഉണ്ടാക്കി മഥനം ചെയ്തു വാസുകിയെ അസുരകളുടെ കയ്യീന്നു കളഞ്ഞു. ആ സമയത്തിങ്കൽ ഭഗവാൻ അസുരകളിൽ ഒരുത്തൻെറ രൂപത്തെ ധരിച്ചു ചെന്നു നോക്കിയ സമയത്തിങ്കൽ കൊറഞ്ഞൊന്നു പൃഷ്ഠം കാഴ്ഛാനുണ്ടു്. അതിനെ നുള്ളിവലിച്ചു നീളം ഉണ്ടാക്കി മഥനംചെയ്തു,

പിന്നെ വിലക്കി ശ്ലോകം പാടിപ്പൂ—
രൂപേണാന്യേന ദേവനാം മദ്ധ്യേ ചക്രഗദാധര:
ചകർഷ നാഗരാജം തം ദൈത്യമദ്ധ്യേऽപരേണ ച.
പിന്നെയും ഇരിവരും മഥനംചെയ്യുന്ന പ്രകാരം കാട്ടു.

ഇപ്രകാരം ദേവകളും അസുരകളും മന്ദരം പർവ്വതംകൊണ്ടു മഥനംചെയ്യുന്ന സമയത്തിങ്കൽ സമുദ്രം ഏററവും ശബ്ദിച്ചു. ശബ്ദം[2] എങ്ങിനെ ഉള്ളു? വലുതായിരിക്കുന്ന മേഘത്തിൻെറ ശബ്ദംപോലെ.

---

1. 'ആ സമയത്തിങ്കൽ.........പറഞ്ഞു' എന്ന വാചകമില്ല; 2. അതു്

ബഭൂവാത്ര മഹാൻ ഘോഷോ മഹാമേഘരവോപമഃ
ഉദധേർമ്മഥ്യമാനസ്യ മന്ദരേണ സുരാസുരൈഃ.

പിന്നെയും മഥനം കാട്ടു. ആ സമയത്തിങ്കൽ വാസുകി കാളകൂടം വിഷം ഛർദ്ദിച്ചു. ആ സമയത്തിങ്കൽ അസുരകൾ ദാഹിച്ചു തുടങ്ങി. അ സമയത്തിങ്കൽ എന്നു കാട്ടി, പീഠത്തിമ്മേലിരുന്നു ഭഗവാൻ കണ്ടു വാസുകി വിഷം ഛർദ്ദിച്ചതു്[1]. എണീററു ശിവൻെറ കയ്യീന്നു കപാലം മേടിച്ചു ചെന്നു നൂപുരപാദത്തിൽ ഇരുന്നു വടിച്ചു പാത്രത്തിലാക്കി ശിവൻെറ സമീപത്തിങ്കൽ ചെന്നു്—''അല്ലേ, ഇതു് എവിടെ വയ്ക്കേണ്ടു.'' പീഠത്തിമ്മേലിരുന്നു് ശിവൻ, വിഷ്ണു ഈവണ്ണം പറഞ്ഞതു കേട്ടു്—''അല്ലേ വിഷ്ണു! സ്വർഗ്ഗത്തിങ്കൽ വച്ചാലും''

പിന്നെ വിഷ്ണുവായിട്ടു നിന്നു് ഈവണ്ണം പറഞ്ഞതു കേട്ടു്—''അല്ലേ ശിവൻ, സ്വർഗ്ഗത്തിങ്കൽ വച്ചാൽ ദേവകൾ ആസകലം നശിച്ചുപോകും. അതുഹേതുവായിട്ടു വഹിയാ''.

പിന്നെ ശിവനായിട്ടു്, പീഠത്തിമ്മേലിരുന്നു് വിഷ്ണു ഈവണ്ണം പറയുന്നതു കേട്ടു്-''എന്നാൽ ഭൂമിങ്കൽ വച്ചാലും.''

പിന്നെ നിന്നു് വിഷ്ണു ഈവണ്ണം പറഞ്ഞതു കേട്ടു്—''അല്ലേ ശിവൻ; ഭൂമിങ്കൽ വച്ചാൽ മനുഷ്യർ ആസകലം നശിക്കും. അതുഹേതുവായിട്ടു വഹിയാ.''

പിന്നെ ശിവനായിട്ടു്, ഇരുന്നു് —''എന്നാൽ പാതാളത്തിങ്കൽ വച്ചാലും.''

പിന്നെ വിഷ്ണുവായിട്ടു് —''അല്ലേ ശിവൻ! പാതാളത്തിങ്കൽ വച്ചാൽ അസുരകൾ ആസകലം നശിക്കും. അതുഹേതുവായിട്ടു വഹിയാ.''

---

1. ഛർദ്ദിക്കുന്നതു്

പിന്നെ എവിടെ വസ്സേണ്ടൂ. ആ സമയത്തിങ്കൽ പീഠത്തിന്മേൽ ഇരുന്ന ശിവൻ, ഈവണ്ണം വിഷ്ണു പറഞ്ഞതു കേട്ട്, 'ആവോ' എന്നീവണ്ണം[1] പറഞ്ഞു. ആ സമയത്തിങ്കൽ എന്നു കാട്ടി

പീഠത്തിന്മേന്നു എണീററു നിന്നു്, ഭഗവാൻ വിഷം[2] ശിവൻെറ വായിൽ ഒഴിച്ചു. ആ സമയത്തിങ്കൽ, ശിവൻ എറക്കാൻ ഭാവിച്ച സമയത്തിങ്കൽ ശ്രീപാർവ്വതി ശിവൻെറ കഴുത്തിൽ പിടിച്ചു. ആ സമയത്തിങ്കൽ, ശിവൻ തുപ്പാൻ ഭാവിച്ച സമയത്തിങ്കൽ ശ്രീനാരായണൻ വായ് പൊത്തി. ആ സമയത്തിങ്കൽ ശിവൻ വിഷത്തെ ലോകരക്ഷാൎത്ഥമായിട്ട കഴുത്തിൽ കറുത്ത മൂന്നു രേഖയായിട്ട ധരിച്ചു. ആ സമയത്തിങ്കൽ തുടങ്ങി ശിവനു 'നീലകണ്ഠൻ' എന്നിങ്ങനെ[3] നാമം ഭവിച്ചു. വിലക്കി ശ്ലോകം പാടിപ്പൂ—

തത്ര പൂർവ്വം വിഷം ജാതം തദ്വിഷ്ണുവചനാച്ഛിവഃ
പ്രാഗ്രസല്ലോകരക്ഷാർത്ഥം നീലകണ്ഠസ്തതോ ഹരഃ.

പിന്നെയും മഥനംചെയ്യുന്ന പ്രകാരം കാട്ടൂ. ആ സമയത്തിങ്കൽ സുരഭി ഉണ്ടായി. ആ സമയത്തിങ്കൽ ദേവകൾ പൂജിച്ചു സ്വീകരിച്ചു.

മത്ഥ്യമാനേ തതസ്തസ്മിൻ ക്ഷീരാബ്ധൗ ദേവദാനവൈഃ
ഹവിർദ്ധാമാഭവത് പൂർവ്വം സുരഭിഃ സുരപൂജിതാ.

പിന്നെ വാരുണീദേവി ഉണ്ടായി. വാരുണീദേവി എങ്ങനെ ഉള്ള. മദംകൊണ്ടു് ഏററവും കലങ്ങിയിരിക്കുന്ന കണ്ണുകളോട്ടക്കൂടിയവളാണു്. പിന്നെ കല്പകവൃക്ഷം ഉണ്ടായി. പിന്നെ ദേവസ്ത്രീ ഉണ്ടായി.

ബഭൂവ വാരുണീദേവീ മദാഘൂർണ്ണിതലോചനാ
കാമദഃ പരിജാതശ്ച ദേവസ്ത്രീ നന്ദനസ്തുരഃ

---

1 എന്നീവണ്ണം 2 'വിഷം' എന്നില്ല. 3 എന്നീവണ്ണം

പിന്നെ രൂപൗദാര്യഗുണങ്ങളോടുകൂടിയിരിക്കുന്ന അപ്സര സ്ത്രീകൾ ഉണ്ടായി. പിന്നെ ചന്ദ്രൻ ഉണ്ടായി.

പിന്നെ പീഠത്തിന്മേലിരുന്നു ശിവൻ. കണ്ടു സുരഭി ഉണ്ടായതു്. ദേവകൾ പൂജിച്ചു സ്വീകരിച്ചു. കണ്ടു വാരുണീ ദേവി ഉണ്ടായതു്. കണ്ടു കല്പകവൃക്ഷം ഉണ്ടായതു്. കണ്ടു ദേവ സ്ത്രീ ഉണ്ടായതു്. കണ്ടു അപ്സരസ്ത്രീകൾ ഉണ്ടായതു്. കണ്ടു ചന്ദ്രൻ ഉണ്ടായതു്. എന്നു കാട്ടി, പീഠത്തിന്മേന്നു് എണീററുചെന്നു് ചന്ദ്രനെ എടുത്തു എന്നു കാട്ടി, പിന്നെ പീഠത്തിന്മേൽ ഇരുന്നു വിലക്കി ശ്ലോകം പാടിപ്പു—

രൂപൗദാര്യഗുണോപേതസ്തതശ്ചാപ്സരസാം ഗണഃ
തതഃ ശീതാംശുരഭവത് ജഗൃഹേ തം മഹേശ്വരഃ

പിന്നെ 'ഈവണ്ണം' എന്നു കാട്ടി എണീററു[1] തിരിഞ്ഞു വട്ടത്തിൽനോക്കി, ചന്ദ്രനെ നോക്കി ആശ്ചര്യപ്പെട്ടു്, 'അഹോ[2] ചന്ദ്രപാദരസജ്ഞതാം' എന്ന ഗ്രന്ഥത്തിന്റെ അർത്ഥം ആടി, പീഠം നീക്കിയിട്ടു വിലക്കി 'ആവിർഭവത്യമൃതഭാജനം'[3] എന്ന ശ്ലോകം ഭാണത്തിൽ ചൊല്ലി, പിന്നെ അന്വയം—

'ശിശിരദീധിതിഃ ഏഷഃ ദേവഃ ആവിർഭവതി'—ചന്ദ്രനാകുന്ന ഈ ദേവൻ ആവിർഭവിക്കുന്നു. ചന്ദ്രൻ എങ്ങനെ ഉള്ളൂ? വിലക്കി, 'അമൃതഭാജനം'—അമൃതിന്നു് ഒരു പാത്രമാണു്.

---

1 'എണീററു...അർത്ഥമാടി'— എന്ന ഭാഗം ഇല്ല

2 അമാത്യഃ— (സർവതോ വിലോക്യ)
അഹോ ചന്ദ്രപാദരസജ്ഞതാം ചിരാദാപ്നോതി രാക്ഷസലോകഃ.
(5–ാം അങ്കം 4–ാം ശ്ലോകം കഴിഞ്ഞു്)

3 ആവിർഭവത്യമൃതഭാജനമങ്ഗജന്മ-
സേനാപതിഃ ശിശിരദീധിതിരേഷ ദേവഃ
ക്ഷീരാർണവപ്രളയകാരിണി ജീവലോകം
പശ്യാമി മഗ്നമിവ യസ്യ മയൂഖജാലൈഃ
(അങ്കം 5 ശ്ലോകം 5)

അത്രതന്നെയുമല്ല, വിലക്കി, 'അംഗജന്മസേനാപതി:'— കാമദേവന്റെ പടനായകനാണ്. ഈവണ്ണം ഇരിക്കുന്ന ചന്ദ്രൻ ഉദിച്ചു വശായിരിക്കുന്നു. പിന്നെ വലിക്കി, അന്വയം—

അഹം യസ്യ മയൂഖജാലൈ: ജീവലോകം ക്ഷീരാബ്ധിവ പ്രലയവാരിണി മഗ്നമിവ പശ്യാമി–ഞാൻ യാതൊരു ചന്ദ്രന്റെ രശ്മികൾ എല്ലാ ദിക്കുകളിലും വ്യാപിച്ച സമയത്തിങ്കൽ എല്ലാ ജനങ്ങളെയും ക്ഷീരസമുദ്രത്തിന്റെ ജലത്തിങ്കൽ മുങ്ങിയവർ എന്നപോലെ കാണുന്നു.

പിന്നെ ഉത്തരാർദ്ധം[1] തുടങ്ങി ഒരിക്കൽ ചൊല്ലി, ഗ്രന്ഥം തുടങ്ങി ഒക്കെ ഒരിക്കൽ ചൊല്ലി, 'കുത:' എന്നുചൊല്ലി, വിലക്കി ഒരിക്കൽക്കൂടെ ചൊല്ലി കുത: എന്നു ചൊല്ലി കൊട്ടോട്ടുകൂടെ ചൊല്ലിക്കഴിഞ്ഞാൽ പിന്നെ താണുനിന്നു കൂത്തു കഴിപ്പൂ.

പത്താം ദിവസം

(കൂടിയാട്ടം ഒന്നാം ദിവസം)

പിറന്നാൾ കൂടിയാട്ടത്തിന്നു രാവണൻ പുറപ്പെട്ടു മിഴാവ ണക്കൽ അഭിവാദ്യം ചെയ്തു മൂന്നാം താളത്തിൽ പുറപ്പെട്ടു പീഠത്തി ന്മേലിരുന്നു സീതേടെ കേശാദിപാദം ആടി കാമശരം കൊണ്ടു മന്ദ വായുവും ചന്ദ്രരശ്മിയും എടകലന്നു തട്ടുന്ന പ്രകാരം കാട്ടി സങ്കട ത്തോടുകൂടെ ചന്ദ്രനെ നോക്കി കൊററഞ്ഞൊന്നു വിചാരിച്ചു–

കഷ്ടം! ഈ ചന്ദ്രൻ എന്റെ നെററിക്കു നേരെ നിന്നു് ഈവണ്ണം ദു:ഖിപ്പിക്കയാണു ചെയ്യുന്നതു്. എന്താണു ചെയ്യേണ്ടതു്?

---

1 'ഉത്തരാർദ്ധം——വിലക്കി' എന്ന ഭാഗം ഇല്ല

വിചാരിച്ച്—ഇവനോട്ട് അസാരം പറകതന്നെ എന്നു കാട്ടി ബഹുമാനിച്ച വലത്തോട്ടസ്സായിട്ട സംബോധന കാട്ടി, ഒരം കൊണ്ട വിലക്കി, 'ഹിമകര' എന്ന ഷഡ്ജത്തിൽ ചൊല്ലി, 'അല്ലേ ചന്ദ്രൻ' എന്ന കാട്ടി, ചന്ദ്രനെ സൂക്ഷിച്ച നോക്കി– 'എന്താണ്' ഏതും ഒരു എളക്കം ഇല്ല: ഞാൻ പറഞ്ഞതിനെകേട്ടില്ല എന്നോ'?

വിചാരിച്ച് — 'ഒരിക്കൽക്കൂടെ വിളിക്കതന്നെ,' എന്നു കാട്ടി, വിലക്കി, 'ഹിമകര' എന്നു പഞ്ചമത്തിൽ ചൊല്ല.

അല്ലേ ചന്ദ്രൻ! നിയ്യ് ഞാൻ വിളിച്ചതിനെ കേട്ടില്ലേ? നിന്റെ ചെവി അടഞ്ഞു പോയോ? എന്നു കാട്ടി പിന്നെയും സൂക്ഷിച്ചുനോക്കി; ഏതും ഒരു എളക്കം ഇല്ല. പിന്നെയും വിലക്കി 'ഹിമകര' എന്നു ഉച്ചത്തിൽ ചൊല്ല.

അതല്ല[1] ചന്ദ്രൻ എന്നുകാട്ടി, പിന്നെ നോക്കി, എന്താണ്! ചന്ദ്രൻ ഒന്നു നോക്കി; എന്നാൽമതി ഇവനോട്ട പറക തന്നെ, എന്നുകാട്ടി, വിലക്കി–'ഹിമഗർഭാ[2] എന്നു തുടങ്ങി ശ്ലോകം മുഴവൻ ചൊല്ലി പിന്നെ അന്വയം ചൊല്ല.

താവകീനാ രശ്മയ: മയിവഹ്നിം വമന്തി—അല്ലേ ചന്ദ്രൻ! നി(ന്റെറീന്ന) സംബന്ധിച്ചിരിക്കുന്ന[3] രശ്മികൾ എങ്കൽ വഹ്നിയെ ചൊരിയുന്നു. നിന്റെ രശ്മികൾ തട്ടുന്ന സമയത്തിങ്കൽ ഇനിക്കു ഏററവും ചുട്ടുന്നു. അതു് എന്തുപോലെ? തീക്കനല്വ കോരി ചൊരി

---

1. 'അതല്ല ചന്ദ്രൻ എന്നു കാട്ടി'—എന്നില്ല.
2. രാവണ:—

ഹിമകര ഹിമഗർഭാ രശ്മയസ്താവകീനാ:
മയി മദനവിധേയേ യേന വഹ്നിം വമന്തി
ന തവ ബലമനങ്ഗസ്യാപി വാ ദു:ഖഭാജോ
ജനകദുഹിതുരേഷാ ശർവരീനാഥ ശക്തി:.
(5-ാം അങ്കം 6-ാം ശ്ലോകം)

3. 'സംബന്ധിച്ചിരിക്കുന്ന' — എന്നില്ല.

ഞ്ഞാലത്തെപ്പോലെ ഏററവും ചുട്ടകയാണ്. അതിനു സംഗതി ഇല്ല. അത് എന്ത്? 'നിൻെറ[1] രശ്മികൾ എങ്ങനെ ഉള്ള എന്നു കാട്ടി വിലക്കി,' 'താവകീനാ രശ്മയ:' എന്നു ചൊല്ലി, 'നിൻെറ രശ്മികൾ എങ്ങനെ ഉള്ള'? പിന്നെ വിലക്കി, 'ഹിമഗർഭാ[2] എന്നു ചൊല്ലു, നിൻെറ രശ്മികൾ ഹിമഗർഭങ്ങളാണ് നിൻെറ രശ്മികൾ തട്ടുന്ന സമയത്തിങ്കൽ എല്ലാ ജനങ്ങളും എററവും ശൈത്യത്തോട്ടുകൂടെ വശമാവും. ഇനിക്ക് അതുപോലെ തന്നെയോ? അത് അല്ല. പിന്നെ വിലക്കി, 'താവകീനാ[3] രശ്മയ: മയി ഹിമഗർഭാ' —നിൻെറ രശ്മികൾ എങ്കൽ ഹിമത്തെ മറച്ചിരിക്കുന്നവയാണു ഈവണ്ണം ഇരിക്കുന്ന നിൻെറ രശ്മികൾ തട്ടുന്ന സമയത്തിങ്കൽ ഇനിക്കു ഏററവും ചുട്ടുന്നു. അതിന്നു സംഗതി എന്താണ്? ഞാൻ എങ്ങനെ ഉള്ള? വിലക്കി, 'മദനവിധേയേ' എന്നു ചൊല്ലു, ഞാൻ കാമദേവന്നു് അധീനനായിട്ടു വശായിരിക്കുന്നു. അത് എങ്ങനെ—കാമദേവൻ അരയും തലയും മുറുക്കി വില്ലു കുലച്ച് ആവനാഴി കെട്ടിമുറുക്കി എൻെറ സമീപത്തിങ്കൽ വന്നുനിന്നു ശരപ്രയോഗംചെയ്തു സ്വാധീന നാക്കിച്ചെയ്തിരിക്കുന്നു. അതു ഹേതുവായിട്ടാണ് ഇനിക്ക് നിൻെറ രശ്മികൾ തട്ടുന്ന സമയത്തിങ്കൽ ചുട്ടുന്നതു്. പിന്നെ അന്വയ ഒരിക്കൽക്കൂടെ ചൊല്ലു.

താവകീനാ രശ്മയ: മയി വഹ്നിം വമന്തി യേന തവ ബലം ന അതു് നിൻെറ ശക്തി അല്ല. അത് എന്ത്? നിയ്യ് അസാര നാണ്. അത്രിമഹർഷീടെ കണ്ണിലേ പീളയാണ്. ഈവണ്ണം ഇരിക്കുന്ന നിൻെറ ശക്തി അല്ല.

---

1. 'നിൻെറ രശ്മികൾ എങ്ങനെ ഉള്ള.' —എന്നില്ല. 2. ചൊല്ലി 3. 'താവ കീനാ രശ്മയ:' എന്നില്ല.

പിന്നെ വിലക്കി, 'അനംഗസ്യാപി വാ'-കാമദേവൻെറ ശക്തിയും അല്ല എന്നു്. എന്തൊരു ആശ്ചൎയ്യമാണു്! പിന്നെ വിലക്കി, 'ന തവ ബലം, അനംഗസ്യാപി ബലം ന'-അതിൻെറ അൎത്ഥം[1] ആട്ട.

എന്നാൽ ആരുടെ ശക്തിയാണു്? 'ഏഷാ ശക്തി: ജനകദുഹിതുഃ ശക്തി[2] : – ഇതു് ജനകരാജപുത്രിയായിരിക്കുന്ന സീതേടെ ശക്തിയാണു്. സീത എങ്ങനെയുള്ള—വിലക്കി, 'ദു:ഖഭാജ:' എന്നു ചൊല്ലു, ഏററവും ദുഖത്തോട്ടുകൂടി ഇരിക്കുന്നവളാണു്. ഏററവും ദു:ഖത്തിന്നു് ഇരിപ്പാൻ സ്ഥാനം തന്നെയാണു്. പിന്നെ അതു തന്നെ ദു:ഖത്തിൽ ചൊല്ലു. —ദു:ഖഭാജഃ; അതു് എങ്ങനെ:–

സീത വനപ്രദേശത്തിങ്കൽ കാററും മഴയും ഹിമവും സഹിച്ചു ഫലമൂലങ്ങളെ ഭക്ഷിച്ചു രാമനോട്ടുകൂടെ ഇരിക്കുന്ന സമയത്തിങ്കൽ ഞാൻ ചെന്നു ബലാൽക്കാരേണ പിടിച്ചു വലിച്ചു ഇവിടെ കൊണ്ടു വന്നു് ഇരുത്തുക ഹേതുവായിട്ടു് ഏററവും ദു:ഖത്തോട്ടുകൂടെ വശമായിരിക്കുന്നു; ഈവണ്ണം ഇരിക്കുന്ന സീതേടെ ശക്തിയാണു്. അതു നിണക്കു് അറിയാമല്ലോ. അതു് എന്തു്—'ശവ്രീനാഥ'-രാത്രീടെ[3] ഭൎത്താവല്ലാണു്. രാത്രിയോട്ടുള്ള വിരഹത്തിങ്കലെ സങ്കടം നിണക്കു് അറിയാമല്ലോ. പിന്നെ ഉത്തരാർദ്ധം ചൊല്ലി അണിയറയിൽ പോരു.

പിന്നെ ചിത്രയോധി അരങ്ങത്തു ചെന്നു താണുനിന്നു വിചാരിച്ചു വിലക്കി, ഉന്മത്താദം[4]' എന്ന ശ്ലോകം ചേടീപഞ്ചമത്തിൽ ചൊല്ലി പിന്നെ അന്വയം—

1. 'അതിന്റെ അൎത്ഥം ആട്ട' എന്നില്ല.
2. 'ശക്തി:' എന്നില്ല. 3. 'രാത്രീടെ ഭൎത്താവല്ലാണു്' എന്നില്ല.
4. അമാത്യ:—

ഉന്മത്താദുപേക്ഷ്യ രാവണമഹം രാമാദ്വിനശ്യാമി ന
വ്യാഹൃത്യാപ്രിയമാപ്നുയാന്നു വിപദം ചണ്ഡാദ്ഭൃത സ്വാമിന:
പക്ഷൗ ദ്വാവപി മേ ന പഥ്യമനയോ: ശ്രേയാനയം രാവണാത്
നാശോ മേ പതനാവസാനമചിരാന്നേക്ഷ്യ യതഃസ്വാമിന:.
(5–ാം അങ്കം 7–ാം ശ്ലോകം)

*അഹം രാവണം ഉപേക്ഷ്യ രാമാദ് വിനശ്യാമി നു'-ഞാൻ രാവണനെ ഉപേക്ഷിച്ച രാമങ്കൽ നിന്നു നാശത്തെ പ്രാപിക്കയോ വേണ്ടതു്? അതു് എങ്ങനെ?— ഞാൻ സ്വാമീടെ സമീപത്തിങ്കൽ ചെന്നു വന്ദിച്ച്—അല്ലേ സ്വാമിൻ, അങ്ങേ ഉടപ്പിറന്നവളായിരിക്കുന്ന ശൂർപ്പണഖേടെ കർണ്ണനാസികാഛേദനം ചെയ്യഹേതുവായിട്ട് അങ്ങുന്നു രാമൻെറ ഭാര്യയായിരിക്കുന്ന സീതേ ബലാൽക്കാരേണ പിടിച്ചുവലിച്ച ഇവിടെ കൊണ്ടുപോന്നതു നല്ല ശിക്ഷി എന്നീവണ്ണം പറയുന്ന സമയത്തിങ്കൽ സ്വാമീടെ മനസ്സിൽ ഏററവും സന്തോഷം ഉണ്ടാവും. ആ സമയത്തിങ്കൽ രാമൻ സുഗ്രീവാദിവാനരത്താന്മാരോട്ടുകൂടെ ഇവിടെ വന്നു രാവണാദി രാക്ഷസരെ ആസകലം നിഗ്രഹിക്കും. ഈവണ്ണം രാമങ്കൽനിന്നു നാശത്തെ പ്രാപിക്കയോ വേണ്ടതു്. സ്വാമി എങ്ങനെ ഉള്ളു. വിലക്കി 'ഉന്മര്യാദം' എന്നു ചൊല്ലം. മര്യാദയെ അതിക്രമിച്ചിരിപ്പൊരുത്തനാണു്. ഈവണ്ണം ഇരിക്കുന്ന രാവണനെ ഉപേക്ഷിച്ച രാമങ്കൽനിന്നും നാശത്തെ പ്രാപിക്കയോ വേണ്ടതു്?

പിന്നെ വിലക്കി, ഉത സ്വാമിനഃ അപ്രിയം വ്യാഹൃത്യ വിപദം ആപ്നുയാന്നു —'എന്നിയേ സ്വാമീടെ അപ്രിയത്തെ പറഞ്ഞിട്ട സ്വാമിപൊക്കൽനിന്നു് ആപത്തിനെ പ്രാപിക്കയോ വേണ്ടതു്? അതു് എങ്ങനെ—

ഞാൻ സ്വാമീടെ സമീപത്തിങ്കൽ ചെന്നു് — 'അല്ലേ സ്വാമിൻ, അങ്ങുന്നു രാമൻെറ ഭാര്യയായിരിക്കുന്ന സീതേ രാമനായി ക്കൊണ്ടു കൊട്ടത്തു ശരണം പ്രാപിച്ചാലും. അതു ചെയ്യില്ല എങ്കിൽ രാമൻ അങ്ങേ വംശത്തെ ആസകലം നശിപ്പിക്കും' – എന്നീവണ്ണം പറയുന്ന സമയത്തിങ്കൽ സ്വാമി കോപിച്ചു് എന്നെ വെട്ടി നിഗ്രഹിക്കും. സ്വാമി എങ്ങനെ ഉള്ളു—വിലക്കി, 'ചണ്ഡാത്'? ഏററവും ക്രൂരകർമ്മാവാണു്. പിന്നെ വിലക്കി–'ഉത് ചണ്ഡാത്'–

'*അഹം രാവണം— —'എന്നു തുടങ്ങി 'ഉത് ചണ്ഡാത്' എന്ന ഭാഗം വരെ ഗ്രന്ഥത്തിൽ ആവർത്തിച്ചു കാണുന്നു.

'സഹോദരന്മാരെക്കായിലും ഏററവും ക്രൂരനാണ്'. ഈവണ്ണം ഇരിക്കുന്ന സ്വാമീടെ അപ്രിയത്തെ പറഞ്ഞിട്ട നാശത്തെ പ്രാപിക്കയോ വേണ്ടതു്?

പിന്നെ വിലക്കി, 'പക്ഷൌ ദ്വൌ'–ഇങ്ങനെ രണ്ടു പക്ഷങ്ങൾ ഭവിക്കുന്നു.

പിന്നെ വിലക്കി, ദ്വാവപി മേ ന പത്ഥ്യം'–ഈ രണ്ടു പക്ഷങ്ങളും എനിക്കു പത്ഥ്യം അല്ല. പിന്നെ വിലക്കി,—'മേ അനയോ? ശ്രേയാൻ രാവണാന്നാശഃ, '—ഇനിക്കു് ഇവററിൽവച്ചു രാവണൻപൊക്കൽനിന്നുള്ള നാശം തന്നെ ശ്രേയാനായി ഭവക്കുന്നതു്. അതു് എന്തു്? വിലക്കി, 'പതനാവസാനമചിരാന്നേക്ഷേയതഃ സ്വാമിനഃ[1]–ഞാൻ സ്വാമീടെ നാശത്തെ കാണുതും ചെയ്തു് ഇരിപ്പാൻ ആഗ്രഹിക്കുന്നില്ല.

പിന്നെ വിലക്കി, ഉത്തരാർദ്ധം ചൊല്ലൂ. പിന്നെ വിചാരിച്ചു വിലക്കി,—'കഷ്ടഃ[2] സ്വാമിനോ വൃത്താന്തഃ'– സ്വാമീടെ വൃത്താന്തം ഏററവും കഷ്ടം തന്നെ. പിന്നെയും ചൊല്ലൂ[3]. അതു് എന്തു്?

പിന്നെ, 'യദേഷ വാലേന ബദ്ധോ മുസലേന ഹന്യതേ' എന്നു ചൊല്ലൂ. യാവനൊരുത്തൻ തലനാരുകൊണ്ടു ബദ്ധനായിട്ടു് ഇരുമ്പൊലക്കകൊണ്ടു നിഗ്രഹിക്കുന്നു. (?)

പിന്നെ വിലക്കി, 'യദേഷ വാലേന ബദ്ധഃ' എന്നു മൂർദ്ധനിൽ ചൊല്ലൂ. അപ്പോൾത്തന്നെ 'മുസലേന ഹന്യതേ' എന്നു തക്കനിൽ ചൊല്ലൂ.

---

1. 'പതനാനുബന്ധമചിരാന്നേക്ഷേ'
2. അമാത്യഃ ... ...
   കഷ്ടഃ സ്വാമിനോ വൃത്താന്തഃ. യദേഷ വാലേന ബദ്ധോ
   മുസലേന ഹന്യതേ. യാവത് സ്വാമിനം പശ്യാമി.
   (5–ാം അങ്കം 7–ാം ശ്ലോകം കഴിഞ്ഞു്)
3. ചൊല്ലൂ എന്നില്ല.

യാവനൊരുത്തൻ സീതയാകുന്ന തലനാരുകൊണ്ടു ബദ്ധനായിട്ട് രാമനാകുന്ന ഇരുമ്പൊലക്കകൊണ്ടു ഹനിക്കുന്നു (?) പിന്നെ[1] ഒരിക്കൽ ചേടീപഞ്ചമത്തിൽ ചൊല്ലി വിലക്കി.—

'യാവത് സ്വാമിനം പശ്യാമി', പിന്നെ അതിൻെറ അർത്ഥം കാട്ടി ഒരിക്കൽക്കൂടെ ചൊല്ലി കളപ്പുറത്തു നടന്നു തിരിഞ്ഞു് ഇരുഭാഗത്തും നോക്കി രാവണനെ പുരോഭാഗത്തിങ്കൽ ശോഭിച്ചു കണ്ടു എന്നു കാട്ടി വിലക്കി, 'ഏഷ സ്വാമീ'[2] എന്നു ചൊല്ലി അതിൻെറ അർത്ഥം കാട്ടി ഒരിക്കൽക്കൂടെ ചൊല്ലി രാവണനെ സൂക്ഷിച്ചുനോക്കി, വിലക്കി — 'ധ്യാനൈകാഗ്രമനാ[3] എന്ന ശ്ലോകം മുദ്ധനിൽ ചൊല്ലി ആട്ടു.

ഇദ്ദേഹം കുളിയും ദേവകാര്യവും ഭക്ഷണവും കഴിച്ച് എല്ലായ്പ്പോഴും ശ്രീപരമേശ്വരനെ ധ്യാനിപ്പൂതും ചെയ്തു് ഇരിക്കയാണ്. ഞാൻ സ്വാമിയെ കാണാൻ വന്ന സമയം ആശ്ചര്യം തന്നെ. പിന്നെ സൂക്ഷിച്ചു നോക്കി, ഇദ്ദേഹം ശ്രീപരമേശ്വരനെ ധ്യാനിക്കയെല്ല. അതു്[4] എന്തൊരു നിശ്ചയമാണ്, എന്നു കാട്ടി വിലക്കി, എന്നു് ആടി വിലക്കി 'ധ്യാനൈകാഗ്രമനാ' എന്നു മുദ്ധൻരാഗത്തിൽ ചൊല്ലി ആട്ടു.

ഇദ്ദേഹം എല്ലാ സമയത്തിങ്കലും സീതേ ധ്യാനം[5] ചെയ്തു് ഇരിക്കയാണ്. അതു് എന്തൂ?–വിജൃംഭണം ചെയ്യുന്നുണ്ടു്. പിന്നെ ദീഘശ്വാസങ്ങളെക്കൊണ്ടു് അധരം ശോഷിച്ചു[6] വശമായിരിക്കുന്നു.

---

1. 'പിന്നെ ചൊല്ലി' എന്ന ഭാഗമില്ല.
2. 3. അമാത്യ:— (പരിക്രമ്യാവലോക്യ) ഏഷ സ്വാമീ,
   ധ്യാനൈകാഗ്രമനാ വിജൃംഭണപരോ നിശ്വാസതപ്താധരഃ
   സ്വാമുജ്ഝന്നിവ കാന്തിമുത്പലനിഭാം വർഷാവസാനേ ഘന:
   ഔദ്വേഗ്യേണേവ കൃശാന്ന നാ പതിരപാമാപീയമാന: പരൈ.
   ദുർബോധാപചയം ദധാതി ദഹതാ കാമേന ശുദ്ധം വപു:
   (5-ാം അങ്കം 8-ാം ശ്ലോകം)
4. 'അതു് ....എല്ലാ സമയത്തിങ്കലും' — എന്ന ഭാഗം ഇല്ല
5. ധ്യാനിപ്പൂതും ചെയ്തു് 6. ശോഭിച്ചു

'വിജൃംഭണപരോ'[1] എന്നു തുടങ്ങി ചൊല്ലിയാട്ടം. ഇദ്ദേഹം, പിന്നെ കരിങ്കുവളപ്പൂവിന്റെ ശോഭപോലെ ഇരിക്കുന്ന ശോഭയോടുകൂടി ഇരിക്കുന്ന തന്റെ ദേഹകാന്തിയെ ഉപേക്ഷിച്ചു വർഷാവസാനത്തിങ്കലെ മേഘം എന്ന പോലെ ഏററവും വെളുറി വശമായിരിക്കുന്നു. അതിന്നു സംഗതി എന്താണ്? കാമദേവൻ ഇദ്ദേഹത്തിന്റെ ശരീരത്തിങ്കൽ മറഞ്ഞിരുന്നു ദഹിപ്പിക്കയാണ്. അതു് എന്തു പോലെ—ബഡവാമുഖാഗ്നി സമുദ്രത്തിന്റെ അന്തർഭാഗത്തിങ്കൽ ഇരുന്നു വെള്ളം പാനം ചെയ്യുന്നതു പോലെ. അതു് എല്ലാ ജനങ്ങൾക്കും നോക്കിയാൽ അറിഞ്ഞുകൂടാ, എന്നു കാട്ടി വിലക്കി ശ്ലോകം ഒരിക്കൽക്കൂടി ചൊല്ലും.

പിന്നെ രാവണൻ അരങ്ങത്തു വന്നു് പീഠത്തിന്മേലിരുന്നു സീതേടെ പഞ്ചാംഗമാടി കാമശരംകൊണ്ടു മുറുകിയാൽ[2] എണീററു പതുക്കെ, സീത പുരോഭാഗ(സമീപ)ത്തിങ്കൽ[3] വന്നുനില്ക്കുന്നപോലെ ഭാവിച്ചു വസ്ത്രാക്ഷേപം ചെയ്തു് ആലിംഗനാദികളെ ചെയ്വൂ.

ആ സമയത്തിങ്കൽ ചിത്രയോധി വിലക്കി, 'ജയതു സ്വാമീ' എന്നു ചൊല്ലും.[4] ആ സമയത്തിങ്കൽ രാവണൻ, അതു കേൾക്കാതെ കണ്ടു്, ആലിംഗനാദികളെ ചെയ്യുന്ന സമയത്തിങ്കൽ, ചിത്രയോധി 'ജയതു സ്വാമീ'[5] എന്നു ചൊല്ലും. ആ സമയത്തിങ്കൽ കേട്ടു ഒരു ശബ്ദം. രാവണൻ ആലിംഗനാദികളെ ചെയ്യുന്ന സമയത്തിങ്കൽ ഒരു ശബ്ദം[6]

1. 'വിജൃംഭണ ഇദ്ദേഹം' എന്ന ഭാഗം ഇല്ല.
2. 'മുറുകി, സീത പുരോഭാഗത്തിൽ. 3. 'സമീപ–'എന്നില്ല.
4. 'ആ സമയത്തിങ്കൽ — — — ഒരു ശബ്ദം' ഈ ഭാഗം ഇല്ല
5. അമാത്യ. — — — (ഉപേത്യ) ജയതു സ്വാമീ.
(5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു്)
6, കേട്ടു ഒരു ശബ്ദം

കേട്ടിട്ട്,—ഇത് ആരുടെ ശബ്ദമാണ്? വിചാരിച്ച്. ഉണ്ടായി എന്നു നടിച്ച്, 'ചക്രവാകങ്ങൾ, ഭാര്യാഭർത്താക്കന്മാരു തമ്മിൽ പിരിഞ്ഞിട്ട് ശബ്ദിക്കയാണ് 'എന്നു കാട്ടി, പിന്നെയും ആലിംഗനാദികളെ ചെയ്‌വൂ. ആ സമയത്തിങ്കൽ, ചിത്രയോധി പിന്നെയും വിലക്കി—'ജയതു സ്വാമീ' എന്നു ചൊല്ലും.

ആ സമയത്തിങ്കൽ, രാവണൻ [1] ആലിംഗനാദികളെ ചെയ്യുന്ന സമയത്തിങ്കൽ ചിത്രയോധി പിന്നെയും ചൊല്ലും. പിന്നെ രാവണൻ ആലിംഗനാദികളെ ചെയ്യുന്ന സമയത്തിങ്കൽ കേട്ടു, ശബ്ദം, ഇതു [2] കയിൽനാദം അല്ല. കേട്ടു ശബ്ദം എന്നു കാട്ടി, ഇത് എന്തൊരു ശബ്ദമാണ്?—വിചാരിച്ച്, അമാത്യന്റെ ശബ്ദം പോലെ ഇരിക്കുന്നു. അമാത്യൻ വരാൻ പറഞ്ഞയച്ചിട്ടുണ്ട്. അവൻ വന്നുവോവാൻ? രണ്ടു ഭാഗത്തും നോക്കി സമീപത്തു നില്ക്കുന്ന ചിത്രയോധിയെ കണ്ടഭാവം നടിച്ച്, ലജ്ജാഭാവം നടിച്ച്, കുറഞ്ഞൊന്നു വിചാരിച്ച്—കഷ്ടം! ഇവൻ എന്റെ സുഖവിരോധം വരുത്തിയല്ലോ. എന്താണു ചെയ്യേണ്ടതു്? വിചാരിച്ച്—ഇവനെ വേഗം പറഞ്ഞയയ്ക്കുതന്നെ എന്നു കാട്ടി, പിന്നെ നെററിമ്മലെ വേർപ്പുവെള്ളം തുടച്ച്, ഗാംഭീര്യഭാവത്തോടുകൂടെ ചിത്രയോധിയെ നോക്കി, വിലക്കി,—'കിമസ്ത്യപൂർവ്വോ [3] വൃത്താന്തഃ' എന്നു ചൊല്ലും.

---

1. "രാവണൻ — — — പിന്നെ" എന്ന ഭാഗം ഇല്ല.
2. "ഇതു — — — ശബ്ദം" എന്ന ഭാഗം ഇല്ല.
3. രാവണഃ —കിമസ്ത്യപൂർവ്വോ വൃത്താന്തഃ.
(5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു""")

പിന്നെ ചിത്രയോധി വിലക്കി, 'പ്രസന്നമാചഷ്ടേ ദേവ:[1] എന്നു ചൊല്ലി, അതിന്റെ അൎത്ഥം ആടി ഒരിക്കൽക്കൂടെ ചൊല്ലി, പിന്നെ 'അസ്തി കൗലീനം' എന്നു ചൊല്ലൂ.

പിന്നെ രാവണൻ–'അപൂൎവ്വ: വൃത്താന്ത:' എന്നു ചൊല്ലി ആട്ട. അല്ലേ ചിത്രയോധി, അപൂൎവ്വങ്ങളായിരിക്കുന്ന വൃത്താന്തങ്ങൾ എന്തുള്ളൂ?

പിന്നെ ചിത്രയോധി, 'അസ്തി,' എന്നു ചൊല്ലൂ. പിന്നെ 'അപൂൎവ്വ: വൃത്താന്ത:' എന്നു ചൊല്ലി ആട്ട. അല്ലേ ചിത്രയോധി, അപൂൎവ്വങ്ങളായിരിക്കുന്ന ഓരോരോ വൃത്താന്തങ്ങൾ വളരെ ഉണ്ട്. ഞാൻ കൈലാസപൎവ്വതം എടുത്തു് അമ്മാനാടി ശ്രീപരമേശ്വരനെ പ്രസാദിപ്പിച്ചു; അന്തകനെ ജയിച്ചു; വൈശ്രവണനെ ജയിച്ചു പുഷ്പകംവിമാനം പിടിച്ചുപറിച്ചു; ഇങ്ങനെ അപൂൎവ്വങ്ങളായിരിക്കുന്ന വൃത്താന്തങ്ങൾ വളരെ ഉണ്ട്. അതൊന്നും അല്ല നിന്നോട്ട ചോദിച്ചതു്. പിന്നെ,[2] 'അപൂൎവ്വവൃത്താന്ത:' എന്നു ചൊല്ലുമ്പോൾ കൂടെ കാട്ടണം.

ഞാൻ സീതേ പിടിച്ചു വലിച്ചു കൊണ്ടുപോന്നതിൽ പിന്നെ അപൂൎവ്വങ്ങളായിരിക്കുന്ന വൃത്താന്തങ്ങൾ എന്തുള്ളൂ?

പിന്നെ ചിത്രയോധി, 'അസ്തി' എന്നു ചൊല്ലൂ. പിന്നെ 'അപൂൎവ്വ:വൃത്താന്തഃ' എന്നു ചൊല്ലൂ. 'അപൂൎവ്വ: വൃത്താന്തഃ' എന്നു ചൊല്ലുമ്പോൾ, കൂടെ ഞാൻ സീതേ പിടിച്ചുവലിച്ചു കൊണ്ടു പോന്നതിൽ പിന്നെ അപൂർവ്വങ്ങളായിരിക്കുന്ന വൃത്താന്തങ്ങൾ എന്തുള്ളൂ എന്നുകൂടെ കാട്ടണം. പിന്നെയും ചിത്രയോധി 'അസ്തി' എന്നു ചൊല്ലൂ.

പിന്നെ, രാവണനായിട്ട്,–'അസ്തി, അസ്തി, അസ്തി' എന്നു മൂന്നു

---

1. അമാത്യ:–(ആത്മഗതം)
പ്രസന്നമാചഷ്ടേ ദേവ: അസ്തി കൗലീനം.
(5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു്)

2. 'പിന്നെ — — — കാട്ടണം' എന്ന ഭാഗം ഇല്ല

പ്രാവശ്യം ചൊല്ലി ഭാഷിപ്പൂ. പിന്നെ—'കിമസ്തി' എന്നു ചൊല്ലിയാൽ, ചിത്രയോധി 'അസ്തി കൗലീനം' എന്നു ചൊല്ലും. പിന്നെ രാവണൻ, 'തിഷ്ഠ' എന്ന ഗ്രന്ഥം ചൊല്ലി അന്വയിച്ച് ആട്ട.

'രാമ:[1] ബാലിനം ഹത്വാ സുഗ്രീവമുപാസ്തേ ഇതി.' രാമൻ ബാലിയെ നിഗ്രഹിച്ചു. അതു് എങ്ങനെ? ബാലീടെ നെററിക്കു നേരെ ചെന്നു യുദ്ധംചെയ്തു നിഗ്രഹിക്കയോ അതല്ല; ബാലി സുഗ്രീവന്മാർ അന്യോന്യം യുദ്ധംചെയ്യുന്ന സമയത്തിങ്കൽ ഒരു വൃക്ഷത്തോട്ട മറഞ്ഞുനിന്നു ശരപ്രയോഗം ചെയ്തു നിഗ്രഹിച്ചു. പിന്നെ സുഗ്രീവനെ ആശ്രയിച്ചു. അതു് എങ്ങനെ? സുഗ്രീവൻെറ സമീപത്തിങ്കൽ ചെന്നു്, 'അല്ലേ സ്വാമിൻ, രക്ഷിക്കണേ രക്ഷിക്കണേ,' വിലക്കി, 'ഉപാസ്തേ' എന്നു ചൊല്ലും.

ആ സമയത്തിങ്കൽ സുഗ്രീവൻ ഒരു വൃക്ഷത്തിൻെറ കൊമ്പുമ്മലക്കു ചാടി. ആ സമയത്തിങ്കൽ രാമൻ[2] ആ വൃക്ഷത്തിൻെറ ചോട്ടിൽ ചെന്നു നിന്നിട്ട്—'അല്ലേ സ്വാമിൻ, രക്ഷിക്കണേ രക്ഷിക്കണേ'. വിലക്കി, 'ഉപാസ്തേ'.

ആ സമയത്തിങ്കൽ സുഗ്രീവൻ മറെറാരു വൃക്ഷത്തിമ്മൽ ചാടി. ആ സമയത്തിങ്കൽ രാമൻ ആ വൃക്ഷത്തിൻെറ ചുവട്ടിൽ ചെന്നു് — അല്ലേ സ്വാമിൻ, രക്ഷിക്കണേ രക്ഷിക്കണേ 'ഉപാസ്തേ;' പിന്നെ, 'ഉപാസ്തേ, ഉപാസ്തേ, ഉപാസ്തേ' എന്നു മൂന്നു പ്രാവശ്യം ചൊല്ലും. 'ഇങ്ങനെ' എന്നു കാട്ടി വിലക്കി, പിന്നെ 'രാമ: സുഗ്രീവമുപാസ്തേ' എന്നു ചൊല്ലുമ്പോൾ, 'രാമ:' എന്നു ചൊല്ലുമ്പോൾ വലത്തേ കൈയ്യുകൊണ്ട 'മനുഷ്യപ്പുഴ' എന്നും 'സുഗ്രീവം' എന്നും

---

1. രാവണഃ—

തിഷ്ഠ ബാലിനം ഹത്വാ സുഗ്രീവമുപാസ്തേ രാമ ഇതി.

(5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു്)

2. രാമൻ അവിടെ ചെന്നു്-'അല്ലേ സ്വാമിൻ,

ചൊല്ലുമ്പോൾ എടത്തെ കയ്യുകൊണ്ട് 'വാനരം' എന്നും കാട്ടി, 'ഉപസ്ഥേ' എന്നു ചൊല്ലുമ്പോൾ രണ്ടു കയ്യുംകൂടെ കൂട്ടി ത്തൊടീക്കണം.

പിന്നെ ഈവണ്ണം ഞാൻ കേട്ടു എന്നു കാട്ടു. പിന്നെ ചിത്രയോധി വിലക്കി 'തദേവ' എന്നു ചൊല്ലൂ.

പിന്നെ രാവണൻ 'എന്നാൽ നീയ്യ് പോയാലും' എന്നു കാട്ടിയാൽ, ചിത്രയോധി-'വിശേഷോ/പ്യസ്തി' എന്നു ചൊല്ലൂ. പിന്നെ രാവണൻ 'തത് [1] കഥയാ' എന്നു ചൊല്ലിയാൽ ചിത്രയോധി [2] സർവ്വാ ദിശഃ സീതാന്വേഷണാത്ഥം തദാജ്ഞയാ വാനരസൈന്യം സഞ്ചരതി' എന്നു ചൊല്ലൂ.

പിന്നെ രാവണൻ-വിഹസ്യ [3]-'കിം [4] കിം സർവ്വാ ദിശഃ' എന്നു ചൊല്ലി ഇവിടേക്ക വന്നില്ലല്ലോ എന്നു കാട്ടിയാൽ, ചിത്രയോധി ഇവിടെക്കും വരും എന്നു കാട്ടണം. പിന്നെ രാവണൻ, ഇവിടെക്ക വരുവാൻ സംഗതി എന്താണ് എന്നു കാട്ടിയാൽ, ചിത്രയോധി സീതാന്വേഷണാത്ഥം എന്നു ചൊല്ലൂ.

പിന്നെ രാവണൻ സീതാന്വേഷണാത്ഥം എന്നു ചൊല്ലു മ്പോൾ ഞാൻ സീതേ ബലാൽക്കാരേണ പിടിച്ചുവലിച്ചു കൊണ്ടു പോന്നു വച്ചിരിക്കയാണ്, പിന്നെ അന്വേഷിപ്പാൻ സംഗതി

---

1. രാവണഃ—
തത് കഥയ (5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു്)
2. അമാത്യഃ—
സർവാ ദിശഃ സീതാന്വേഷണാർത്ഥം തദാജ്ഞയാ
വാനരസൈന്യം സഞ്ചരതീതി.
(5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു്)
3. 'വിഹസ്യ' എന്നില്ല.
4. രാവണ;—
കിം കിം? സർവാ ദിശഃ സീതാന്വേഷണാർത്ഥം തദാജ്ഞയാ
വാനരസൈന്യം സഞ്ചാരതീതി? പശ്യ—
(5-ാം അങ്കം 8-ാം ശ്ലോകം കഴിഞ്ഞു്)

എന്നാണ് എന്നുകൂടെ കാട്ടണം.

പിന്നെ ചിത്രയോധി, 'സീതാന്വേഷണാത്ഥം' എന്നു ചൊല്ലുമ്പോൾ അങ്ങുന്നു സീതേ മോഷ്ടിച്ചു പിടിച്ചുവലിച്ചു കൊണ്ടുവന്നു വച്ചിരിക്കകൊണ്ട്—എന്നുകൂടെ കാട്ടണം. പിന്നെ അപ്പോൾ തന്നെ 'തദാജ്ഞയാ' എന്നു ചൊല്ലൂ.

പിന്നെ രാവണൻ 'തദാജ്ഞയാ' എന്നു ചൊല്ലി തൊടയിന്മേൽ അടിച്ചു കോപിച്ച് അലറു. പിന്നെ ചിത്രയോധി 'വാനരസൈന്യം സഞ്ചരതി' എന്നു ചൊല്ലി 'പശ്യ' എന്നു ചൊല്ലൂ. അല്ലേ ചിത്രയോധി, നീയ്യ് വഴിപോലെ വിചാരിച്ചാലും. 'പശ്യ. പിന്നെ 'അഹിഭവനവി(?പി)ധാനാന്യായുധീകൃത്യ' എന്ന ശ്ലോകം ചൊല്ലി, പിന്നെ—അല്ലേ ചിത്രയോധി, നീയ്യ് വാനരസൈന്യം എന്നീവണ്ണം പറഞ്ഞതു് യോഗ്യം അല്ല. അതു് എന്തു് പിന്നെ വിലക്കി, അന്വയം,–

രക്ഷസാം സൈന്യേ ആത്തകക്ഷ്യേ വാനരണാം യൂഥം കഥമിവ രണഭൂമൗ വത്തതേ—അല്ലേ ചിത്രയോധി, നീയ്യ് വാനരപ്പട എന്നു പറഞ്ഞതു് യോഗ്യമല്ല. അതു് എന്തു്?—രാക്ഷസരുടെ സൈന്യ-ം അരയും തലയും മുറുക്കി യുദ്ധഭൂമീങ്കൽ വത്തിക്കുന്ന സമയത്തിങ്കൽ വാനരന്മാരുടെ കൂട്ടം യുദ്ധഭൂമീങ്കൽ വത്തിക്കുന്നതു് എങ്ങനെ?.

രാക്ഷസസൈന്യം യുദ്ധഭൂമീങ്കൽ വത്തിക്കുന്നതു് എങ്ങനെ? വിലക്കി, 'അഹിഭവനവി(?പി)ധാനാനി ശൈലാന്യായുധീകൃത്യ, പാതാളത്തെ അടച്ചിരിക്കുന്ന പർവതങ്ങളെ കുത്തിയെടുത്തു് ആയുധമാക്കി പിടിപ്പതുംചെയ്തു യുദ്ധഭൂമീങ്കൽ നില്ക്കുന്ന സമയത്തിങ്കൽ

രാവണഃ— — — — — — —

അഹിഭവനവി(? പി)ധാനാന്യായുധീകൃത്യ ശൈലാ
നമരജയിനി സൈന്യേ രക്ഷസാമാത്തകക്ഷ്യേ
കഥമിവ രണഭൂമൗ വത്തതേ വാനരാണാ
മുപവനതരുവല്ലീപല്ലവോന്മാഥി യൂഥം.

(5–ാം അങ്കം 9–ാം ശ്ലോകം)

വാനരത്താന്മാരുടെ കൂട്ടം അവരുടെ പുരോഭാഗത്തിങ്കൽ നില്ക്കയില്ല'.

രാക്ഷസസൈന്യം എങ്ങനെ ഉള്ളൂ.- വിലക്കി, അമരജയനി- —സ്വർഗ്ഗത്തിങ്കൽ ചെന്നു് ഇന്ദ്രാദിദേവകളെ ആസകലം ജയിച്ചിരിപ്പോന്നാണു്. ഈവണ്ണമിരിക്കുന്ന രാക്ഷസരു് വലുതായിരിക്കുന്ന പർവതങ്ങളെ കുത്തിയെടുത്തു് ആയുധമാക്കി പിടിപ്പതും ചെയ്തു യുദ്ധഭൂമിങ്കൽ നിറഞ്ഞു നില്ക്കുന്ന സമയത്തിങ്കൽ വാനരത്താന്മാരുടെ കൂട്ടം[1] ഭയം ഹേതുവായിട്ടു് അവരുടെ പുരോഭാഗത്തിൽ നില്ക്കയില്ല.

വാനരത്താന്മാരുടെ കൂട്ടം എങ്ങനെയുള്ളൂ. വിലക്കി,-'ഉപവനതരുവല്ലീപല്ലവാന്മാഥി,'—ഉദ്യാനവൃക്ഷങ്ങളുടെ തളിരു പറിച്ചു് കൈയ്യിലിട്ട തിരുമ്മുന്ന സമയത്തിങ്കൽ ഉള്ളംകയ്യു് ചുവന്നു കണ്ടിട്ട 'ചോര' എന്നു വിചാരിച്ചു ഭയപ്പെട്ടു് ഓടിപ്പോകുന്നവരാണു്. ഈവണ്ണമിരിക്കുന്ന വാനരത്താന്മാരു് ഭയം ഹേതുവായിട്ട രാക്ഷസന്മാരുടെ പുരോഭാഗത്തിങ്കൽ നില്ക്കയില്ല. അതു ഹേതുവായിട്ടു് നീയ്യു് വാനരസൈന്യം എന്നീവണ്ണം പറഞ്ഞതു യോഗ്യം അല്ല.

പിന്നെ, 'രക്ഷസാം സൈന്യേ വാനരാണാം യൂഥം രക്ഷസാം സൈന്യേ വാനരാണാം യൂഥം, രക്ഷസാം സൈന്യേ വാനരാണാം യൂഥം' ഈവണ്ണം ഉരുവിട്ട പഠിച്ചാലും; എന്നു കാട്ടി, വിലക്കി ഉത്തരാദ്ധം ചൊല്ലൂ.

പിന്നെ ചിത്രയോധി, 'കാമം[2] ഭവന്തു വാനരാഃ പരിഹാസ്യാ: കിന്തു' എന്നു ചൊല്ലിയാൽ, രാവണൻ വിലക്കി—കഥയ,[3]

---

1. വാനരന്മാരുടെ
2. അമാത്യ:—
കാമം ഭവന്തു വാനരാ: പരിഹാസ്യാ: കിന്തു (5-ാം അങ്കം 6-ാം ശ്ലോകം കഴിഞ്ഞു്)
3. രാവണഃ—
കഥയ കിംതത്.

കിം തത് എന്നു ചൊല്ലി അതിന്റെ അൎത്ഥം ആടി വിലക്കി, 'കിം തത് കഥയ' എന്ന ശ്ലോകം കാട്ടുന്ന സമയത്തിങ്കൽ അതോടു കൂടി അണിയറയിൽ പോന്നുകൊള്ളു.

പിന്നെ ചിത്രയോധി അജയ്യം ധനുൎദ്ധരാണാമാഹൎത്താശരഥിം[1] എന്നു ചൊല്ലി കൂത്തു കഴിപ്പൂ.

പതിനൊന്നാം ദിവസം

(കൂടിയാട്ടം രണ്ടാം ദിവസം)

രണ്ടാം ദിവസം കൂടിയാട്ടത്തിന്നു രാവണൻ അണിഞ്ഞു കൂടിക്കഴിഞ്ഞാൽ, നമ്പ്യാരു തക്കനിൽ കൊട്ടിത്തുടങ്ങിയാൽ, രാവണൻ അണിയറയിൽനിന്നു് അരങ്ങത്തേയ്ക്കു് ഓടിച്ചെന്നു പിഠത്തിന്മേലിരുന്നു തലേന്നാളത്തെ സ്ഥായിയിൽ ഉത്തരീയം വിശി രണ്ടു ഭാഗത്തും നോക്കി, വിലക്കി—'കിം[2] കിം അജയ്യം ധനുൎദ്ധരാണാമാഹൎദ്ദാശരഥിമിതി' എന്നു ചൊല്ലി ആടൂ. എന്തു്! എന്തു പറഞ്ഞതു്! രാമൻ വില്ലാളികളുടെ കൂട്ടത്തിൽ ഏററവും പരാക്രമത്തോടുകൂടിയവനാണു്; എന്നിവളുന്നുമോ പറഞ്ഞതു്? പിന്നെ വിലക്കി, ഒരിക്കൽക്കൂടെ ചൊല്ലി, 'പശ്യ' എന്നു ചൊല്ലൂ.

അല്ലേ ചിത്രയോധി; നിയ്യു് എന്റെ പരാക്രമത്തെ വഴിപോലെ വിചാരിച്ചാലും. പശ്യ'. പിന്നെ,—'സ്ഥാതും[3] യസ്യ എന്ന ശ്ലോകം മുഴുവൻ ചൊല്ലി, അന്വയം ചൊല്ലൂ.

---

1. അജയ്യം ധനുൎദ്ധരാണാമാഹൎദ്ദാശരഥിം.
   (5-ാം അങ്കം 9-ാം ശ്ലോകം കഴിഞ്ഞു്)
2. രാവണഃ———
   കിം കിം? അജയ്യം ധനുൎദ്ധരാണാമാഹൎദ്ദാശരഥിമിതി? പശ്യ——
   (5-ാം അങ്കം 9-ാം ശ്ലോകം കഴിഞ്ഞു്)
3. രാവണഃ——...   പശ്യ—
   സ്ഥാതും യസ്യ പുരന്ദരോ ന പുരതഃ ശക്നോതി സംരംഭിണോ
   യസ്യ സ്ഥാണുനിവാസശാലിനി ഗിരൗ വ്യാപാരിതാ ബാഹവഃ
   യസ്മാത് പ്രാപ്യ പരാഭവം പരിഭവക്ഷേത്രീഭവന്തി ഗ്രഹാഃ
   ശത്രും തസ്യ മമാഹ മാനുഷമഹോ ഹാസ്യസ്തപസ്വീ ഭവാൻ.
   (5-ാം അങ്കം 10-ാം ശ്ലോകം)

'യസ്യ പുരതഃ സ്ഥാതും പുരന്ദരോऽപി ന ശക്നോതി'-യാതൊരു എൻെറ പുരോഭാഗത്തിങ്കൽ നില്പാൻ ത്രൈലോക്യത്തിങ്കൽ ആക്കും ശക്തി ഇല്ല. ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രൻ പോലും ഭയം ഹേതുവായിട്ടു നിൽക്കയില്ല. എന്നാൽ എല്ലാ സമയത്തിങ്കലും നിൽക്കയില്ല എന്നോ? അതല്ല. വിലക്കി—'സംരംഭിണ;', ഞാൻ കോപിച്ചിരിക്കുന്ന സമയത്തിങ്കൽ എൻെറ പുരോഭാഗത്തിങ്കൽ നിൽക്ക ഇല്ല. ഞാൻ ഇന്ദ്രനോടു കോപിക്കണോ? അതു വേണ്ട. മററൊരുത്തനോടു കോപിച്ചിരിക്കുന്ന സമയത്തിങ്കലും എൻെറ പുരോഭാഗത്തിൽ നിൽക്കയില്ല. അതു് എങ്ങനെ—ഞാൻ ഒരു ദിവസം പ്രഭാതസമയത്തിങ്കൽ എണീററു കുളിയും ദേവകാര്യവും ഭക്ഷണവും കഴിച്ചു് ആസ്ഥാനമണ്ഡപത്തിങ്കൽ ചെന്നു സിംഹാസനാരൂഢനായി കിരീടകുണ്ഡലകടകാദ്യാഭരണഭൂഷിതനായി ഛത്രചാമരപരിവൃതനായി ഇരിക്കുന്ന സമയത്തിങ്കൽ വെററിലയും അടയ്ക്കയും മേടിച്ചുതിന്നു കോളാമ്പിയിൽ തുപ്പി. ആ സമയത്തിങ്കൽ നൂറു് കുറഞ്ഞൊന്നു് ഏറി കോപിച്ചു. ആ സമയത്തിങ്കൽ ഇന്ദ്രൻ എൻെറ പുരോഭാഗത്തിങ്കൽ വന്ദിപ്പതും ചെയ്തു നില്ക്കുന്ന സമയത്തിങ്കൽ ഞാൻ കോപിച്ചതു കണ്ടു് ഭയപ്പെട്ടു് ഓടിപ്പോയി. ഈവണ്ണം ഞാൻ മററൊരുത്തനോടു കോപിച്ചിരിക്കുന്ന സമയത്തിങ്കലും എൻെറ പുരോഭാഗത്തിങ്കൽ നില്പാൻ ശക്തി ഇല്ല.

ഞാൻ എങ്ങനെ ഉള്ളു—വിലക്കി—'യസ്യ ബാഹവഃ സ്ഥാണുനിവാസശാലിനി ഗിരൗ വ്യാപാരിതാഃ'—യാതൊരു ഞാൻ കൈകളെക്കൊണ്ടു ത്രൈലോക്യനാഥനായിരിക്കുന്ന ശ്രീപരമേശ്വരൻെറ വാസഭൂമിയായിരിക്കുന്ന ശ്രീകൈലാസംപർവ്വതത്തെ കുത്തിയെടുത്തു് അമ്മാ (നിൎന്നാടി) ഇരിക്കുന്നു. അതു് എങ്ങനെ?—ഞാൻ ഇവിടെ സുഖമായിരിക്കുന്ന കാലത്തു് ഒരു ദിവസം വൈശ്രവണൻ നിയോഗിച്ചിരിക്കുന്ന ദൂതനെ വെട്ടി നിഗ്രഹിച്ചു രാക്ഷസപ്പടയോടുംകൂടെ യുദ്ധത്തിനായിക്കൊണ്ടു പുറപ്പെട്ടു് അളകാരാജധാനീങ്കൽ ചെന്നു വൈശ്രവണനെ യുദ്ധം ചെയ്തു ജയിച്ചു പുഷ്പകംവിമാനത്തെ

പിടിച്ചുപറിച്ചു് പുഷ്പകംവിമാനത്തിന്മേൽ കയറി സൈന്യങ്ങളോട്ടം കൂടെ പുറപ്പെട്ടു് പോകുന്ന സമയത്തിങ്കൽ വിമാനം പോകാതെ നില്ക്കുന്നതു കണ്ടിട്ടു്—'അല്ലേ അമാത്യന്മാരു്, വിമാനം പോകാതെ നില്ക്കുന്നതെന്താണു്? എന്താണു് പറഞ്ഞതു്?—അല്ലേ സ്വാമിൻ വിമാനം കൈലാസപർവ്വതത്തിന്റെ ശിഖരത്തോടു തടഞ്ഞിരിക്കുന്നു എന്നിവണ്ണമോ പറഞ്ഞതു്? കൈലാസംപർവ്വതത്തിന്നു എന്റെ വഴി തടുക്കാമോ? വഴിയിൽനിന്നു പോവാൻ പറ. എന്താണു് പറഞ്ഞതു്?—അല്ലേ സ്വാമിൻ, ഈ പർവ്വതം അസാരൻ അല്ല. ശ്രീപരമേശ്വരന്റെ വാസഭൂമിയാണു്—എന്നീവണ്ണമോ, പറഞ്ഞതു്? ശ്രീപരമേശ്വരന്റെ വാസഭൂമിയായാൽ എന്താണു്. എന്റെ വഴി തടുക്കാമോ? വഴിയിൽനിന്നു പോവാൻ പറ. എന്താണു്? വളരെ പറഞ്ഞിട്ടും ഏതും ഒരു എളക്കം ഇല്ല— എന്നീവണ്ണമോ പറഞ്ഞതു്? 'എന്നാൽ കണ്ടോളു'—എന്നു കാട്ടി. എണീററു പീഠം നീക്കിയിട്ടു വിമാനത്തിന്മേന്നു താഴത്തിറങ്ങി, എന്നു കാട്ടി, പർവ്വതം വഴിപോലെ നോക്കിക്കണ്ടു്,—ഈ പർവ്വതം ഒട്ടും അസാരനല്ല. ഇതുപോലെ ഒരു പർവ്വതം കണ്ടിട്ടില്ല എന്നു കാട്ടി, ഈ പർവ്വതം എങ്ങനെ ഉള്ളു—എന്നു കാട്ടി. പിന്നെ പർവതപുഷ്ടി ആടു.

ശിഖരങ്ങൾ, മൊഴകൾ, മുകൾപ്പരപ്പുകൾ, താഴ്വരകൾ, ഗുഹകൾ, ചെറുതായിട്ടുള്ള ഗുഹകൾ, അരുവിയാറുകൾ, എന്നു കാട്ടി, ശിഖരങ്ങൾ പൊട്ടിയൊലിക്കുന്ന പ്രകാരം കാട്ടു. പിന്നെ 'വൃക്ഷങ്ങൾ' എന്നു കാട്ടി, വൃക്ഷങ്ങളുടെ പുഷ്ടി, ഔന്നത്യം, കൊമ്പുകൾ, ചെറുതായിട്ടുള്ള കൊമ്പുകൾ, നാരായക്കൊമ്പുകൾ, കാററു തട്ടീട്ടുള്ള ഉലച്ചില്, തളിരുകൾ, എലകൾ, മൊട്ടുകൾ, പുഷ്പങ്ങൾ, ഫലങ്ങൾ, ലതകൾ, പക്ഷികൾ പറന്നു കൊമ്പുകളിൽ ഇരിക്കുന്ന പ്രകാരവും വണ്ടത്താന്മാരു് മധുപാനം ചെയ്യുന്ന പ്രകാരവും കൈ വിസ്തരിച്ചു കാട്ടി, ഇതുപോലെ ഒരു പർവ്വതം കണ്ടിട്ടില്ല; എന്നാൽ കണ്ടോളു—എന്നു കാട്ടി ഉത്തരീയം അരയിൽ

കെട്ടി പോയി നഖവും കെട്ടി ചാടി അരയും തലയും മുറുക്കി പർവ്വതം ഇടിച്ചു ദ്വാരങ്ങൾ ഉണ്ടാക്കി, പിന്നെയും ദ്വാരം നോക്കി ഇടിച്ച് നൂപുരപാദത്തിൽ ഇരുന്ന് ഇരിപതു കൈകളും കടത്തി, പർവ്വതം എടുക്കാമോ ഭാവിച്ച് 'എളുക്കം ഇല്ല' എന്നു കാട്ടി, എണീററു ശിഖരം പിടിച്ചു തിരിച്ചു പിന്നെയും നൂപുരപാദത്തിൽ ഇരുന്നു കൈകടത്തി എടുത്തു പർവ്വതം മാറത്തു വച്ചു കൈകഴപ്പു തീർത്തു് പർവ്വതം കയ്യിലാക്കി എണീറ്റു പർവ്വതം നാലഞ്ചു പ്രാവശ്യം എറിഞ്ഞുപിടിച്ചു പിന്നെയും എറിഞ്ഞു്, ഉപരിഭാഗത്തിങ്കൽ നോക്കി പർവ്വതം മേഘങ്ങളുടെ എടയിൽ മറഞ്ഞു, കാണാനില്ല, എന്നു കാട്ടി നെലത്തിരുന്നു മദ്യപാനം ചെയ്തു ക്രീഡിപ്പതും ചെയ്തു് ഇരിക്കുന്ന സമയത്തിങ്കൽ മേല്പട്ടു നോക്കി, പർവ്വതം വരുന്നതു കണ്ടു പരിഭ്രമിച്ചു് എണീററു കാലുകൊണ്ടു ചൂതു തട്ടിക്കളഞ്ഞു 'പോവിൻ പോവിൻ' എന്നു കാട്ടി, പർവ്വതം പിടിച്ചു പിന്നെയും അമ്മാനാടി പോയി നഖം അഴിച്ചു്, ഉത്തരീയം അഴിച്ചിട്ടു് പീഠത്തിന്മേലിരുന്നു്, —ഈവണ്ണം ശ്രീപരമേശ്വരന്റെ വാസഭൂമിയായിരിക്കുന്ന കൈലാസംപർവ്വതത്തെ കുത്തിയെടുത്തു് അമ്മാനാടീരിക്കുന്നവയാണു്: എന്നു കാട്ടി, അന്വയം ഒരിക്കൽക്കൂടെ ചൊല്ലി,—

അത്രതന്നെയും അല്ല, പിന്നെ വിലക്കി—'ഗ്രഹാഃ യസ്മാത് പരാഭവം പ്രാപ്യ പരിഭവക്ഷേത്രീഭവന്തി' —നവഗ്രഹങ്ങൾ യാതൊരു ഞാൻ പരിഭവിക്കഹേതുവായിട്ടു് ഭവനത്തിങ്കൽ നിന്നു ഭ്രഷ്ടന്മാരായി ഭവിക്കുന്നു; വിലക്കി –'തസ്യ മ മ മാനുഷം ശത്രുമാഹ, ഈവണ്ണം ശക്തിയോടുകൂടിയിരിക്കുന്ന ഇനിക്കു് അസാരനായിരിക്കുന്ന മനുഷ്യൻ ശത്രു എന്നീവണ്ണമല്ലോ പറഞ്ഞതു്. പിന്നെ വിലക്കി —'അഹോ ഹാസ്യസ്തപസ്വീ ഭവാൻ'—ആശ്ചര്യം തന്നെ. നീയ്യു് പിടിയാത്തവനാണു്. കുറഞ്ഞൊന്നുപോലും അറിയപ്പോകാത്തവനാണു്. എല്ലാ ജനങ്ങളാലും പരിഹസിക്കപ്പെട്ടവാൻ

യോഗ്യനാണ്. പിന്നെ വിലക്കി ഉത്തരാർദ്ധം ചൊല്ലൂ.

പിന്നെ ചിത്രയോധി, വിലക്കി—'കിം കിം രാമോ മാനുഷ ഇതി'[1] —എന്തെന്തു്? രാമൻ മനുഷ്യനെന്നിവണ്ണമോ പറഞ്ഞതു്? പിന്നെയും വിലക്കി, ഒരിക്കൽക്കൂടെ ചൊല്ലി, 'അധിവസൻ ഗുരുശാസനതോ'[2] എന്ന ശ്ലോകം ചൊല്ലി പിന്നെ അന്വയിപ്പൂ.

'രഘുപതിർന്ന ച കേവലമാനുഷഃ' —ശ്രീരാമൻ മനുഷ്യനല്ല. ശ്രീരാമൻ എങ്ങനെയുള്ള —'ഗുരുശാസനത: വനം അധിവസൻ'— അച്ഛന്റെ നിയോഗംഹേതുവായിട്ടു് വനത്തിങ്കൽ വന്നു് ഇരിക്കയാണ്. ഈവണ്ണമിരിക്കുന്ന രാമൻ മനുഷ്യനല്ല. പിന്നെ ആരാണ്? വിലക്കി, 'അയം ഹരിഃ'-ശ്രീരാമൻ ശ്രീനാരായണനാണ്. ഹരി എങ്ങനെയുള്ള? വിലക്കി, 'ഭുവനസംഹരണോദയകാരണം' —ലോകങ്ങളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ചെയ്യുന്നവനാണ്. പിന്നെ വിലക്കി,- —'ഹരിദശ്വകുലോദ് ഭവഃ' — —ഈവണ്ണമിരിക്കുന്ന ശ്രീനാരായണൻ ഇപ്പോൾ ലോകരക്ഷസ്സായിക്കൊണ്ടു് സൂര്യവംശത്തിങ്കൽ ദശരഥന്റെ പുത്രനായിട്ടു് അയോദ്ധ്യയിങ്കൽ അവതരിച്ചിരിക്കയാണ്.

മുമ്പേ അവതാരങ്ങൾ വളരെ കഴിഞ്ഞിട്ടുണ്ടു്. പിന്നെ'മത്സ്യഃ കൂർമ്മോവരാഹഃ നൃഹരിരഥ വടുഃ ഭാർഗ്ഗവ:' എന്നു തുടങ്ങി ഒക്കെയും ചുരുക്കി ആടിക്കൊള്ളൂ.

---

1. അമാത്യഃ—
   കിം കിം രാമോ മാനുഷ ഇതി? പശ്യ—
2. അധിവസൻ ഗുരുശാസനതോ വനം
   രഘുപതിർ ന ച കേവലമാനുഷ:
   ഭുവനസംഹരണോദയകാരണം
   ഹരിരയം ഹരിദശ്വകുലോദ് ഭവ:
   (5-ാം അങ്കം 11-ാം ശ്ലോകം)

പന്ത്രണ്ടാം ദിവസം

(കൂടിയാട്ടം മൂന്നാം ദിവസം)

പിന്നെ 'സത്യമിദം പ്രത്യക്ഷവിഷയഃ, പശ്യ' എന്നേടത്തോളം ഒക്കെയും ചൊല്ലി ആടണ്ടതു് ഒക്കെയും ആടി കൂടിയാട്ടം കഴിച്ചുകൊള്ളു.[1]

---

1. 'കിം കിം കേശവ ഇതി' എന്നതു മുതൽ 'സത്യമിദം പ്രത്യക്ഷവിഷയഃ, പശ്യ' എന്നതു വരെ.

രാവണ:—കിം കിം കേശവ ഇതി. അഹോ ഭയസ്ഥാനമേഷഃ.

ജിത്വാ ജ്യായാംസം സ്വാത്മനോ ദേവരാജം
സ്വർഗ്ഗേ രക്ഷോഭിർദ്ദൂഷിതേ മാമകീനൈഃ
ശച്യാം ത്രസ്തായാമപ്സരോഭിശ്ച സാർധം
വിദ്വേഷ്ടാരേതാവാൻ വിക്രമഃ ക്വ പ്രലീനഃ

(അങ്കം 5 ശ്ലോകം 12)

അമാത്യ:—കിം കിം കേന ജിതാ ദേവാഃ?

രാവണ:—കിം ന ജാനാസി ജേതാരം ദേവാനാം?

അമാത്യ:—ന ജാനേ

രാവണ:—നനു മായാ

അമാത്യ:—മിഥ്യൈതത്.

യമവരുണകുബേരവാസവാദീ—
നമൃതഭുജോ ജിതവാൻ ഭവാനയത്നം
കഥമിവ ശിഥിലീകൃതഃ സമാധിഃ
കുസുമമയൈഃ കുസുമായുധസ്യ ബാണൈഃ

(5–ാം അങ്കം 13–ാം ശ്ലോകം)

രാവണ:—കിം കിം കുസുമായുധോ മാം പ്രഹരതീതി പ്രതർക്കഃ

അമാത്യ:—നനു പ്രത്യക്ഷം.

രാവണ:—സത്യമിദം പ്രത്യക്ഷവിഷയഃ പശ്യ—

പതിമൂന്നാം ദിവസം

(കൂടിയാട്ടം നാലാം ദിവസം)

പിന്നെ മൂന്നാം ദിവസത്തെ കൂടിയാട്ടവും കഴിഞ്ഞാൽ നാലാം ദിവസം ഉദ്യാനപ്രവേശത്തിന്നു് അണിക്കൂടിക്കഴിഞ്ഞാൽ മിഴാവണ്ടേടെ എടത്തുപുറത്തു് ആലവട്ടംകൊണ്ടു മറച്ചു് രാവണൻ വർഷവരൻെറ തലയിൽ രണ്ടു കൈയ്യും വച്ചു താണുനിന്നു മുഡ്ഢൻെറ സ്ഥായിയിൽ ആലവട്ടം നീക്കിയാൽ ജനകരാജപുത്രിയായിരിക്കുന്ന സീതേടെ കേശാദിപാദം ആടുന്ന സമയത്തിങ്കൽ പ്രേക്ഷകന്മാർ അറിയാതെ കാല്യ നിരക്കിവച്ചു് കാമശരംകൊള്ളാറാവുന്ന സമയത്തിങ്കൽ വെളക്കത്തു വരണം.

പിന്നെ കാമശരംകൊണ്ടു മുറുകി, വിലക്കി,—വർഷവര,[1] അശോകവനികാമാർഗ്ഗമാദേശയ' എന്ന ഗ്രന്ഥം മുഡ്ഢനിൽ ചൊല്ലി അതിൻെറ അത്ഥമാടി പിന്നെയും വിലക്കി, 'വർഷവര, അശോകവനികാമാർഗ്ഗം', എന്നെടത്തോളം ചൊല്ലി, എങ്ങനെ എന്നു കാട്ടുകയും ഗ്വാ ഗ്വാ എന്നു ചൊല്ലുകയും വേണം. അതു കഴിഞ്ഞാൽ, ശേഷം 'ആദേശയ' എന്നു ചൊല്ലിയാൽ, പിന്നെ വർഷവരൻെറ ഗ്രന്ഥം.

'യദാജ്ഞാപയതി[2] മഹാരാജ: ഇത ഇത:' എന്ന ഗ്രന്ഥം കേട്ടു് ആടിക്കഴിഞ്ഞാൽ ഗ്രന്ഥം മുടിച്ചൊല്ലിയാൽ അതു കേട്ടാടി 'എന്നാൽ പോകതന്നെ', എന്നു കാട്ടി വർഷവരൻെറ കൈയ്യു് പിടിച്ചു ചെല്ലുന്തിനടന്നു മിഴവണ്ടേടെ നേരേ വന്നാൽ അണിയറയിൽ പോരും.

---

1. രാവണഃ—
 വർഷവര, അശോകവനികാമാർഗമാദേശയ.
 (5-ാം അങ്കം 23-ാം ശ്ലോകം കഴിഞ്ഞു്)
2. വർഷവര!—
 യദാജ്ഞാപയതി മഹാരാജ: ഇത: ഇത:
 (5-ാം അങ്കം 23-ാം ശ്ലോകം കഴിഞ്ഞു്)

പിന്നെ മിഴാവണക്കന്നു തുടങ്ങി ചെല്ലുന്തിന്നടന്നു വിളക്കിന്നു നേരേ വന്നു തിരിഞ്ഞു്, അശോകവനികോദ്യാനം എവിടെ? എന്നു കാട്ടി, ചുഴലവും നോക്കി, പുരോഭാഗത്തിങ്കൽ ഉദ്യാനം ശോഭിച്ചു കണ്ടു, എന്നു കാട്ടി കാലു വച്ചു്, ഉദ്യാനത്തിൻെറ[1] അകത്തു കടന്നു എന്നു കാട്ടി കാലു വച്ചു്, ഉദ്യാനം വഴിപോലെ നോക്കിക്കണ്ടു്, അദ്ഭുതരസത്തോടുകൂടെ ഇതുപോലെ ഒരു ഉദ്യാനം കണ്ടിട്ടില്ല, എന്നു കാട്ടി, പിന്നെ ഉദ്യാനവൎണ്ണന ആട്ട.

'വൃക്ഷങ്ങൾ' എന്നു കാട്ടി, പിന്നെ വൃക്ഷങ്ങളുടെ പുഷ്ടി ആടി, ലതകൾ, ലതാഗൃഹങ്ങൾ, ക്രീഡാഗൃഹങ്ങൾ, ക്രീഡാ പർവ്വതങ്ങൾ, എന്നു കാട്ടി, പിന്നെയും നോക്കി—കണ്ടു ഒരു പ്രദേശത്തിങ്കൽ മയിലുകൾ നൃത്തം ചെയ്യുംതുംചെയ്തു നില്ക്കുന്നതു്. അതു് എങ്ങനെ എന്നു കാട്ടി, പിന്നെ, മയിലുകളുടെ സ്ഥായിയിൽ നിന്നു് മയിലാട്ടം കാട്ട. പിന്നെയും നോക്കി ഇതുപോലെ ഒരു ഉദ്യാനം കണ്ടിട്ടില്ല എന്നു കാട്ടി, അത്രത്തോളം[2] എളകി ആടണം. പിന്നെ താണുനിന്നു വിലക്കി—

'അഹോ,[3] പരിചയപരവശതാ ചിത്തസ്യ' എന്നു മുഡ്ഢനിൽ ചൊല്ലി അന്വയിച്ചു് ആടണം. അൎത്ഥം ആട്ട.

ചിത്തത്തിൻെറ പരിചയംകൊണ്ടുള്ള പാരവശ്യം ആശ്ചര്യം തന്നെ. എല്ലാ ജനങ്ങൾക്കും യാതൊരു വസ്തുങ്കൽ പരിചയിക്കുന്നു, ആ വസ്തു നല്ല ശിക്ഷ, എന്നീവണ്ണം തോന്നും,

---

1. ഉഭാവുദ്യാനപ്രവേശം രൂപയത:)
   (5–ാം അങ്കം 23ാം ശ്ലോകം കഴിഞ്ഞു്)
2. 'അത്രത്തോളം എളകി ആടണം' എന്നില്ല
3. രാവണ: (സർവതോ വിലോക്യ)
   അഹോ പരിചയപരവശതാ ചിത്തസ്യ. അത്രാസീനാപി സീതാ രാമതപോവനമേവ ചിന്തയതി.

   (5–ാം അങ്കം 23–ാം ശ്ലോകം കഴിഞ്ഞു്)

പിന്നെ വിലക്കി ഒരിക്കൽക്കൂടെ ചൊല്ലൂ. അതു് എന്തു് ? വിലക്കി,–'അത്രാസീനാപി സീതാ രാമതപോവനമേവ ചന്തയതി അന്വയിച്ചു് ആടൂ.

സീത ഇവിടെ ഇരിക്കുന്നു[1] എങ്കിലും[2] രാമതപോവനത്തെത്തന്നെ വിചാരിക്കുന്നു. അതു യോഗ്യം തന്നെ. വളരെക്കാലം തപോവനത്തിങ്കൽ ഇരിക്ക ഹേതുവായിട്ടു് സീത വിചാരിക്കുന്നതു യോഗ്യം തന്നെ.

പിന്നെ, 'അത്രാസീനാപി' എന്നു ചൊല്ലുമ്പോൾ ഇവടവും കൂടെ വിചാരിക്കുന്നവോ–അതു് ഇല്ല എന്നു് കാട്ടണം. 'രാമതപോവനമേവ ചിന്തയതി, രാമതപോവനത്തെ ഒന്നു തന്നെ വിചാരിക്കുന്നു. അതിന്നു സംഗതിയില്ല. അതു് എന്തു് ? പിന്നെ വിലക്കി, അത്ര രാമതപോവനം എന്നു ചൊല്ലുമ്പോൾ ബഹുദൂരം എന്നു കാട്ടണം. രാമതപോവനം എങ്ങനെ—സിംഹവ്യാഘ്രാദി മൃഗങ്ങളോട്ടും വളരെ കണ്ടകങ്ങളോട്ടും കൂടിയതാണു്. ഈവണ്ണമിരിക്കുന്ന രാമതപോവനത്തെത്തന്നെ വിചാരിക്കുന്നു.

പിന്നെ, 'അത്ര ഹി' എന്നു ചൊല്ലൂ. ഇവടം എങ്ങനെ ഉള്ളൂ– അത്ര[3] ഹി, ഏതേ സ്വർഗ്ഗവിഭൂഷണം വിടപിനോ', എന്ന ശ്ലോകം ചൊല്ലി അന്വയിച്ചു് ആടൂ. 'ഏതേ വിടപിന: മയാ ഉന്മൂലിതാ:' –ഈ വൃക്ഷങ്ങൾ ഞാൻ പറിച്ചുകൊണ്ടുവന്നു വർദ്ധിച്ചിരിപ്പോന്നവയാണു്. ഈ വൃക്ഷങ്ങൾ എങ്ങനെയുള്ളൂ. വിലക്കി,—

---

1. ചിന്തിക്കുന്നു
2. 'അതുയോഗ്യം— — — — —യോഗ്യം തന്നെ'
   എന്ന ഭാഗം ഇല്ല
3. രാവണ:— — — — — —അത്രഹി.

   ഏതേ സ്വർഗ്ഗവിഭൂഷണം വിടപിനോ മന്ദാകിനീരോധസോ
   ധീരം പശ്യതി ദേവഭർത്തരി മഹീം നേതും മയോന്മൂലിതാ:
   ഏഷാ ചുംബതി രാജഹംസമിഥുനം ഹേമാംബുജാന്യേകതോ
   ദ്രഷ്ടാ പല്ലവമേകത: സകലികം മാദ്യന്തി പുംസ്കോകിലാഃ
   (5...ാം അങ്കം 24—ാം ശ്ലോകം)

'സ്വർഗ്ഗവിഭൂഷണം' എന്നു ചൊല്ലു. സ്വർഗ്ഗത്തിങ്കൽ അലങ്കാരങ്ങളാണ്. ഈ വൃക്ഷങ്ങളോട്ടു കൂടാഞ്ഞാൽ സ്വർഗ്ഗത്തിന്നു ശോഭ ഇല്ല. ഈ വൃക്ഷങ്ങളോട്ടുകൂടിയിരിക്കുന്ന സമയത്തിങ്കലേ ശോഭയുള്ളൂ. പിന്നെ വിലക്കി, ഒരിക്കൽക്കൂടെ ചൊല്ലു. 'സ്വർഗ്ഗ വിഭൂഷണം' —സ്വർഗ്ഗത്തിങ്കലും ഭൂമിങ്കലും അലങ്കാരങ്ങളാണ്. പിന്നെയും വിലക്കി, 'സ്വർഗ്ഗവിഭൂഷണം'-സ്വർഗ്ഗത്തിങ്കലെ പക്ഷി കളെക്കൊണ്ട് അലങ്കാരത്തോട്ടുകൂടിയവയാണ്. ഈവണ്ണമിരിക്കുന്ന ഈ വൃക്ഷങ്ങൾ ഞാൻ പറിച്ച് ഇവിടെ കൊണ്ടുവന്നു വർദ്ധി പ്പിച്ചിരിക്കുന്നവയാണ്. ഞാൻ ഈ വൃക്ഷങ്ങളെ എവിടന്നാണ് പറിച്ചു കൊണ്ടുപോന്നത് ?, വിലക്കി, മന്ദാകിനീരോധസഃ- ആകാശഗംഗേടെ തീരത്തിങ്കൽനിന്നാണ് പറിച്ചു കൊണ്ടു പോന്നത്. എന്നാൽ ഞാൻ പറിച്ചു കൊണ്ടുപോരുന്ന സമയത്തി ങ്കൽ ആരും കണ്ടിട്ടില്ല എന്നോ ? അതല്ല. വിലക്കി, 'ദേവഭർത്തരി ധീരം പശ്യതി'-ഇന്ദ്രൻ നോക്കിയിരിക്കുന്ന സമയത്തിങ്കലാണ്. എന്നാൽ ഇന്ദ്രൻ തന്നെ കണ്ടിട്ടുള്ളൂ, മററാരും കണ്ടില്ല എന്നോ ? അതല്ല. വിലക്കി, 'ദേവഭർത്തരി' എന്നു ചൊല്ലു. ദേവകൾ എല്ലാ വരും ഇന്ദ്രനെ വന്ദിപ്പൂതും ചെയ്തു നില്ക്കുന്ന സമയത്തിങ്കൽ, ഇന്ദ്രൻ സിംഹാസനാരൂഢനായിട്ടു നോക്കിയിരിക്കുന്ന സമയത്തിങ്കൽ ആണ് കൊണ്ടുപോന്നത്. എന്നാൽ ഇന്ദ്രൻ, ഞാൻ വൃക്ഷങ്ങളെ പറിച്ചു കൊണ്ടുപോരുന്നതു കണ്ട സമയത്തിങ്കൽ ഏതാനും ചെയ്തുവോ ? അതില്ല. ദേവഭർത്തരി ധീരം പശ്യതി-ഇന്ദ്രന് *യമച്ച മിഴിയില്ല. ഞാൻ വൃക്ഷങ്ങളെ കൊണ്ടുപോകുന്നതു കണ്ടു സഹിച്ചു നോക്കികൊണ്ടുതന്നെ ഇരുന്നു. പിന്നെ ദേവഭർത്തരി എന്നു ചൊല്ലുമ്പോൾ, 'കണ്ണടച്ചു, എങ്കിലോ അതു' ഇല്ല എന്നു കാട്ടണം. പിന്നെ 'ധീരം പശ്യതി' എന്നു ചൊല്ലുമ്പോൾ, 'കൂടെ മിഴിച്ചു ഇരുന്നതേ ഉള്ളൂ,' എന്നു കാട്ടണം. പിന്നെ ദേവഭർത്തരി എന്നു ചൊല്ലുമ്പോൾ 'പിൻതിരിഞ്ഞു് ഇരുന്നെങ്കിലോ' എന്നു കാട്ടണം.

---

*ഇമച്ച

പിന്നെ ധീരം പശ്യതി എന്നു ചൊല്ലുമ്പോൾ, 'പുറത്തു കണ്ണുകൾ,' എന്നു കാട്ടണം. 'പുറം' എന്നു കാട്ടരുതു്. ഈവണ്ണം ഇന്ദ്രൻ നോക്കിയിരിക്കുന്ന സമയത്തിങ്കലാണു് ഞാൻ ഈ വൃക്ഷങ്ങളെ കൊണ്ടുപോന്നതു്.

ഈ വൃക്ഷങ്ങളെ പറിച്ചുകൊണ്ടുപോന്നതു് എന്തിനാണു്, 'മഹിം നേതും' എന്നു ചൊല്ലു. ഭൂമിങ്കൽ കല്പകവൃക്ഷങ്ങൾ ഇല്ല: അതുഹേതുവായിട്ടു് ഭൂമിങ്കൽ കൊണ്ടുവരാനായിക്കൊണ്ടാണു്. ഈവണ്ണം ഞാൻ സ്വർഗ്ഗത്തിങ്കൽ ചെന്നു പറിച്ചു് ഇവിടെ കൊണ്ടുപോന്നു വർദ്ധിപ്പിച്ചിരിക്കുന്നവയാണു്. അതു് എങ്ങനെ?—

ഞാൻ രാക്ഷസസൈന്യങ്ങളോട്ടുംകൂടെ സ്വർഗ്ഗത്തിങ്കൽ ചെന്നു് ഇന്ദ്രാദിദേവകളും തമ്മിൽ യുദ്ധം ചെയ്ത സമയത്തിങ്കൽ കണ്ടു ദേവകൾ ഭയപ്പെട്ടു് ഓടിപ്പോകുന്നതു്. അന്തർഭാഗത്തിങ്കൽ കടന്നു നോക്കിയ സമയത്തിങ്കൽ കണ്ടു കല്പകവൃക്ഷങ്ങൾ ആകാശഗംഗേടെ തീരത്തിങ്കൽ ശോഭിച്ചു നില്ക്കുന്നതു്. അല്ലേ അല്ലേ രാക്ഷസർ, ഈ വൃക്ഷങ്ങളെ പറിക്കിൻ'. ആ സമയത്തിങ്കൽ രാക്ഷസർ വലിയ വൃക്ഷങ്ങളെ പറിക്കുന്നതു കണ്ടു്. 'വിഡ്ഢികൾ പോവിൻ പോവിൻ' എന്നു കാട്ടി, നൂപുരപാദത്തിൽ ഇരുന്നു് ചെറുതായിട്ടുള്ള വൃക്ഷങ്ങളെ വേരു പൊട്ടാതെ സൂക്ഷിച്ചു പറിച്ചു രാക്ഷസരുടെ കയ്യിൽ കൊടുത്തു്. എണീററു വാൾ കയ്യിൽപ്പിടിച്ചു വട്ടത്തിൽ നടന്നു രാജധാനിങ്കൽ വന്നു നൂപുരപാദത്തിൽ ഇരുന്നു കുഴിച്ചു വൃക്ഷങ്ങളെ വച്ചു തടം ഉണ്ടാക്കി നനച്ചു വർദ്ധിപ്പിച്ചു എന്നു കാട്ടി, എണീററു ഈവണ്ണം വർദ്ധിപ്പിച്ചിരിക്കുന്നവയാണു് എന്നു കാട്ടി, പിന്നെ പുറനീരിന്റെ സ്ഥായിയിൽ നാലുപുറവും നോക്കി രാജഹംസമിഥുനം പൊൻതാമരപ്പൂക്കളിലെ മധുനെ കൊത്തി പാനംചെയ്യുന്ന പ്രകാരവും, പുംസ്കോകിലങ്ങൾ തളിർ കൊത്തി ഭക്ഷിക്കുന്ന പ്രകാരവും, ദൃഷ്ടികൊണ്ടു നടിച്ചു വിലക്കി പുറനീരിൽ ഉത്തരാർദ്ധം ചൊല്ലി അന്വയം ചൊല്ലു:—

'ഏഷു ഏകത: രാജഹംസമിഥുനം ഹേമാംബുജാനി ആച്യം ബതി' —ഈ വൃക്ഷങ്ങളുടെ ഒരു പ്രദേശത്തിങ്കൽ അരയന്നങ്ങൾ പൊൻതാമരപ്പൂക്കളിലെ മധുവിനെ കൊത്തി പാനം ചെയ്യുന്നുണ്ട്. അതു് എങ്ങനെ, എന്നു കാട്ടി, അരയന്നത്തിന്റെ സ്ഥായിയിൽ നിന്നു[1] പക്ഷിസ്തോഭം കാട്ടി പറന്നു വൃക്ഷങ്ങളുടെ കൊമ്പത്തു് ഇരുന്നു് പൊൻതാമരപ്പൂവിങ്കലെ മധു കൊത്തി പാനം ചെയ്തു മദത്തോട്ടകളുടെ ഭാര്യക്കു് മധുവിനെ കൊടുക്കുന്ന പ്രകാരവും, പിന്നെ ഭാര്യയായിട്ടു് നായികാഭാവത്തിൽ നിന്നു മേടിച്ചു പാനം ചെയ്യുന്ന പ്രകാരവും കാട്ടിക്കൊള്ളൂ.

ഈവണ്ണം അരയന്നങ്ങൾ പൊൻതാമരപ്പൂക്കളിലെ മധുവിനെ കൊത്തി പാനം ചെയ്യുന്നുണ്ടു്. പിന്നെ വിലക്കി,–ഏഷു ഏകത: പുംസ്കോകിലാഃ സകലികം പല്ലവം ദൃഷ്ട്വാ മാദ്യന്തി' എന്നു അന്വയം ചൊല്ലൂ, ഈ വൃക്ഷങ്ങളുടെ ഒരു പ്രദേശത്തിങ്കൽ പുംസ്കോകിലങ്ങൾ സകലികങ്ങളായിരിക്കുന്ന തളിരുകളെ കൊത്തി ഭക്ഷിക്കുന്നുണ്ടു്. അതു എങ്ങനെ എന്നു കാട്ടി, പക്ഷിസ്തോഭം കാട്ടി, പറന്നു കുയിലുകളായിട്ടു വൃക്ഷങ്ങളുടെ കൊമ്പുകളിൽ കയറിയിരുന്നു തളിരു കൊത്തി ഭക്ഷിക്കുന്ന പ്രകാരം കാട്ടൂ. പിന്നെ മദത്തോട്ടകളുടെ ഭാര്യക്കു തളിരു കൊത്തിക്കൊടുക്കുന്ന പ്രകാരം കാട്ടുണ്ട. ഇങ്ങനെ ഇതിന്റെ ഭേദം. ഈവണ്ണം കുയിലുകൾ തളിരു കൊത്തി ഭക്ഷിച്ചു മദത്തോട്ടകളുടെ വശായിരിക്കുന്നു എന്നു കാട്ടി അണിയറയിൽ പോരു.

പിന്നെ അരങ്ങത്തുചെന്നു സീതേടെ പഞ്ചാംഗമാടി കാമശരം

1. 'നിന്നു' എന്നില്ല.

കൊണ്ടു മൂറുകി, വിലക്കി 'ജനതാമശോകസഹകാര'[1] എന്ന ശ്ലോകം പൗരാളിയിൽ ചൊല്ലി ആടിക്കഴിഞ്ഞാൽ പിന്നെ 'വർഷവര, നനു സീതാ ശിംശപാശ്രിതാ'[2] എന്നു മുഡ്ഢനിൽ ചൊല്ലി അതിൻെറ അത്ഥം ആടി പിന്നെയും ചൊല്ലി, പിന്നെ വർഷവരൻെറ 'ദേവ അഥ കിം'[3] എന്ന ഗ്രന്ഥം കേട്ടാടി, പിന്നെ വിചാരിച്ച്, 'കഷ്ടം!' എന്നു കാട്ടി, വിലക്കി, –'സീതാ മയി'[4] എന്നു ചൊല്ലി, 'നയതി നയനേ' എന്ന ശ്ലോകം ചൊല്ലി അന്വയിച്ച് ആട്ട.

'സീതാമയി നയനേ നയതി സാവജ്ഞം മാം നയനേ നയതി'– ഞാൻ സീതേടെ നേരെ നോക്കുന്ന സമയത്തിങ്കൽ സീത എന്നെ നിന്ദയോട്ടുകൂടെ നോക്കുന്നു. അതു് എങ്ങനെ എന്നു കാട്ടി, നിന്ദയോട്ടുകൂടെ നോക്കുന്നപ്രകാരം കാട്ട. ഈവണ്ണം നിന്ദയോട്ടുകൂടെനോക്കുന്നു. പിന്നെ വിലക്കി, 'മയി വചഃ ജല്പതി സീതാ അഹസനാ ശ്രുതിം കരാവൃതം കരോതി'–ഞാൻ സീതയോട്ട് ഓരോരോ വാക്കുകളെ പറയുന്ന സമയത്തിങ്കൽ, സീത സഹിച്ചു കൂടാഞ്ഞിട്ട്, കൈകളെക്കൊണ്ടു ചെവി പൊത്തുന്നു. എൻെറ വാക്കു്

---

1. രാവണഃ— (കാമാവേശം നിരൂപ്യ)

ജനതാമശോകസഹകാരമഞ്ജരീ—
ശരമാത്രയാ സരഭസം ഭിനത്തി യഃ
അധുനാ സ കിം പുനരയുഗ്മസായകഃ
സുരലോകവൃക്ഷസുമനഃശിലീമുഖഃ
(5–ാം അങ്കം ശ്ലോകം 25)

2. വർഷവര! നനു സീതാ ശിംശപാശ്രിതാ ?

3. വർഷവരഃ—ദേവ! അഥ കിം.

4. രാവണഃ—സീതാ മയി—

നയതി നയനേ സാവജ്ഞം മാം കരോതി കരാവൃതാം
ശ്രുതിമസഹനാ ശ്രോത്രാനന്ദം വചോ മയി ജല്പതി
വിലപതി പുരോ രാമം ബദ്ധാഞ്ജലൗ മയി തിഷ്ഠതി
പ്രതിദിനമഹം ജാനേ നാസ്യാഃ പ്രസാദനസാധനം.
(5–ാം അങ്കം 26–ാം ശ്ലോകം)

എങ്ങനെ ഉള്ളു, 'ശ്രോത്രാനന്ദം'-ശ്രവണങ്ങൾക്ക് ആനന്ദത്തെ ഉണ്ടാക്കുന്നവയാണ്. ഈവണ്ണമിരിക്കുന്ന വാക്കുകളെ പറയുന്ന സമയത്തിങ്കൽ ചെവി പൊത്തുന്നു. പിന്നെ വിലക്കി, 'മയിപുര: ബദ്ധാഞ്ജലൗ തിഷ്ഠതി സീതാ രാമം വിലപതി' —ഞാൻ സീതേടെ പുരോഭാഗത്തിങ്കൽ ഇരിപതു കൈകളെക്കൊണ്ടും വന്ദിപ്പതുംചെയ്ത് അല്ലേ സീതേ കൃപ ഉണ്ടാവണേ എന്നീവണ്ണം പറഞ്ഞു നില്ക്കുന്ന സമയത്തിങ്കൽ, സീത രാമനെ വിലപിക്കുന്നു. 'അഹം പ്രതിദിനം അസ്യാഃ പ്രസാദനസാധനം ന ജാനേ'— ഞാൻ ദിവസംപ്രതി ഇവളുടെ പ്രസാദനസാധനത്തെ അറിയുന്നു എന്നോ, അതല്ല. 'ന ജാനേ'—അറിയുന്നില്ല.

പിന്നെ വിലക്കി, ഉത്തരാർദ്ധം ചൊല്ലൂ. പിന്നെ സീത എവിടെ എന്നു കാട്ടി, രണ്ടു ഭാഗത്തും നോക്കി, പുരോഭാഗത്തിങ്കൽ ശോഭിച്ചു കണ്ടു, എന്നു കാട്ടി, സീതേ അനുരാഗം ഭാവിച്ച സീതേടെ കേശാദിപാദം സ്തനത്തിങ്കലോളം ആടി പിന്നെ വിളക്കിൻെറ വലത്തുപുറത്തായിട്ടു ഒരു നിലവിളക്കു കൊളുത്തി വച്ച് ഒരു കോടിവസ്ത്രം വിരിച്ച് അതിൽ കാഴ്ച വെപ്പൂ. കാഴ്ച വെയ്ക്കുമ്പോൾ ചോട്ടു ചവിട്ടീട്ടു വേണം.

ധക്കുക്കുക്കും ധക്കുക്കുക്കും ഥ്റോം ഥേ്റം
ധക്കുക്കുക്കും ധക്കുക്കുക്കും ഥ്റോം ഥേ്റം
ധക്കുക്കുക്കും ധക്കുക്കുക്കും ഥ്റോം ഥേ്റം

ഇങ്ങനെ ചോട്ടു ചവിട്ടി കാഴ്ച വച്ചുകഴിഞ്ഞാൽ എണീററു നിന്നു കേശാദിപാദം സ്തനത്തിങ്കന്നു കീഴ്പട്ടു മുഴവൻ ആടി കാമശരം കൊണ്ടു മുറുകി 'നന്നു ദേവി' എന്നു ചൊല്ലി നെലത്തിരുന്നു മോഹിപ്പൂ.

പിന്നെ ഉണന്നു സഞ്ചി കെട്ടഴിച്ചു വെററില നൂറു തേച്ചു കൊട്ടത്തു് അടയ്ക്കാക്കത്തി എട്ടത്തു് അടയ്ക്ക വെട്ടിക്കൊട്ടത്തു വെററില പിന്നെയും നൂറു തേച്ചു കൊട്ടത്തുകഴിഞ്ഞാൽ വിലക്കി,

'നനു ദേവി![1] സ്നാത്വാ ഗംഗാപയസി 'എന്ന ശ്ലോകം ചൊല്ലി ആടികഴിഞ്ഞാൽ സീതേടെ ഗ്രന്ഥം കേട്ടാട്ടെ. 'അഘം[2] ദേ (സംഗമംഗം ? സഗ്ഗമഗ്ഗം)' എന്താണു സീത പറഞ്ഞതു്? പിന്നെ സീതേടെ ഭാവത്തിൽ[3] 'നിന്റെ സ്വർഗ്ഗമാർഗ്ഗം പാപത്തോടുകൂടിയതാണു്. അതുഹേതുവായിട്ടു് അതിനെ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ഭർത്താവിനോടുകൂടെ നരകത്തെത്തന്നെ പ്രാപിക്കാനായികൊണ്ടു ആഗ്രഹിക്കുന്നു' എന്നിവണ്ണമോ പറഞ്ഞതു്? എന്നു രാവണന്റെ ഭാവത്തിൽ. പിന്നെ, 'ദേവി[4] തവ കാരണാത് സർവമന്തഃപുരം ത്യജാമി' എന്നു ചൊല്ലി അൎത്ഥമാടി പിന്നെയും ചൊല്ലിക്കഴിഞ്ഞാൽ സീതേടെ ഗ്രന്ഥം കേട്ടാട്ടെ.

എന്താണു് സീത പറഞ്ഞതു്? സീതേടെ ഭാവത്തിൽ,— 'നിസ്സു്[5] അന്തഃപുരത്തെത്തന്നെ ഉപേക്ഷിക്കും എന്നോ? അതല്ല.

---

1. രാവണഃ—(ഉപേത്യ) നനു ദേവി!

... ...

ദേവി,

സ്നാത്വാഗങ്ഗാപയസി വിഹിതോപായനാ കല്പകവൃക്ഷൈഃ
കൈലാസേ വാ ശിഖരിണി വനേ നന്ദനേ വാ മനോജ്ഞേ
ദൃഷ്പ്രാപാം വഃ സുതനു തപസാ നിവ്വിശ സ്വർഗ്ഗലക്ഷ്മീം
പാതിവ്രത്യം പരിഘ ഇവ തേ സ്വർഗ്ഗമാർഗ്ഗം രുണദ്ധി.

(5-ാം അങ്കം 27-ാം ശ്ലോകം)

2. ഈ ഭാഗം ഇല്ല.

3. സീതാ—അഘം ദേ സഗ്ഗമഗ്ഗം അജ്ജഉത്തം അണുവ്വദാ ണരഅംഎവ്വ പവിസദു കാമാമ്ഹി (അഘം തേ സ്വർഗ്ഗമാർഗ്ഗം ആര്യ്യപുത്രമനുവ്രതാ നരകമേവ പ്രവേഷ്ടും കാമാസ്മി)

(5-ാം അങ്കം 27-ാം ശ്ലോകം കഴിഞ്ഞു്)

4. രാവണഃ—

ദേവി, തവ കാരണാത് സവ്വമന്തഃപുരം ത്യജാമി.
(5-ാം അങ്കം 27-ാം ശ്ലോകം കഴിഞ്ഞു്)

5. സീതാ—ണഹി നഹി കേവലമന്തഃപുരമേവ. മമ കൃതേ ത്വയാ ജീവിതമപി പരിത്യക്തവ്യം ഭവിഷ്യതി

ഞാൻ കാരണമായിട്ട് പ്രാണങ്ങളേയും ഉപേക്ഷിക്കും.' എന്നീ വണ്ണമോ പറഞ്ഞതു്? എന്നു. രാവണന്റെ ഭാവത്തിൽ പിന്നെ വിലക്കി,—'ദേവി[1] സത്യം കാമോ മേ ജീവിതം ഹരതി', എന്നു ചൊല്ലി അത്ഥമാടി പിന്നെയും ചൊല്ലി സീതേടെ ഗ്രന്ഥം കേട്ടാട്ടെ.

എന്താണ് സീത പറഞ്ഞതു്? സീതേടെ ഭാവത്തിൽ നിന്റെ പ്രാണങ്ങളെ അപഹരിക്കുന്നതു് കാമദേവനല്ല. കാമദേവനെക്കാൾ ഏററവും സുന്ദരനായിരിക്കുന്ന എന്റെ ഭത്താവാണ്. എന്നീവണ്ണമോ പറഞ്ഞതു്?—എന്നു് രാവണന്റെ ഭാവത്തിൽ.

പിന്നെ തക്കന്റെ സ്ഥായിയിൽ ഹ ഹ ഹ[3] വെട്ടിച്ചിരിച്ച് വിലക്കി, 'യുധി വനചരവൃത്തേരായുധം' എന്ന ശ്ലോകം വീരതക്കനിൽ ചൊല്ലി ആടി പിന്നെയും ചൊല്ലിയാൽ, പിന്നെ നൂപുരപാദത്തിൽ[4] ഇതുന്നു് മുഡ്ഢന്റെ സ്ഥായിയായിട്ട വിലക്കി,-'ദേവി, അയമഞ്ജലിഃ'[5] 'ഗന്ധർവദൈത്യ' എന്ന ശ്ലോകവും തൊഴുതും

---

1. രാവണ:—സത്യം മേ ജീവിതം ഹരതി കാമ:
(5-ാം അങ്കം 27-ാം ശ്ലോകം കഴിഞ്ഞു്)
2. സീതാ.—നഹി നഹി, കാമാദപി സുരൂപ ആയ്യപുത്ര:
3. രാവണ:—(പ്രഹസ്യ) ഹ ഹ ഹ
യുധി വനചരവൃത്തേരായുധം ക്ഷത്രബന്ധോ-
സ്തൃണമയമവിഷഹ്യം രാവണേനേതി യുക്തം
കിസലയസുകുമാരം വക്ഷസാ യേന സോഢം
ക്ഷിതിധരപതിപക്ഷച്ഛേദി വജ്റം മഘോന:
(5-ാം അങ്കം 28-ാം ശ്ലോകം)
4. 'നൂപുരപാദത്തിൽ ഇതന്നു' എന്നില്ല
5. രാവണഃ—ദേവി, അയമഞ്ജലിഃ
ഗന്ധർവദൈത്യഗഗനേചരയക്ഷനാഗ—
കന്യാസനാഥമവരോധനമസ്മദീയം
സർവസ്വമേവ തവ സുന്ദരി ദാസകൃത്യ—
മാലംബതേ യദി തവാസ്തി മയി പ്രസാദ.
(5-ാം അങ്കം 29-ാം ശ്ലോകം)

കൊണ്ടു ചൊല്ലിക്കഴിഞ്ഞാൽ, പിന്നെ വിലക്കി—'ദേവി,[1] അയമന്ന നയസർവ്വസ്വമഞ്ജലി:' എന്നു ചൊല്ലി നമസ്കരിച്ചു കഴിഞ്ഞാൽ നോക്കിക്കണ്ടു സീത[2] പാദങ്ങളെ വലിക്കുന്നതു്.

പിന്നെ വിലക്കി, ദേവി തവ[3] പാദൗ മേ ശരണം' എന്നു ചൊല്ലി ദീർഘനമസ്കാരം ചെയ്വൂ.

പിന്നെ ഒരംകൊണ്ടു വി(ലി?ലക്കി) നങ്ങ്യാരമ്മ സീതേടെ ഗ്രന്ഥം 'അയ്യ(?അജ്ജ) ഉത്ത[4]പാദാണി സരണം ഗച്ഛ' എന്നു ചൊല്ലിയാൽ, 'കിം കിം' എന്നു ചൊല്ലുളും ചെയ്തു പരിഭ്രമിച്ചു് എണീററു് കോപിച്ചു തൊടയിന്മേലടിച്ചു പ്രാവേശികം കാട്ടി കോപിച്ചു സീതേടെ നേരെ വലത്തോട്ടുനോക്കി വിലക്കി 'കിം കിം' എന്നു ചൊല്ലി; പിന്നെയും ചൊല്ലി, 'വർണ്ണേഭ്യോ'[5] എന്ന ശ്ലോകം തക്കൻ മൂർഛരിച്ച രാഗത്തിൽ ചൊല്ലി അത്ഥം ആടി പിന്നെയും ചൊല്ലി, പിന്നെ 'ക്വ ചന്ദ്രഹാസ:[6], എന്നു ചൊല്ലി അത്ഥം ആടി പിന്നെയും ചൊല്ലി

---

1. രാവണ:—ദേവി, അയമന്നനയസർവസ്വമഞ്ജലിഃ (പ്രണമതി)
2. സീതാ—ഹാ ധിക് (പാദേ ദൂരമാക്ഷിപതി)
   (5-ാം അങ്കം 30-ാം ശ്ലോകം കഴിഞ്ഞു്)
3. രാവണ:—ദേവി! തവ പാദൗ മേ ശരണം.
4. സീതാ—അജ്ജഉത്തപാദാണി സരണം ഗഛ,
   (ആര്യപുത്രപാദൗ ശരണം ഗഛ)
   (5—ാം അങ്കം 31—ാം ശ്ലോകം കഴിഞ്ഞു്)
5. രാവണഃ—(സരോഷം സഹസോത്ഥായ)
   കിം കിം—
   വർണ്ണേഭ്യോ ഹൃതമുപഭുജ്യ ഷഷ്ഠമംശം
   ഷാഡ്ഗുണ്യം ഭുവി നയതാം ധരാപതീനാം
   സാമാന്യാ തവ ജനനീ സമുദ്രനേമി-
   ശ്ചാരിത്രം തവ കിമിദം പതിവ്രതാനാം.
   (5-ാം അങ്കം 32—ാം ശ്ലോകം)
6. രാവണ:—ക്വ ചന്ദ്രഹാസ:?

വാളു മേടിച്ചു ഉടച്ചു് എളക്കി, 'എന്നാൽ കണ്ടോളു' എന്നു കാട്ടി സീതേ വെട്ടി നിഗ്രഹിപ്പാനായിട്ടു് എടത്തെ പിന്നിലെ മൂലക്കന്നു വലത്തെ മൂലക്കലെക്കായിട്ടു് ഓടിച്ചെല്ലു. ആ സമയത്തിങ്കൽ[1] തദ്‌വിരോധിനിയായിരിക്കുന്ന മണ്ഡോദരിയെ കണ്ടു ലജ്ജാഭാവം നടിച്ചു വിലക്കി '[2]അയേ, ദേവീ മയസുതാ മണ്ഡോദരീ' എന്നു ശ്രീകാമരം രാഗത്തിൽ ചൊല്ലുതും ചെയ്തു പിന്നാക്കം നടന്നു പിന്നെയും എന്നാൽ കണ്ടോളു– എന്നു കാട്ടി സീതേ വെട്ടാനായിട്ടു ഓടി ചെല്ലു. ആ സമയത്തിങ്കൽ തദ്‌വിരോധിനിയായിക്കുന്ന മണ്ഡോദരിയെ കണ്ടു ലജ്ജ ഭാവിച്ചു്, വിലക്കി– 'അയേ ദേവി മയസുതാ മണ്ഡോദരീ' എന്നു ശ്രീകാമരം രാഗത്തിൽ ചൊല്ലുംതും ചെയ്തു പിന്നോക്കം പോന്നു പിന്നെയും ക്രോധഭാവത്തിൽ ഓടിച്ചെന്നു മുമ്പിലത്തെപ്പോലെ കാട്ടിക്കൊള്ളു.

പിന്നെ വിലക്കി, '[3]ഉപപന്നമിദം' എന്നു ചൊല്ലു. പിന്നെ വായിച്ചു[4] നൈപഥ്യം[5] ചൊല്ലിക്കഴിഞ്ഞാൽ അതു കേട്ടാടി, '[6]അദ്യ

---

1. മണ്ഡോദരീ—(തൂർണ്ണ മുപേത്യ തയോർമദ്ധ്യേ തിഷ്ഠതി)
2. രാവണ:—(വിലോക്യ) അയേ ദേവീ മയസുതാ മണ്ഡോദരീ.
   (അധോമുഖസ്തിഷ്ഠതി)
   (5–ാം അങ്കം 32–ാം ശ്ലോകം കഴിഞ്ഞു്)
3. രാവണ:—ഉപപന്നമിദം (5–ാം അങ്കം 34–ാം ശ്ലോകം കഴിഞ്ഞു്)
4. 'വായിച്ചു' എന്നില്ല.
5. (നേപഥ്യേ)—
   ജയതു സ്വാമീ, ജയതു മഹാരാജ:, ജയതു ലങ്കേശ്വര:,
   ജയതു ദേവ:, ജയതു ഭദ്രമുഖഃ, ദശനാഡികാ: പൂർണ്ണാ:;
   അതിക്രാമതി സ്നാനവേലാ. (പ്രണദന്തി ശങ്ഖപടഹാഃ)
   ഇത ഇതോ മഹാരാജഃ
6. രാവണ:—അദ്യ യൂയമന്തരായസ്സംവൃത്താ:, ഭവതു, പ്രഭാതേ ജ്ഞാസ്യാമി
   (നിഷ്ക്രാന്തോ രാവണഃ സപരിവാര:)
   (5–ാം അങ്കം 34–ാം ശ്ലോകം കഴിഞ്ഞു്)

ധൃയമന്വാരായ: സംവൃത്ത: ഭവതു. പ്രഭാതേ ജ്ഞാസ്യാമി'.—എന്നു തക്കൻമൂർച്ചരിച്ച രാഗത്തിൽ ചൊല്ലി അത്ഥമാടി പിന്നെയും ചൊല്ലി വട്ടത്തിൽ ചാടിനടന്നു് അണിയറയിൽ പോന്നു് കൂത്തു കഴിപ്പൂ.

മുടിയക്കിത്തയും കൊട്ടിച്ചുകൊള്ളണം.

ശുഭമസ്തു.

ഗ്രന്ഥാവസാനത്തിൽ കാണുന്ന കുറിപ്പും താഴെ ചേൎത്തുകൊള്ളുന്നു.

ശ്രീഗുരുഭ്യോ നമ:

കരകൃതപരാധം ക്ഷന്തുമർഹന്തി സന്ത:

1027–ാംമാണ്ടു് വൃശ്ചികമാസം 24–നു എഴുതിത്തീന്ന പുസ്തകം. ഹംസയാനാലയാദ് വിംശതിദിനൈർല്ലിഖിതമിദം പുസ്തകം.

നാരായണായ നമ:, ചന്ദ്രചൂഡായ നമ:

കന്ദർപ്പാതുരചേതസം നിജഗുണശ്ലാഘാപരം നിർദ്ദയം
നിന്ദന്തീ നിരപത്രപം ജളമതിം നക്തഞ്ചരാണാം പതിം
ധ്യായന്തീ ജഗതാം പതിം ജനദൃശാമാനന്ദമിന്ദീവര–
ശ്യാമം രാമാമശേഷലോകജനനീ ദേവീ ശിവായാസ്തു വ:

ഇതു് അശോകവനികാങ്കത്തിൽ അരങ്ങു തളിപ്പാനുള്ള ശ്ലോകം

കേരള സർവ്വകലാശാല &
ഓറിയൻറൽ റിസർച്ച് ഇൻസ്റ്റിററ്യൂട്ട്
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
മലയാളഗ്രന്ഥാവലി

ചില പ്രസിദ്ധീകരണങ്ങൾ

കൃഷ്ണാർജ്ജുനയുദ്ധം	തുള്ളൽ
കേശിമഥനം-ആട്ടക്കഥ	സവ്യാഖ്യാനം
മലയാളഗ്രന്ഥസൂചി	അകാരാദിക്രമത്തിൽ
നീതിശതകം	സവ്യാഖ്യാനം
അഗ്നിപ്രവേശം	കിളിപ്പാട്ട്
അനന്തപുരവർണ്ണനം	ഒരു പ്രാചീനമലയാളപദ്യകൃതി
ഭാരതമാല	ശങ്കരകൃതം-രണ്ടാം ഭാഗം
അലങ്കാരസംക്ഷേപം	ഒരു പ്രാചീനസാഹിത്യകൃതി
ഉണ്ണിച്ചിരുതേവീചരിതം	ഒരു പ്രാചീന ചമ്പു
വർണ്ണവിധികൾ	ചായവേലയ്ക്കുള്ള വിധികൾ
നീലികഥ	വില്ലടിപ്പാട്ട്
വാതിൽതുറപ്പാട്ടുകൾ	ചില മാതൃകകൾ
പൊന്നിറത്താൾ കഥ	തെക്കൻപാട്ട്
ചക്രവാകസന്ദേശം	സവ്യാഖ്യാനം
കളരിവിദ്യ	കേരളത്തിലെ കളരിപ്പയററുമുറകൾ
ഉണ്ണിയാടീചരിതം	ഒരു മധ്യമലയാളചമ്പു
ജ്ഞാനമുത്തുമാല	ക്രിസ്തുമത സംബന്ധമായ ഒരു- പഴയ കൃതി
കുചേലവൃത്തം	ഓട്ടൻതുള്ളൽ
ആശൗചകേരളി	കേരളീയബ്രാഹ്മണരുടെ ആശൗച- വിധികളെപ്രതിപാദിക്കുന്ന ഒരു കൃതി
അശോകവനികാങ്കം	ഒരു ആട്ടപ്രകാരം
ശേഷസമുച്ചയം-തന്ത്രം	വ്യാഖ്യാനത്തോട്ടു കൂടിയതു്
അദ്ധ്യാത്മരാമായണം കിളിപ്പാട്ട്	സംശോധിത സംസ്കരണം
രാമചരിതം	വ്യാഖ്യാനത്തോട്ടു കൂടിയതു്
കാളീനാടകം	ദാരുകവധം
ക്രൂതാശപ്പാന	ക്രിസ്തുമതഗ്രന്ഥം

Printed at Kwality Printers, Tutors Lane, Trivandrum-1.
Published by the Professor-in-Charge, Dept of Publication
University of Kerala, Tvm.